# സുന്നി അഫ്കാർ

2011 ഫെബ്രുവരി 02 | 28 സ്വഫർ 1432 | പുസ്തകം 01 ലക്കം 21


18/മഹ്മൂദ് പനങ്ങാങ്ങര
മാപ്പിളസ്വത്വം 1921ന് മുമ്പും ശേഷവും
രണോത്സുകതയിൽ നിന്ന് ഉൾവലിയലിലേക്ക്

22/പിണങ്ങോട് അബൂബക്ർ
വിനാശകാരികൾ വിഘടനവാദികൾ

## ഒരു മുഖ്യധാരാ പത്രത്തിന്റെ തോന്ന്യാസങ്ങൾ

08



ശഫീഖ് പന്നൂർ

## ഇൻഡോ-അറബ് ആദാനപ്രദാനങ്ങൾ



12

പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ

## അസ്സാഞ്ചെ നേതൃത്വം നൽകുന്ന ഹാക്ടിവിസ്റ്റുകൾ

15




ശാഹിദ് തിരുവള്ളൂർ

25/മുഹമ്മദ്സലീം ദാരിമി ചെർള
തെറ്റായ വാദങ്ങൾ

29/ബഷീർ കാട്ടുമുണ്ട
വേദിക്കു പിറകിലെ മത്സരക്കാഴ്ച

30/ജലീൽ ഫൈസി പുല്ലങ്കോട്
മുഖസ്തുതി മുതുകൊടിക്കുന്നു

വായനക്കാരുടെ എഴുത്തുകൾ
എഡിറ്റോറിയൽ
വാർത്തകൾ
വിചാരപഥം



വില 5 രൂപ
സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com



മാനേജിങ് ഡയറക്ടർ : പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി

## വായനക്കാരുടെ എഴുത്തുകൾ

കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com



# പറയേണ്ടതു തന്നെ ഈ മാധ്യമപ്പേക്കൂത്തുകൾ

**നസീബലി പഴയന്നൂർ**
തൃശ്ശൂർ

**ചു**റ്റുപാടും നടക്കുന്ന സംഭവവികാസങ്ങളെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് യഥാർത്ഥ പത്രം. ജനായത്ത ഭരണത്തിന്റെ നാലു നെടുംതൂണുകളിൽ ഒന്നാണ് ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മാധ്യമങ്ങൾ. സമൂഹത്തിന്റെ കണ്ണും കാതുമായ മീഡിയയിലൂടെ സത്യത്തിന്റെ മുഖവും ശബ്ദവും ആത്മാവുമാണ് പൊതുജനം കാണാനാഗ്രഹിക്കുന്നത്. ലോകത്തിലെ അപചൃുതികളും മൂല്യച്യുതികളും പതുങ്ങിയിരിക്കുന്ന ചതിക്കുഴികളും സമൂഹമധ്യേ അവതരിപ്പിക്കുന്ന മാധ്യമങ്ങളുടെ റോൾ ക്രൂസേഡ് ആണെന്ന് വെറുതെയല്ല ജോസഫ് പുലിസ്റ്റർ പറഞ്ഞുവച്ചത്.

ഡൽഹിയിൽ ജസീക്കലിനെ കൊന്നത് ഒരു മന്ത്രിപുത്രനായിട്ടു പോലും സംഭവത്തിന്റെ ഗൗരവം എടുത്തുകാട്ടി പ്രതിക്ക് ശിക്ഷ വാങ്ങികൊടുത്തത് മാധ്യമങ്ങൾ നടത്തിയ ശക്തമായ ഇടപെടലായിരുന്നു. സ്ത്രീയുടെ ജനനേന്ദ്രിയത്തിന്റെ ക്ലോസപ്പ് ചിരികൾ കട്ടെടുക്കാനുള്ളതല്ല, മറിച്ച് നെറി നഷ്ടപ്പെട്ട ഭരണകൂടത്തെയും അഴിമതിക്കാരായ പട്ടാള നേതൃത്വത്തെയും ജനമദ്ധ്യത്തിലിട്ട് തൊലിയുരിക്കാനുള്ളതാണെന്ന് തെഹൽക്ക തെളിയിച്ചു. മുസ്‌ലിം ന്യൂനപക്ഷങ്ങളെ കൊന്നൊടുക്കി ലക്ഷങ്ങളുടെ ക്വട്ടേഷൻ ഏറ്റെടുക്കുകയും മുൻകൂറായി പതിനായിരം രൂപ കൈപ്പറ്റുകയും ചെയ്ത ശ്രീരാമസേനാ നേതാവ് പ്രമോദ് മുത്തലിക്കെന്ന നരഭോജിയെ തെഹൽക്ക പുറത്തു വിട്ട ടേപ്പിലൂടെ നാം നീറ്റലോടെ കണ്ടവരാണ്.

രാഷ്ട്രീയ-മാഫിയ കൂട്ടുകെട്ടുകളുടെ മാസ്സപ്പടിപറ്റുന്ന അഴിമതി സംസ്കാരമാണ് ഫോർത്ത് എസ്റ്റേറ്റിനെ ബാധിച്ചുകൊണ്ടിരിക്കുന്നത്.

യാഥാർത്ഥ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയെന്ന് ഡയലോഗിറക്കുകയല്ലാതെ യാഥാർത്ഥ്യവുമായി പല വാർത്തകൾക്കും പൊക്കിൾക്കൊടി ബന്ധം പോലുമില്ലാതായി. ഛത്തീസ്ഗഢിലെ ചില പത്രപ്രവർത്തകർ പ്രതിമാസം അയ്യായിരം രൂപ ശമ്പളം പറ്റിയിരുന്നത് സൽവജൂദ് എന്ന നക്സലിവിരുദ്ധ കൂലിപ്പടയുടെ അരുതായ്മകൾക്കെതിരെ കണ്ണടക്കുന്നതിനുള്ള മിണ്ടാകൂലിയായിട്ടായിരുന്നുവത്രെ.

മാധ്യമങ്ങൾ ജനങ്ങളുടെ ബോധതലങ്ങളിൽ ആഴ്ന്നിറങ്ങി സമൂഹമനസ്സിലെ ഊർജ്ജസ്വലമാക്കുന്നതിനു പകരം വിപണികൾ മാധ്യമങ്ങളുടെ യജമാനന്മാരായിത്തീർന്നതോടെ ഫിക്ഷനും ഫാക്ടും ചേർന്ന ഒരു തരം ഫാഷൻ മാധ്യമങ്ങൾക്കു കൈവന്നു. മാനവും മനുഷ്യത്വവും മാതൃത്വവും തുടങ്ങി എന്തും ലേലം വിളിച്ചു വിൽക്കുന്ന വൻകിട ചന്തയായി നമ്മുടെ മാധ്യമങ്ങൾ. സെക്സും ക്രൈമും കച്ചവടപ്പൊടിപ്പൂരമാക്കി പത്രപ്രവർത്തനം ഇക്കിളി സംസ്കാരത്തിലേക്ക് കൂറുമാറ്റിയതോടെ ജീർണതകളുടെ പുഴുക്കുത്തേറ്റു പൂതലിച്ച ഒരു സമൂഹം ഉറവു കൊണ്ടു. മുമ്പ് പാമേഥസിംഗിന്റെ കിടപ്പറരഹസ്യങ്ങളും ഐശ്വര്യറായ് സഹ നടനുമായി വഴക്കിടുന്നതും സുനന്ദാപുഷ്കറിന്റെ പുതിയ കൂട്ടുകെട്ടുമൊക്കെ വർണിഭയോടെ ഒന്നാം പേജിലെ ചൂടപ്പമായി മാറിയത് വരുമാനത്തിന്റെ ഗ്രാഫ് ഉയർത്തുക എന്ന ചന്തന്യായത്തിന്റെ ഭാഗമായായിരുന്നു. തിരുവായിക്കെതിർവായി ഇല്ലാത്തവിധം വായനക്കാരനും പ്രേക്ഷകരും പ്രേക്ഷകനും തനിപാവകളായി.

പ്രശസ്തമായ 'ദ ഗാർഡിയൻ' പത്ര ധർമ്മത്തെ ഓർമിപ്പിച്ചു കൊണ്ടുള്ള ഒരു എഡിറ്റോറിയലിന്റെ പ്രശസ്തഭാഗം ഇങ്ങനെയാണ്. വാർത്ത വാർത്തയായി വായനക്കാരിലെത്തിക്കുന്നതിനു പകരം വിവാദങ്ങളും വികാരത്തള്ളിച്ചകളും ഉണ്ടാക്കാനുള്ള കുറുക്കുവഴികൾ ഉപയോഗിക്കുന്നു എന്നതാണ് സമീപകാലത്ത് മാധ്യമങ്ങൾക്കെതിരെ ഉയർന്നിട്ടുള്ള പൊതുവിമർശനം. വ്യാജ വാർത്ത സൃഷ്ടി മോഷണം പോലെ കുറ്റകരമാണെന്നും സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം അക്രമവും



അശ്ലീലവുമാണ്. പത്രധർമ്മം എന്ന് കരുതപ്പെടുന്ന പ്രമാണങ്ങൾ പരോക്ഷമായിട്ടെങ്കിലും ഇന്നുണ്ടോ?

സത്യവും നീതിയും ചോർത്തിക്കളഞ്ഞ് വ്യാജ വാർത്താ നിർമിതികളുടെ ഒരു കൃത്രിമസംസ്കൃതി ശക്തിപ്പെട്ടു വന്നു. വാർത്തയും സ്വാതന്ത്ര്യവും സംസ്കാരവുമൊക്കെ എന്താണെന്ന് ഇന്നു ചില ആയുധ നിർമാതാക്കളും യുദ്ധ വ്യവസായികളുമാണ് ജനത്തെ പഠിപ്പിക്കുന്നത്. വാഷിംഗ് ടൺ പോസ്റ്റിന്റെയും എ.പി. വാർത്താ ഏജൻസിയുടെയും നടത്തിപ്പുകാർ യു.എസ്. ആയുധ കമ്പനിയായ ലോക്ഹീഡ് മാർട്ടിനും ഡിസ്നിയും എ.ബി.സിയും, ഹാലിബർട്ടിന്റെയും ന്യൂയോർക്ക് ടൈംസ് കാർലൈ ഗ്രൂപ്പിന്റെയും നിയന്ത്രണത്തിലാണ്. ഈ യുദ്ധരാജാക്കൻമാരുടെ ഉടുപ്പിനടിയിൽ ഒളിച്ചുകിടക്കുന്ന ലാഭക്കൊതിക്കൊപ്പം അവരുടെ സംസ്കാരവും സമീപനവും കയറ്റുമതിചെയ്യുക കൂടി ചെയ്തപ്പോൾ ലോകം യുദ്ധമുഖരിതമായി. വിഘടിച്ചു നേടുക എന്ന പഴയ വൈൻ പുതിയ കുപ്പിയിലാക്കി മാധ്യമങ്ങളുടെ നിശ്ശബ്ദ വിപ്ലവങ്ങൾ വിവരസാങ്കേതിക വിപ്ലവങ്ങളുടെ പെരുമഴക്കാലത്ത് വിജയകരമായി അരങ്ങേറി. ഉണ്ണിയേശുവും കന്യാമറിയമും കുരിശുമൊക്കെ അവയിൽ ഇടതടവില്ലാതെ നിറഞ്ഞാടി. അങ്കിൾസാമും രാമരാജുമൊക്കെ സ്വപ്നംകണ്ട ജനസമൂഹത്തെ ബ്രൈൻ വാഷ് ചെയ്തുള്ള കുരിശുയുദ്ധം ഒരു പരിധിവരെ ഫലം കണ്ടു.

പത്തൊമ്പതാം നൂറ്റാണ്ടിനെ നാം പ്രത്യയശാസ്ത്രത്തിന്റെ യുഗമെന്ന് വിളിക്കുന്നുവെങ്കിൽ ഇരുപതാം നൂറ്റാണ്ടിനെ പ്രചരണയുഗം എന്ന് വിളിക്കുന്നതാകും കൂടുതൽ ഉചിതം. ഒരു നുണ നൂറുതവണ ആവർത്തിച്ചാൽ സത്യമാകുമെന്ന നാസി തത്വം ഉപയോഗിച്ച് ലോകത്തെ മുഴുവൻ മാറ്റിമറിക്കുകയും പ്രതിപക്ഷത്തെ ഉന്മൂലനം ചെയ്യുന്നതിനു പകരം സ്വപക്ഷമാക്കി മാറ്റുകയും ചെയ്യാൻ ശാസ്ത്രീയമായും സമർത്ഥമായും മുതലാളിത്ത ശക്തികൾ മീഡിയകളെ ഉപയോഗിച്ചു. മനുഷ്യരെ മനുഷ്യരായി കാണാനാകാത്ത വിധം മലീമസമായ മാധ്യമ മതിൽക്കെട്ടുകൾക്കിടയിൽ അക്രമാസക്തമായ അപരവത്കരണങ്ങളും പാർശ്വവത്കരണങ്ങളും അരങ്ങേറി. തൊണ്ണൂറുകളോടെ ശക്തിപ്പെട്ട ഇസ്ലാമോഫോബിയ ഉത്തരമൊരു മാധ്യമ സൃഷ്ടിയാണ്.

ചരിത്രത്തെയും ചരിത്രബോധത്തെയും ആമൂലാഗ്രം ഇളക്കിമറിച്ച് കപടമായ പൊതുബോധനിർമിതി

നടത്തുന്ന അധിനിവേശ ശക്തികളെ ഇരുകൈ നീട്ടി സ്വീകരിക്കുകയാണ് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ. ഗൾഫ് യുദ്ധകാലത്ത് ഇറാഖിനെയും സദ്ദാമിനെയും പ്രചണ്ഡമായ പ്രചാരണങ്ങളിലൂടെ അമേരിക്ക താറടിക്കുകയായിരുന്നു. എന്നാൽ 1992-ൽ ന്യൂയോർക്ക് ടൈംസിന്റെ ലേഖകൻ മാക് ആതർ ഇതിനെതിരെ തുറന്നടിച്ചിരുന്നു. രാസായുധമുണ്ടെന്ന് പറഞ്ഞ് ഇറാഖി ജനതയെ ചുട്ടെടുത്ത് ശേഷം പഴയ വാർത്തകൾ ശരിയല്ലെന്ന് ബുഷ് കുമ്പസരിക്കുകയായിരുന്നു. 2005-ൽ നൊബേൽ സമ്മാനം നേടിയ ഹരോഡ് പീന്റർ പുരസ്കാരം സ്വീകരിക്കെ അബൂഗുറൈബിലും മറ്റും അമേരിക്കൻ സൈന്യം നടത്തുന്ന നരനായാട്ടുകൾക്കെതിരെ അഗ്നിസമാനമായ വാക്കുകളോടെ രൂക്ഷമായി പ്രതികരിച്ചു. എന്നാൽ, ബ്രിട്ടീഷ് മാധ്യമ സ്ഥാപനമായ ബി.ബി.സി ആ പ്രസംഗം കണ്ടഭാവം പോലും നടിച്ചില്ല.

വേൾഡ് ട്രേഡ് സെന്റർ തകർക്കപ്പെട്ട വേളയിൽ ഫലസ്തീനിലെ സ്ത്രീകൾ ആഹ്ലാദപ്രകടനം നടത്തുന്നതായി സി.എൻ.ആർ. തുടർച്ചയായി ലോകം മുഴുവൻ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ, അത് ഫലസ്തീനിലെ ആഘോഷവേളയിൽ ആഹ്ലാദം പങ്കിടുന്ന പഴയ ചിത്രമായിരുന്നുവെന്ന് തെളിയിക്കുന്നതിന് മുമ്പ് തന്നെ അറബ്-മുസ്‌ലിം സമൂഹത്തിന് നേരെ വിരൽചൂണ്ടാൻ ഇത് സഹായകമായി. 1996-ൽ ഓക്ലഹോമ സിറ്റിയിലെ ഫെഡറൽ ബിൽഡിംഗ് ബോംബിംട്ട് തകർക്കുമെന്ന പ്രഖ്യാപനമുണ്ടായപ്പോൾ മുസ്‌ലിം തീവ്രവാദികളാണ് പിന്നിലെന്ന് മാധ്യമങ്ങൾ ഭൂതക്കണ്ണാടിയിലൂടെ നോക്കിക്കണ്ട് ചുട്ടവാക്കുകളിൽ അച്ച് നിരത്തി. പക്ഷേ, കുറ്റവാളി തിമിത്തി മാക്‌വേ എന്ന അമേരിക്കൻ ക്രിസ്ത്യാനിയായിരുന്നു. 'റഹ്മത്തുല്ലാഹി വബറകാത്തുഹു' എന്ന അടിക്കുറിപ്പോടെ കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധിക്കെതിരെ അരുൺ സൂരി എന്ന ഹിന്ദു യുവാവ് വധഭീഷണി അയച്ചപ്പോഴും മീഡിയകൾ ഇതേ നയം കൈക്കൊണ്ടു. വിവാദമായ ഇശ്റത്ത് ജഹാൻ ജാവേദ് കൊല, ബട്ട്ലഹൗസ് ഏറ്റുമുട്ടൽ എന്നിവയെക്കുറിച്ച് ഘോരഘോരം വായിട്ടവർ ഒന്നും കൂസാതെ നാടുചുറ്റി.

കിംങ്ഫിഷർ വിമാനത്തിലെ സ്ഫോടന ശ്രമത്തിനു പിന്നിൽ ഒരു പട്ടരായതോടെ വാർത്ത അപ്പാടെ ആവിയാവുകയായിരുന്നു. വിദേശത്ത് നിന്നൊഴുകുന്ന പണത്തിന്റെ പിൻബലത്തിൽ നടന്ന ബിഷപ്പുമാരുടെ അനധികൃത ഭൂമി കൈയ്യേറ്റങ്ങളും പണമിടപാടുകളും ഗുരുതരമായ ലൈംഗിക കുറ്റകൃത്യങ്ങളും മാധ്യമങ്ങൾ എത്രമാത്രം ഉയർത്തിക്കാട്ടുന്നുണ്ട്. 2008-ലെ മലേഗാവ് സ്ഫോടനത്തിന്റെയും അജമീർദർഗ സ്ഫോടനത്തിന്റെയും മാസ്റ്റർ ബ്രെയിനുകൾ അഭിനവ് ഭാരത് സംഘടനാ പ്രവർത്തകനായ ശ്രീകാന്ത് പുരോഹിതും ജമ്മുവിലെ ശാരദാസർവ്വജ്ഞപീഠ് മഠാതിപതി ദയാനന്ദപാണ്ഡെയും സന്യാസിനി പ്രജ്ഞാ സിങ് ഠാക്കൂറും ആയതോടെ മാധ്യമങ്ങൾ ഒരുതരം കുരുട്ടുനയം സ്വീകരിക്കുന്നതാണ് നാം കണ്ടത്. വിഭിന്നതത്തിലും തലത്തിലുമുള്ള നിറംപിടിച്ച കഥകൾ നിരന്തരം പടച്ചുവിട്ട് ഈ അപരവത്കരണത്തെ സമ്പൂർണാർത്ഥത്തിൽ ആഘോഷമാക്കുകയും ഒരു മതവിഭാഗത്തെ മാത്രം പ്രതിക്കൂട്ടിലിട്ട് മുട്ടിനിടിക്കുന്ന മാധ്യമ സംസ്കാരം കാണുമ്പോൾ മീഡിയയേ നിന്റെ പര് കാപട്യമെന്നോ എന്നുറക്കെ ചോദിക്കാൻ തോന്നുന്നു. മീഡിയകൾ പുറത്തുവിടുന്നത് കേൾക്കാനായി ചെവി വട്ടം പിടിച്ച് സകൗതുകം കാത്തിരിക്കുന്നവർ പോലും അച്ചടിക്കുന്നതപ്പടി വിഴുങ്ങിയാൽ അമളി പിണയുമെന്നും ദഹനക്കേട് പിടിക്കുമെന്നും മനസ്സിലാക്കിത്തുടങ്ങിക്കഴിഞ്ഞു.

ഇന്ത്യയുടെ പാവനശരീരത്തിൽ നിന്നും തുടച്ചുനീക്കേണ്ട ക്യാൻസറാണ് മുസ്‌ലിം സമൂഹമെന്ന് ടൈംസ് ഓഫ് ഇന്ത്യക്ക് നൽകിയ അഭിമുഖത്തിൽ ബാൽകേശവ് താക്കറെയും നമ്മുടെ വിമാനത്താവളങ്ങളിൽ മുസ്‌ലിംകളെ വേർതിരിച്ച് കർശന പരിശോധന നടത്തണമെന്ന് പടിഞ്ഞാറൻ തീവ്രവാദി കോളമിസ്റ്റ് ഡാനിയൽ പൈപ്പ്സും, മുഖം മറക്കുന്നത് ക്രിമിനലിസം വളർത്തുമെന്നും സാംസ്കാരിക ഭീഷണിയാണെന്ന് വാഷിംഗ്ടൺ പോസ്റ്റിന്റെ മുഖപ്രസംഗവും (2010 മെയ് 1) മീഡിയകൾ സൃഷ്ടിച്ചെടുത്ത വെറുപ്പിന്റെയും ചാപ്പകുത്തലിന്റെയും അനുരണനങ്ങളും അനന്തരഫലങ്ങളുമായിരുന്നു. വിശുദ്ധ ഖുർആൻ നിരോധിക്കണമെന്ന് ഗീർട്ട് വിൽട്ടേയ്സും പ്രവാചകൻ കൊടിയ ഭീകരതയുടെ പുകയുന്ന തലച്ചോറും മസ്തിഷ്കവുമാണെന്ന് ക്ലാരി ബ്ലൂയിറ്റ് ഗണും ലാക്സ് വിൽക്സും ഇസ്‌ലാം വാളിന്റെ മതമാണെന്ന് ബെനടിക് പതിനാറാമനും പള്ളിമിനാരങ്ങൾ തച്ചുതകർക്കണമെന്ന് സിറ്റിസർലാന്റ് സർക്കാരും മനുഷ്യത്വത്തെ മലിനമാക്കുംവിധം വിളിച്ചുകൂവിയത് വിശ്വശാന്തിയുടെയും സമാധാനത്തിന്റെയും നെഞ്ചകം ചവിട്ടിക്കലക്കുന്നതിന് സമാനമാണ്. തൊപ്പി വെച്ചതുകൊണ്ട് കോടതിയുടെ പടിക്കു പുറത്ത് പോകേണ്ടിവന്ന അലിഗഡ് യൂണിവേഴ്സിറ്റി നിയമ വിദ്യാർത്ഥി മൻസൂർ അഹ്മദും മതപണ്ഡിതനായതിനാൽ വിമാനത്തിൽ നിന്നും ഇറക്കിവിട്ട ദയൂബന്ദ് പണ്ഡിതൻ നൂറുൽ ഹുദയും ശിരോവസ്ത്രം ധരിച്ചതിന്റെ പേരിൽ സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട നബാലയുമെല്ലാം താടിയും തലപ്പാവും നിസ്കാരത്തഴമ്പും തീവ്രവാദത്തിന്റെ പുതിയ മാനദണ്ഡങ്ങളായി പരിണമിച്ചതിനാൽ ക്രൂശിക്കപ്പെട്ടവരാണ്. അതി പ്രശസ്തനായ അഭിനയ പ്രതിഭ കമലഹാസൻ പോലും പേരിന്റെയൊടുവിൽ 'ഹസൻ' നിമിത്തം വിദേശയാത്രയിൽ പരിശോധനക്ക് വിധേയനായി. എ. പി.ജെ.അബ്ദുൽ കലാം മുതൽ ഷാറൂഖ് ഖാൻ, ഷബാന ആസ്മി, ഇർഫാൻ ഖാൻ, ഹൈദർ ഹുസൈൻ, മമ്മൂട്ടി തുടങ്ങി നീണ്ടുപോകുന്നു ഈ ഇരകളുടെ പട്ടിക.

പുരോഗമനവും സംസ്കാരവും ജനാധിപത്യവും സ്വാതന്ത്ര്യവുമെല്ലാം പൂത്തുലഞ്ഞ് വസന്തം തീർക്കുന്നു എന്നു പറയുന്ന പുതിയ കാലത്തും മുമ്പൊന്നുമില്ലാത്ത വിധം വിഭാഗീയത വെച്ചുപുലർത്തുമ്പോൾ അസ്തമിക്കുന്നത് സ്നേഹസുന്ദര സുരഭിലമായ ഭൂമിയെക്കുറിച്ചുള്ള പ്രതീക്ഷകളും പ്രത്യാശകളുമാണ്. മനുഷ്യരെ കൊന്നും കൊല്ലിച്ചും ആശയങ്ങൾ തങ്ങളുടെ വളർച്ചയുടെ വളമാക്കുന്ന ശവംതീനികളുടെ ലോകപ്പേക്കൂത്തുകൾക്ക് മുന്നിൽ സൗമ്യതയോടെ നിൽക്കാൻ മുസ്‌ലിംകൾക്കായില്ല.

# പ്രായമായവരുടെയും കുട്ടികളുടെയും ഒരു ഗുണം

**ജീവിതത്തിന്റെ** രണ്ടറ്റങ്ങളിലുമുള്ള അവസ്ഥകളെ പലവിധത്തിലും ഒരുപോലെ കാണാനാവും; തുടക്കത്തിലെ കുട്ടിക്കാലവും അവസാനസമയത്തെ വാർധക്യവും. മാനസികവും ശാരീരികവുമായ സവിശേഷതകൾ ഈ രണ്ടു അനുഭവങ്ങളെയും ഒരേ മാതിരി തോന്നിപ്പിക്കുന്നു.

പെറ്റുവീഴുന്ന കുട്ടിയുടെ മനസ്സിൽ ഈ ലോകത്തെ എന്തു നെറികേടാണുണ്ടാവുക? ഉമ്മ പ്രസവിച്ച ദിവസത്തെ പരിശുദ്ധിയേക്കാൾ വലിയ പരിശുദ്ധി ജീവിത്തതിന്റെ ഏത് നിമിഷങ്ങളിൽ വന്നുകിട്ടാനാണ്? കുഞ്ഞുപുഞ്ചിരികൾ നിറഞ്ഞുനിൽക്കുന്ന പൂമുഖക്കാഴ്ചകൾ ഏതു ഉണങ്ങിയ സമയത്തും വീടിനു അലങ്കാരമാണ്. കുട്ടികളില്ലാത്ത വീടുകൾ ചിലപ്പോൾ ശ്മശാനഭൂമിയെ തോന്നിപ്പിക്കും. ഏതു നേരത്തും കൂടെ കൂട്ടാൻ പറ്റുന്നത് കുട്ടികളെ മാത്രമാണ്. നേരംപോക്കിനു പോലും നമ്മൾ അങ്ങനെ ചെയ്യുന്നു.

ജീവിതത്തിന്റെ എല്ലാ രുചികളിലും ബാക്കിയാക്കി അല്ലാഹുവിനെ മുന്നിൽ കണ്ടു കിടക്കുന്നു വൃദ്ധന്മാർ. എല്ലാറ്റിനോടും കരുണാർദ്രമായ നോട്ടമേ അവർക്കുള്ളൂ. അവരുടെ കൈ തോളിൽ തട്ടുമ്പോഴേക്ക് ഉള്ള് പുളകംകൊള്ളുന്നത് ആ മനോനൈർമല്യം കാരണമാണ്.

രണ്ടു തലക്കുമുള്ള ഈ ജീവിതാനുഭവങ്ങളെ വേണ്ടപോലെ പരിഗണിക്കണമെന്നതാണ് മതത്തിന്റെ കാഴ്ചപ്പാട്. കുട്ടികളും വൃദ്ധൻമാരുംവഴി ഭൂമിയിൽ അല്ലാഹുവിന്റെ കരുണാകടാക്ഷമുണ്ടാകുമെന്ന് തീർച്ചയാണ്. പ്രാർത്ഥനാസദസ്സുകളിൽ ആ രണ്ടു കൈകൾക്ക് വലിയ ആത്മീയബലമാണുള്ളത്. ചെറിയവരോട് ദയവു കാണിക്കാത്തവരും വലിയവരുടെ മഹത്വം മനസ്സിലാക്കാത്തവരും വിശ്വാസികളല്ലെന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

> രണ്ടു തലക്കമുള്ള ഈ ജീവിതാനുഭവങ്ങളെ വേണ്ട പോലെ പരിഗണിക്കണമെന്നതാണ് മതത്തിന്റെ കാഴ്ചപ്പാട്. കുട്ടികളും വൃദ്ധൻമാരുംവഴി ഭൂമിയിൽ അല്ലാഹുവിന്റെ കരുണാകടാക്ഷമുണ്ടാകുമെന്ന് തീർച്ചയാണ്.

അല്ലാഹുവിനെ ബഹുമാനിക്കുന്നതിനു തുല്യമാണ് പ്രായമായവരെ മാനിക്കുന്നത്. "നരയുള്ള മുസ്‌ലിമിനെയും ഖുർആൻ വക്താവിനെയു നീതിമാനായ ഭരണാധികാരിയെയും ബഹുമാനിക്കുന്നത് അല്ലാഹുവിനോടുള്ള ബഹുമാനമാണെ"ന്ന് തിരുനബി(സ)യുടെ മൊഴിയുണ്ട്.

**-എഡിറ്റർ**




# ഒരു മുഖ്യധാരാ പത്രത്തിന്റെ തോന്ന്യാസങ്ങൾ

പ്രധാന സ്റ്റോറി

● **ശഫീഖ് പന്നൂർ**

**മാ**മൻ മാത്യുവിന്റെ ലോകപരിചയവും പ്രൊഫഷനൽ പരിജ്ഞാനവും സംഗമിക്കുന്നതിനു മുമ്പ് മലയാളത്തിന്റെ സുപ്രധാനമായ നസ്രാണി പത്രത്തിന് കോട്ടയത്തു തന്നെ ആറാം സ്ഥാനമായിരുന്നു. വാണിഭത്തിന്റെ മേമ്പൊടിയും മുതലാളിത്തത്തിന്റെ മേലാപ്പും ചാർത്തി സർക്കുലേഷൻ വർധിപ്പിക്കുന്നതിനു മുമ്പേ കന്യാകുമാരി മുതൽ കാസർകോട് വരെ മലയാളിയുടെ വായനാ സംസ്കാരത്തെ നിയന്ത്രിക്കുകയും പൊതുധാരണകളെ പരുവപ്പെടുത്തുകയും ചെയ്ത പത്രമായിരുന്നു മാതൃഭൂമി. മലബാറിലെ വിദ്യാസമ്പന്നരും ആഭിജാത്യകുലജാതകരും വായിച്ച ഈ പത്രം തന്നെയാണ് അന്നും ഇന്നും മലയാളിയുടെ സാംസ്കാരിക ചർച്ചകളുടെയും സംവാദങ്ങളുടെയും മുഖ്യഇടം മാതൃഭൂമി നേടിയെടുത്ത സാംസ്കാരിക ഇടം മാനോരമക്ക് ഇന്നും അപ്രാപ്യമാണെന്നത് ഏറെ ശ്രദ്ധേയമാണ്. വിദേശീയ വിമോചന സമരം മുതൽ ബൗദ്ധിക ജിഹാദ് വരെയുള്ള ഈ പത്രത്തിന്റെ നീണ്ട പ്രവർത്തന ചരിത്രത്തെ നിഷ്പക്ഷബുദ്ധ്യാ വിശകലനം ചെയ്താൽ എത്തിപ്പെടാവുന്ന ചില തീർപ്പുകളും നിർണയങ്ങളുമുണ്ട്. സാംസ്കാരിക ഇടപെടലെന്നോ സർഗാത്മക സംവാദമെന്നോ അവർ തന്നെ വിശേഷിപ്പിക്കുന്ന ഈ ഇടപെടലുകളും നിലപാടുകളും നിലപാടു രൂപീകരണങ്ങളും സാമൂഹിക പ്രതിബദ്ധതക്കും മൂല്യവിചാരത്തിനുമപ്പുറം വർഗീയ പ്രീണനത്തിന്റെയും അഭിശപ്തമായ ഇടങ്ങളിലേക്ക് എത്തിപ്പെട്ടിട്ടുണ്ട് എന്നതാണ് സത്യം. വെള്ളിയാ

ഴ്ചയിലെ സയ്യിദ് ശിഹാബുദ്ദീന്റെ വികലവിവർത്തനത്തിനും ആണ്ടി ലൊരിക്കലിലെ റമളാൻ സ്പെഷ്യലി നുമപ്പുറം ഹൈന്ദവ ജേണലിസ ത്തിന്റെ കാവിവരികളിലൂടെ മാത്ര മാണ് മാതൃഭൂമി സഞ്ചരിച്ചിട്ടുള്ളത്. സമുദായം അസ്പൃശ്യത കൽപ്പിച്ച കാരശ്ശേരി-ഹമീദാദികളുടെ വിലകുറഞ്ഞ ജൽപനങ്ങൾ മുഖമക്ക നയണിഞ്ഞ മുസ്‌ലിം സ്ത്രീകളുടെ ഫോട്ടോ ചേർത്ത് കൊടു ത്തതുകൊണ്ടൊന്നും ആ കാവിജേണ ലിസത്തിനു കാതലായ മാറ്റം സംഭവി ച്ചിട്ടില്ല എന്നത് ബോധ്യപ്പെടാൻ അതി സാമർത്ഥ്യം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ചെയർമാന്റെ രാമന്റെ ദുഃഖം പ്ലാസ്റ്റിക് പുഷ്പമാണെന്നു പറയേണ്ടിവരുന്നത് ആ കൃതിനോക്കി യല്ല പ്രത്യുത, ഇതപര്യന്തം ആ പത്രസ്ഥാപനം സ്വീകരിച്ച നയനി ലപാടുകൾ നോക്കിയാണ്. 'മാതൃഭൂമി' യുടെ സമത്വത്തിലും സ്വാതന്ത്ര്യ ത്തിലും പെറുതിമുട്ടിയ ആദ്യ മുസ്‌ലിം മുഹമ്മദ് അബ്ദുറഹിമാൻ സാഹിബാണെന്ന് വേണമെങ്കിൽ പറ യാം. ദേശീയസമര രംഗത്ത് അക്ഷര സാന്നിധ്യമായി നിലകൊണ്ട മാതൃ ഭൂമി അന്നുതന്നെ മുസ്‌ലിംവിരുദ്ധ നിലപാടുതറകൾ പാകിയെടുക്കുന്ന തിൽ മുൻനിരയിലുണ്ടായിരുന്നു. മല ബാറിലെ മുസ്‌ലിംകളെ ക്രിമിനൽ സമൂഹമാക്കി മുദ്രകുത്തുന്ന മാപ്പിള ലഹള ആക്ട് തീർത്തും ജനവിരു ദ്ധവും അസഹനീയവുമായിരുന്നു. എന്നാൽ, ദേശീയ വിമോചനത്തിനു രാസത്വരകമാവുന്ന മതകീയ ഘടക ങ്ങളെയും പ്രചോദിത സംരഭംങ്ങ ളെയും അടിച്ചമർത്താനുള്ള ശ്രമങ്ങൾ ബ്രിട്ടീഷുകാർ നടത്തിയിട്ടും മാതൃഭൂമി അതൊക്കെ കണ്ടില്ലെന്നു നടിക്കുക യായിരുന്നു. ഇതിനെ തുടർന്നാണ് ഹൈന്ദവർക്കിടയിലെ അവർണർക്കും മാപ്പിളമാർക്കും ശബ്ദമുയർത്താൻ മറ്റൊരു പത്രം വേണമെന്ന ചിന്ത മുഹമ്മദ് അബ്ദുറഹിമാൻ സാഹിബി നുണ്ടായത്. തദ്ഫലമായി 1928 ഒക്ടോബർ 13-നു 'അൽഅമീൻ' പത്ര ത്തിന്റെ ആദ്യലക്കം പുറത്തിറങ്ങി. അൽഅമീന്റെ ഇടപെടലുകളിൽ അസ്വസ്ഥരായ മാതൃഭൂമിയുടെ സാര ഥികൾ ആ ശബ്ദത്തെ നിർത്തലാ ക്കാൻ പലവുരു ശ്രമിച്ചു. 'അൽ അമീ ൻ'ൽ സേവനം ചെയ്യാൻ സ്വയം സമർപ്പിതരായി എത്തിയ വിദ്വാൻ രാമൻ മേനോനെയും പി.എസ്.ഗോ പാലപ്പിള്ളയെയും പിന്തിരിപ്പിക്കാൻ പല കുതന്ത്രങ്ങളും നടത്തി. 'അൽ അമീന്' സാമ്പത്തിക സഹായം നൽകിയ കോഴിക്കോട്ടെ കച്ചവടപ്രമു ഖനായിരുന്ന എസ്.ജി. വെങ്കിടാചല അയ്യർ, ഡോ.സി.വി.നാരായണ അയ്യർ, കാവിൽ അപ്പു നായർ, കോഴിപ്പുറത്ത് അപ്പു മേനോൻ തുട ങ്ങിയവരെ അതിൽനിന്നും സവർണ ചാക്കിട്ടു വലവീശിപ്പിടിക്കാൻ കിണഞ്ഞു ശ്രമിച്ചു. പത്രത്തെ താങ്ങിനിർത്തിയിരുന്ന സർക്കാർ പര സ്യങ്ങൾ 'അൽ അമീനു' നിഷേധി ക്കാൻ പല ഒളിക്കളികളും നടത്തു കയും ചെയ്തു. 1939 സെപ്തംബർ 20-നു പത്രം നിരോധിക്കപ്പെ ടുന്നതുവരെ 'അൽ അമീനെ' ഇല്ലാതാ ക്കാൻ അവർ കിണഞ്ഞു ശ്രമിച്ചു കൊണ്ടിരുന്നു. ഇതിന്റെ മുൻപന്തി യിൽ മാതൃഭൂമി പക്ഷക്കാരായ ചില സവർണ കോൺഗ്രസുകാരായിരുന്നു.

**മലബാറിലെ വിദ്യാസമ്പന്നരും ആഭിജാത്യകുലജാതകരും വായിച്ച ഈ പത്രം തന്നെയാണ് അന്നും ഇന്നും മലയാളിയുടെ സാംസ്കാരിക ചർച്ചകളുടെയും സംവാദങ്ങളുടെയും മുഖ്യഇടം മാതൃഭൂമി നേടിയെടുത്ത സാംസ്കാരിക ഇടം മാനോരമക്ക് ഇന്നും അപ്രാപ്യമാണെന്നത് ഏറെ ശ്രദ്ധേയമാണ്. വിദേശീയ വിമോചന സമരം മുതൽ ബൗദ്ധിക ജിഹാദ് വരെയുള്ള ഈ പത്രത്തിന്റെ നീണ്ട പ്രവർത്തന ചരിത്രത്തെ നിഷ്പക്ഷബുദ്ധ്യാ വിശകലനം ചെയ്താൽ എത്തിപ്പെടാവുന്ന ചില തീർപ്പുകളും നിർണയങ്ങളുമുണ്ട്**

## ശരീഅത്ത് വിവാദ കാലത്തെ മുഖചിത്രങ്ങൾ

ഒരു സമുദായം എന്ന നിലയിൽ മുസ്‌ലിംകളുടെ ഒന്നത്യവും അഭ്യുദ യവും ഒരിക്കൽപോലും മാതൃഭൂമി യുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നില്ല. സാംസ്കാരിക സംവാദങ്ങളിലും ചർച്ചകളിലും എണ്ണ മൊപ്പിക്കാൻ ചില കുറിപ്പുകളും ചിത്ര ങ്ങളും ചേർത്തതു മാറ്റിനിർത്തിയാൽ ഇതപര്യന്തം ആ പത്രസാരഥികൾ സ്വീകരിച്ച നിലപാടുകളും അവലം ബിച്ച രീതിശാസ്ത്രവും തീർത്തും വിരുദ്ധതയുടെയും വിദ്വേഷത്തിന്റേതു മായിരുന്നു. മുസ്‌ലിം സ്ത്രീകളുടെ വേഷധാരണയുടെ 'അസാംഗത്യ'വും പർദയുടെ ചരിത്രവായനയും ചർച്ച ചെയ്ത് എത്തിച്ചേരുന്ന തീർപ്പുകൾ പലപ്പോഴും മതയുക്തിക്ക് നിലക്കാത്ത കേവല ജൽപനജന്യമായ വിധികളിലാ യിരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിം സമുദായം അസ്തിത്വവെല്ലു വിളി നേരിടുന്നോ എന്നു ശങ്കിച്ച സമ യമായിരുന്നു ശരീഅത്ത് വിവാദ കാലം. നിയമനിർമാണ സഭകളും കോടതികളും ശരീഅത്ത് നിയമം വേണ്ടരീതിയിൽ മനസ്സിലാക്കാതെ വന്നതിനെ തുടർന്നുണ്ടായ അസ്തിത്വ ദുഃഖത്തിന്റെയും അന്യവ ത്കരണത്തിന്റെയും ദുരന്തപൂർണ മായ കാലസന്ധി മുസ്‌ലിം സമുദായം ഇന്നെത്തിനിൽക്കുന്ന അക്ഷരമാധ്യമ ങ്ങളൊന്നും കരുത്താർജിക്കാത്ത കാലം. മാതൃഭൂമിയെന്ന പത്രം എത്ര സവർണമാണ് എന്ന് തെളിയിച്ച സമ

യമായിരുന്നു അത്. എം.ഡി. നാലപ്പാട്ടായിരുന്നു അന്നു മുഖ്യപത്രാധിപർ. സ്വാഭാവികമായ കുടുംബകാലുഷ്യത്തിന്റെ ഫലമായുണ്ടായ തലാഖുകളെ പർവ്വതീകരിച്ചവതരിപ്പിച്ചും മൊഴിചൊല്ലപ്പെട്ട മുസ്‌ലിം സ്ത്രീകളുടെ കളർഫുൾ ചിത്രങ്ങളും അനുഭവങ്ങളും ഒന്നാം പേജിൽ ചേർത്തും പത്രം കൊണ്ടാടി. തിരുവനന്തപുരം ബീമാപള്ളി മഹല്ല് കമ്മിറ്റി ഒരു സ്ത്രീയെ ഹദ്ദടിക്കാൻ തീരുമാനിച്ചെന്ന വാർത്തകൾക്ക് വൻകവറേജ് നൽകി. പ്രശ്നപരിഹാരമായി 1986-ൽ രാജീവ് ഗാന്ധി കൊണ്ടുവന്ന വനിതാ ബിൽ അപകടകരമാണെന്ന് പ്രചരിപ്പിച്ചു. ബില്ലിനെ എതിർത്ത നാമധാരി മുസ്‌ലിംകൾക്ക് മുസ്‌ലിം നേതൃപരിവേഷം ചാർത്തി നൽകി.

## താനൂർ കടപ്പുറത്ത് നിന്നും കറാച്ചിയിലേക്ക് ഒരു കപ്പൽ

മലപ്പുറം ജില്ല, പിറവി മുതൽ ഇന്നുവരെ രാഷ്ട്രീയ മണ്ഡലങ്ങളിലെ സജീവ ചർച്ചയാണ്. സംഭവിച്ചത് സ്വാഭാവിക പ്രവർത്തനമാണെങ്കിലും അതിലെല്ലാം എന്തോ ചില അസ്വാഭാവികതകൾ കലർത്തിയവതരിപ്പിക്കുന്ന രീതി മാധ്യമങ്ങളിലൊക്കെ ഇന്നും മാറ്റമില്ലാതെ തുടർന്നുവരുന്നുണ്ട്. വിജയിച്ചവർ കോപ്പിയടിക്കാരാവുന്നതും കോമൺവെൽത്ത് ഗെയിംസിന്റെ ദീപശിഖ കടന്നുപോവാൻ കഴിയാത്തവിധം മലപ്പുറത്ത് സുരക്ഷാ പ്രശ്നം ഉണ്ടാവുന്നതുമെല്ലാം ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

മലപ്പുറം ജില്ലയോടുള്ള ഈ വിവേചന മാധ്യമ സമീപനം ഒട്ടും പുത്തരിയല്ല. മലപ്പുറം എന്നാൽ മാപ്പിള സ്ഥാനാണെന്നും താനൂർ കടപ്പുറത്ത് നിന്നും കറാച്ചിയിലേക്ക് കപ്പലോട്ടുന്ന കാലം അതിവിദൂരമല്ലെന്നും മാതൃഭൂമി ദിനേനെ എഴുതിവിടാറുണ്ടായിരുന്നു. മലപ്പുറം എന്ന മുസ്‌ലിം ഭൂരിപക്ഷ ജില്ലയോടുള്ള സവർണ വിദ്വേഷമായിരുന്നു ഇതിന്റെ പിന്നിലെന്നു പറയേണ്ടതില്ലല്ലോ.

കാലിക്കറ്റ് യൂണിവേഴ്സിറ്റി മലപ്പുറം ജില്ലയിലാക്കാൻ തീരുമാനിച്ചപ്പോൾ വീണ്ടും തുടങ്ങി ഈ കാവിപ്പാരകൾ. അന്നതിനു സി.എച്ച്. സുന്ദരമായ മറുപടിയും നൽകിയിരുന്നു. അവസാനമായി ഡോ.ഘനിയെ കാലിക്കറ്റ് യൂണിവേഴ്സിറ്റി വിസിയാക്കാൻ സി.എച്ച്. തീരുമാനിച്ചപ്പോൾ മാതൃഭൂമി ഫണം വിടർത്തി രംഗത്തുവന്നു. സുകുമാർ അഴീക്കോടെന്ന സാംസ്കാരിക നായകന്റെ നിലപാടുകൾക്ക് പിന്നിൽ അന്ന് മാതൃഭൂമിയുടെ ഊക്കും ഊർജ്ജവുമായിരുന്നു. പിന്നീട്, ഘനിയുടെ നിയമനം ശരിയായിരുന്നുവെന്ന് സി.അച്ചുതമേനോൻ പോലും അംഗീകരിക്കുകയുണ്ടായി.


മാതൃഭൂമി

കേരള അടക്കമുള്ള സർവകലാശാലകൾ അനധികൃതമായി ബിരുദ കോഴ്സ് തുടങ്ങി

മലപ്പുറം ജില്ല, പിറവി മുതൽ ഇന്നുവരെ രാഷ്ട്രീയ മണ്ഡലങ്ങളിലെ സജീവ ചർച്ചയാണ്. സംഭവിച്ചത് സ്വാഭാവിക പ്രവർത്തനമാണെങ്കിലും അതിലെല്ലാം എന്തോ ചില അസ്വാഭാവികതകൾ കലർത്തിയവതരിപ്പിക്കുന്ന രീതി മാധ്യമങ്ങളിലൊക്കെ ഇന്നും മാറ്റമില്ലാതെ തുടർന്നുവരുന്നുണ്ട്. വിജയിച്ചവർ കോപ്പിയടിക്കാരാവുന്നതും കോമൺവെൽത്ത് ഗെയിംസിന്റെ ദീപശിഖ കടന്നുപോവാൻ കഴിയാത്തവിധം മലപ്പുറത്ത് സുരക്ഷാ പ്രശ്നം ഉണ്ടാവുന്നതുമെല്ലാം ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്

കോൺഗ്രസും ലീഗും ചരിത്രത്തിൽ അടുക്കാൻ ശ്രമിച്ചപ്പോഴൊക്കെ മതേതരത്വത്തിന്റെ കാവൽപ്പട്ടിയായി കുരച്ചുചാടാൻ കേശവമേനോന്റെ പത്രം രംഗത്തുണ്ടായിരുന്നു. ലീഗിനെ സഖ്യത്തിലെടുക്കണമെന്നാവശ്യപ്പെട്ട് ഖാഇദെ മില്ലത്ത് ഇസ്മാഈൽ സാഹിബ് അന്നത്തെ കോൺഗ്രസ് അഖിലേന്ത്യ സാരഥി കാമരാജിനെ സമീപിച്ചപ്പോൾ ആവശ്യം നിഷേധിക്കപ്പെട്ടതിന്റെ പിന്നിലെ ന്യായം മാതൃഭൂമി പത്രത്തിന്റെ എതിർപ്പായിരുന്നുവത്രെ.

ഹൈദരാബാദ് പട്ടാള ഇടപെടൽ കാലത്ത് പാണക്കാട് പി.എം.എസ്.എ. പൂക്കോയ തങ്ങളുടെ അറസ്റ്റിനെ ന്യായീകരിച്ച് മുഖപ്രസംഗമെഴുതിയ ഏകപത്രം മാതൃഭൂമിയായിരുന്നുവെന്ന്

മറക്കാത്ത ചിലരെങ്കിലും ഇപ്പോഴുമുണ്ടാകും. ആര്യാടൻ മുഹമ്മദ് പുലയ സ്ത്രീകളെ കാച്ചിയുടുപ്പിച്ച് മഞ്ചേരി നഗരത്തിലൂടെ ജാഥ നടത്തിയപ്പോൾ മാതൃഭൂമിക്കിത് ഫ്രണ്ട് പേജ് ചിത്രമായിരുന്നു. മഅ്ദനി, ലൗജിഹാദ് വിഷയങ്ങളിൽ പത്രത്തിന്റെ ഇപ്പോഴത്തെ നിലപാടുകളും പഴയ നിലപാടുകളുടെ വ്യതിയാനം മാത്രമാണ്.



*മുഹമ്മദ് അബ്ദുറഹിമാൻ, ഇ.എം.എസ്, എം.പി. വീരേന്ദ്രകുമാർ, നാലപ്പാട്ട്*

## മാതൃഭൂമിയുടെ കാവിപ്പെൻസിൽ

രഹസ്യവും പരസ്യവുമായി പലപ്പോഴും സംഘ്പരിവാർസേവ അതിസമർത്ഥമായി നടത്തിയ പത്രപ്രസ്ഥാനം മാതൃഭൂമിയല്ലാതെ വേറെയില്ല. പി.എം. കോറാത്ത് പത്രാധിപ സ്ഥാനത്ത് എത്തിയതു തന്നെ ആർ.എസ്.എസും ഈ പത്രപ്രസ്ഥാനവും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ തെളിവാണ്. 1976-ൽ കോഴിക്കോട്ടെ അളകാപുരിയിൽ ആർ.എസ്.എസിന്റെ സാംസ്കാരിക സംഘടനയായ 'തപസ്യ'യുടെ ഉദ്ഘാടന ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചത് മാതൃഭൂമി മുഖ്യപത്രാധിപർ സാക്ഷാൽ കെ.പി. കേശവ മേനോൻ. പിന്നണിയിലാവട്ടെ വി.എം. കോറോത്ത് ഉൾപ്പെടെയുള്ള എഡിറ്റർമാരും. മാതൃഭൂമി ചെയ്ത ഒത്താശകളെയും സേവനങ്ങളെയും ആർ.എസ്.എസിന്റെ കേരള ചരിത്രവുമായി ബന്ധപ്പെട്ടു പുറത്തിറക്കിയ 'ഭക്ഷ' എന്ന പ്രസിദ്ധീകരണം വിലയിരുത്തുന്നുണ്ട്. ആർ.എസ്.എസിനു കേസരിയേക്കാൾ വലിയ സേവനങ്ങൾ ചെയ്തത് മാതൃഭൂമിയാണെന്ന് അവർ തന്നെ തയ്യാറാക്കിയ RSS and Hindu Nationalism എന്ന പഠനത്തിൽ വിവരിക്കുന്നുണ്ട്.

1959-ലെ വിമോചനസമരം, 1969-ലെ മലപ്പുറം ജില്ലാ വിരുദ്ധ സമരം, 1968-ലെ തളിക്ഷേത്ര പ്രക്ഷോഭം, 1978-ലെ പാലുകാച്ചിമല സമരം, 1983-ലെ നിലക്കൽ പ്രക്ഷോഭം എന്നീ ഘട്ടങ്ങളിലൊക്കെ മാതൃഭൂമി ചെയ്ത സഹായങ്ങൾ പ്രസ്തുത പഠനത്തിൽ അക്കമിട്ടു പ്രതിപാദിക്കുന്നുണ്ട്. മലബാറിലെ ക്ഷേത്രങ്ങളെ കുറിച്ച് മാതൃഭൂമിയിൽ ഒരു പരമ്പര പ്രസിദ്ധീകരിച്ചു. ഇതിനെ സംഘ്പരിവാർ ഏറ്റെടുത്ത് മലബാർ ക്ഷേത്ര സംരക്ഷണ സമിതിയാക്കിയും പിന്നീട് കേരള ക്ഷേത്ര സംരക്ഷണ സമിതിയാക്കിയും മാറ്റി. കേളപ്പനെയും കൊറാത്തിനേയും അപലപിച്ചു അങ്ങാടിപ്പുറത്ത് പ്രസംഗിച്ച ഇ.എം.എസിനെ എതിർത്ത് മാതൃഭൂമിയിലെഴുതിയ മുഖപ്രസംഗം ഏറെ വിവാദമായിരുന്നു. 'കേരളം മലയാളികളുടെ മാതൃഭൂമി' എന്ന കൃതിയിൽ ഇ.എം.എസ്. തന്നെ മാതൃഭൂമിയുടെ അവിശുദ്ധ കാവിബന്ധത്തെ തുറന്നുകാട്ടുന്നുണ്ട്. ഹിന്ദു മുസ്‌ലിം ബഹുജനങ്ങളെ യോജിപ്പിക്കുന്ന സമരപരിപാടികളെയെല്ലാം അവർ എതിർത്തു. മാത്രമല്ല, ദേശീയതയുടെ പേരിൽ മുസ്‌ലിം ബഹുജനങ്ങളുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കുകയും ഹിന്ദു സമുദായ മേധാവിത്വത്തെ ശക്തിപ്പെടുത്തുകയും ചെയ്തു.

പ്രമുഖ പത്രപ്രവർത്തകനായ കമൽറാം സജീവ് ഹൈന്ദവ ബിംബങ്ങളെ മാതൃഭൂമി എപ്രകാരം പ്രതിഷ്ഠിച്ചവതരിപ്പിച്ചുവെന്ന് വിവരിക്കുന്നുണ്ട്. 'ന്യൂസ് ഡസ്കിലെ കാവിയും ചുവപ്പും' എന്ന തലക്കെട്ടിൽ അദ്ദേഹമെഴുതി: പ്രാദേശിക ക്ഷേത്രോത്സവങ്ങൾക്കും അനന്ത കോടി ആൾ ദൈവങ്ങൾക്കും വിശ്വാസ്യത തീർത്ത ഹിന്ദുത്വജേണലിസം യാതൊരു മൂല്യബോധവുമില്ലാതെ കേരള കമ്പോളം കീഴടക്കുന്ന കാഴ്ചയാണ് തൊണ്ണൂറുകളിൽ കണ്ടുതുടങ്ങിയത്. അതിപ്പോഴും തുടരുന്നു. ഈ അധിനിവേശത്തിന്റെ ദുരവസ്ഥ ദുരൂഹമായ ഉൾപ്പിരിവുകളോടെ മലയാളത്തിലെ പത്രപ്രവർത്തന രംഗത്ത് ഒരു തിരിച്ചുപോക്കിനു തുടക്കമിട്ടിരിക്കുകയാണ്. ന്യൂസ് ഡസ്ക്കുകളിൽ പെരുകി വരുന്ന ഹിന്ദുത്വ മനസ്സുകളുടെ സ്വാധീനവും അവർ രൂപപ്പെടുത്തുന്ന ഓഫീസ് രാഷ്ട്രീയവും ഭയാനകമാണ്. ഇതെഴുതിയ കമൽ റാം സജീവ് തന്നെയാണ് ഇപ്പോൾ ഹിന്ദുത്വ ജേണലിസത്തിന്റെ മാസ്റ്റർ ബ്രെയ്നും മാതൃഭൂമി ആഴ്ചപ്പതിപ്പ് അസി. എഡിറ്ററും.

രഹസ്യവും പരസ്യവുമായി പലപ്പോഴും സംഘ്പരിവാർസേവ അതിസമർത്ഥമായി നടത്തിയ പത്രപ്രസ്ഥാനം മാതൃഭൂമിയല്ലാതെ വേറെയില്ല. പി.എം. കോറാത്ത് പത്രാധിപ സ്ഥാനത്ത് എത്തിയതു തന്നെ ആർ.എസ്.എസും ഈ പത്രപ്രസ്ഥാനവും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ തെളിവാണ്. 1976-ൽ കോഴിക്കോട്ടെ അളകാപുരിയിൽ ആർ.എസ്.എസിന്റെ സാംസ്കാരിക സംഘടനയായ 'തപസ്യ'യുടെ ഉദ്ഘാടന ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചത് മാതൃഭൂമി മുഖ്യപത്രാധിപർ സാക്ഷാൽ കെ.പി. കേശവ മേനോൻ




# ഇൻഡോ-അറബ് ആദാനപ്രദാനങ്ങൾ

പ്രധാന സ്റ്റോറി

• പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ

**ഇ**ൻഡോ-അറബ് പാരസ്പര്യം ആഴത്തിൽ വേരൂന്നിയ സങ്കൽപ്പമാണ്. കാലഘട്ടങ്ങളുടെയും മണ്ണിലമർന്നുപോയ ചരിത്രവസ്തുതകളുടെയും ഇടുങ്ങിയ വഴിത്താരകളിലൂടെ ഏറെ സഞ്ചരിക്കണം അതിന്റെ പ്രഭവബിന്ദുവിനെയും പ്രത്യേകതയെയും അറിയാൻ. അതിപ്രാചീനമായ കാലഘട്ടങ്ങളിൽ നിന്നും തുടങ്ങിയ ഈ ബന്ധം വാണിജ്യ പ്രവർത്തനങ്ങൾക്കായുള്ള സഞ്ചാരങ്ങളിലൂടെയും അതുവഴി രൂപപ്പെട്ട ഇടപെടലുകളിലൂടെയും നിലനിന്നുപോരുകയും പിൽക്കാലങ്ങളിൽ ഈ സമ്പർക്കം രൂഢമൂലമാവുകയും ചെയ്തു. പിന്നീട് വിശ്വാസം, ശാസ്ത്രം, സാഹിത്യം, കല, രാഷ്ട്രീയം തുടങ്ങിയ മണ്ഡലങ്ങളിലെല്ലാം ഇൻഡോ-അറബ് സൗഹൃദത്തിന്റെയും സ്വാധീനത്തിന്റെയും കൊടിയടയാളം കണ്ടുതുടങ്ങും.

പ്രവാചകൻ സുലൈമാൻ നബി(അ)ന്റെ കാലത്ത് മൂന്നു വർഷങ്ങളിടവിട്ട് കേരള തീരങ്ങളിൽ നിന്നും സ്വർണം, വെള്ളി, ആനക്കൊമ്പ് തുടങ്ങിയ വിഭവങ്ങൾ കൊണ്ടു പോവാറുണ്ടായിരുന്നുവെന്ന് അറിയപ്പെട്ട ചരിത്രവസ്തുതയാണ്. ഈ ചരിത്രപരാമർശം വെച്ച് അറബിക്കടലിനപ്പുറത്തുള്ളവരുമായി നമ്മുടെ സമ്പർക്കവും വാണിജ്യ ഇടപെടലുകളും നടന്നിട്ടുണ്ടാകുമെന്ന അനുമാനങ്ങളെ ശാസ്ത്രീയ നിരീക്ഷണങ്ങൾ ശരിവെക്കുന്നുണ്ട്. മനുഷ്യൻ ഏക്കാലത്തും സഞ്ചാരപ്രിയനാണ്. സഞ്ചാരങ്ങളാകട്ടെ നാഗരികതകളെ നിർമിക്കുകയും കൈമാറ്റംചെയ്യപ്പെടുകയും ചെയ്യും. കഴിഞ്ഞ കാലങ്ങ

ളിൽ ഈ കൃത്യം അതിമനോഹര മായി ചെയ്തുപോന്നവരാണ് അറബ് സമൂഹം. ബഹുമുഖ ആവശ്യ ങ്ങൾക്കായി ഭൂഗോളം കറങ്ങിയ അറ ബികൾ സഞ്ചാര രംഗത്തെ പിതാക്ക ളാണ്. പലപ്പോഴും വാണിജ്യപരമാ യിരുന്നു അവരുടെ യാത്രോദ്ദേശ്യങ്ങ ളെങ്കിലും ചെല്ലുന്നിടങ്ങളിലെല്ലാം വിശ്വാസവും സംസ്കാരവും ആദർശ നിഷ്ഠമായ ജീവിതവും നൽകുകയും മറ്റുള്ളവരിൽ നിന്നും സ്വാംശീകരിക്ക പ്പെടേണ്ട മൂല്യങ്ങളെ ഹൃദയവിശാല തയോടെ ഉൾകൊണ്ടും ഭൂഖണ്ഡങ്ങൾ താണ്ടി അവർ. അറബികളുടെ കച്ച വടയാത്രകളെ പുരസ്ക്കരിച്ച് വിശുദ്ധ ഖുർആനിൽ പരാമർശങ്ങളു ണ്ട്. ബദ്ധവൈരികളായ ഖുറൈശി കളെ ഒരുമയോടെ പരസ്പരം ചേർത്തുനിർത്തിയത് ശൈത്യകാ ലത്തും ഉഷ്ണകാലത്തുമുള്ള അവ രുടെ കച്ചവടയാത്രകളാണെന്ന് ഖുർ ആൻ പറഞ്ഞു വെക്കുന്നത് അറബി കളുടെ സഞ്ചാര സ്നേഹത്തെ പ്രകീർത്തിച്ചു കൊണ്ടു കൂടിയാണ്. അറബികളുടെ ദേശാന്തരഗമനങ്ങ ളിൽ ഇന്ത്യയും ചൈനയും ലക്ഷ്യകേന്ദ്രങ്ങളായിരുന്നു. ചിരപുരാ തനമായ ഈ ഇന്ത്യ-അറബ് ബന്ധ ത്തിന് അമൂല്യമായ പ്രകൃതിവിഭവ ങ്ങളുടെ ലഭ്യതയും അതുവഴി സമ്പ ന്നമായിത്തീർന്ന വാണിജ്യരംഗവും കാരണമായിക്കിടക്കുന്നു.

നബിതിരുമേനി(സ)യുടെ കാല ത്തോടെ ഈ മേഖലയിലെ സുഹൃ ദ്ബന്ധം അതിന്റെ വ്യാപാര താൽപ ര്യങ്ങളെ കവിഞ്ഞ് മതത്തിലും അതിന്റെ ആത്മീയ-ബൗദ്ധിക ആദാനപ്രദാനങ്ങളെ കൂടി കണക്കി ലെടുത്ത് കൊണ്ടുള്ള തുറന്ന ഇടപെ ടലായി മാറി. ജീവിതത്തിനും ഭൗതി കതക്കുമിടയിൽ ആത്മീയതയുടെ പ്രകാശം പരക്കണമെന്ന ഇസ്‌ലാമിക തത്വത്തെ അറബികൾ ജീവിതം കൊണ്ട് പരിചയപ്പെടുത്തുമായിരു ന്നു.

നബി(സ)യുടെ കാലത്ത് അറബി കളായ സ്വഹാബികൾ പ്രവാചകത്വ ത്തിൽ നിന്നും കൊളുത്തിയെടുത്ത ദൗത്യവുമായി ഭൂഖണ്ഡങ്ങളിലെല്ലാം എത്തിയിട്ടുണ്ട്. മുആദുബ്നു ജബൽ(റ) യമനിലേക്കെന്നപോലെ മാലിക്ക്ബ്നു ദീനാർ(റ) കേരള ത്തിന്റെ തീരങ്ങളിൽ വന്നുകയറി. അറബിക്കടൽ മാർഗമുള്ള മാലി ക്ബിൻ ദീനാർ(റ)ന്റെ ഈ വരവ് ഇസ്‌ലാമിന്റെ പരിചയപ്പെടുത്തലി നൊപ്പം പൂർവ്വീകരിലൂടെ നിലനിന്നു പോന്ന പാരസ്പര്യബോധത്തെ ശക്തിപ്പെടുത്തുകയും ചെയ്തു. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെ സംബന്ധിച്ചും പ്രകൃതിവിഭവങ്ങളെ സംബന്ധിച്ചും അറിയാമായിരുന്ന അറബികൾ പ്രവാ ചകൻ(സ)യുടെ കാലത്തിനു മുമ്പും പിമ്പും അറബിക്കടൽ വഴി ഇന്ത്യയി ലെത്തിയിട്ടുണ്ട്. മതപ്രബോധന ങ്ങൾക്കായാലും വ്യാപാരാവശ്യ ങ്ങൾക്കായാലും അറബിക്കടൽ മാർഗേണയുള്ള ഇൻഡോ-അറബ് സൗഹൃദത്തിനും ചരിത്രപാഠങ്ങൾ പിൻബലം നൽകുന്നു. അറബിക്ക ടൽ വഴിയുള്ള ഈ സുഹൃദ്ബന്ധം രൂപപ്പെട്ടത് ഇസ്‌ലാമിനെ കൊണ്ട ല്ലെന്നും രണ്ടായിരം കൊല്ലങ്ങൾക്ക് മുമ്പ് കേരള തീരങ്ങളിലെത്തിയ അറ ബികൾ വിഗ്രഹാരാധകരായിരുന്നു വെന്നും ചിലർ വരുത്തിതീർക്കുന്നു. അറബിക്കടൽ വഴിയുള്ള ഇൻഡോ- അറബ് സൗഹൃദത്തിനു

പെരുമാൾ മക്കയിലെത്തിയതോടെ ഇന്ത്യയും-മലയാളവും അറേബ്യൻ ജീവിതവുമായി കൂടുതൽ പരിചയം തീർത്തു. രണ്ടാം ഖലീഫ ഹസ്റത്ത് ഉമർ(റ)ന്റെ ഭരണകാലത്ത് ഇസ്‌ലാമിക പടയോട്ടം 'താന' വരെ എത്തിയിട്ടുണ്ട്. 'താന'യാണ് പിന്നീട് ഇന്ത്യയുടെ വാണിജ്യസിരാകേന്ദ്രമായ ബോംബെ നഗരമായി നാഗരിക വികാസം കൊണ്ടത്. അപ്പോൾ ബോംബെയുടെ ആധുനിക നഗര നിർമാണങ്ങളിലും വാണിജ്യതന്ത്രപ്രധാന സംവിധാന ങ്ങളിലും അറബ് മുസ്‌ലിംകളുടെ കൈയ്യൊപ്പുകാണാം





മുസ്‌ലിംകളെ മാറ്റിവെച്ചു കൊണ്ടൊരു ചരിത്രമോ സംഭാവനയോ ഇല്ലതന്നെ. കടന്നുവന്നവരിൽ മുസ്‌ലിംകൾ അല്ലാത്തവരും ഉണ്ടാകാം. എങ്കിൽപോലും മുസ്‌ലിം വിരോധത്തിലുറഞ്ഞ ചരിത്രമെഴുത്തിന്റെ പക്ഷപാതപരവും വികലവുമായ ചേർത്തുവെപ്പാണിതെല്ലാം. അറബികൾ അഭംഗുരം തുടർന്ന വ്യാപാരയാത്രകളാണ് ദക്ഷിണേന്ത്യൻ ഭാഗങ്ങളിൽ അന്യോന്യമുള്ള നയതന്ത്രബന്ധങ്ങളെ പിന്നീട് പ്രോജ്വലമാക്കിയത്. ഹിജ്‌റാബ്ദം ഏഴും എട്ടും കാലങ്ങളിൽ പ്രചാരം നേടിയ പ്രവാചക തിരുമേനി(സ) യുടെ കത്തുകൾ ഈ രംഗത്ത് വലിയ സംഭാവനകളർപ്പിച്ചു. കേരളത്തിലെ ചേരമാൻ പെരുമാളിനും അത്തരം കത്തുകൾ ലഭ്യമായിട്ടുണ്ട്. പെരുമാൾ മക്കയിലെത്തിയതോടെ ഇന്ത്യയും-മലയാളവും അറേബ്യൻ ജീവിതവുമായി കൂടുതൽ പരിചയം തീർത്തു. രണ്ടാം ഖലീഫ ഹസ്‌റത്ത് ഉമർ(റ)ന്റെ ഭരണകാലത്ത് ഇസ്‌ലാമിക പടയോട്ടം 'താന' വരെ എത്തിയിട്ടുണ്ട്. 'താന' യാണ് പിന്നീട് ഇന്ത്യയുടെ വാണിജ്യ സിരാകേന്ദ്രമായ ബോംബെ നഗരമായി നാഗരിക വികാസം കൊണ്ടത്. അപ്പോൾ ബോംബെയുടെ ആധുനിക നഗര നിർമാണങ്ങളിലും വാണിജ്യതന്ത്രപ്രധാന സംവിധാനങ്ങളിലും അറബ് മുസ്‌ലിംകളുടെ കൈയ്യൊപ്പു കാണാം. പിന്നീട് നവാബ്മാരും രാജാക്കൻമാരും ആധുനിക ബോംബെ നഗരത്തെ വളർത്തിയിട്ടുണ്ടാകാം. ഇന്ത്യയുടെ വടക്ക് ഭാഗങ്ങളിലെ നഗരങ്ങളിൽ തലയുയർത്തി നിൽക്കുന്ന ഇസ്‌ലാമിക കലയുടെയും സംസ്കൃതിയുടെയും അതിമനോഹരമായ സ്തൂപങ്ങളും രൂപങ്ങളും മറ്റു ആവിഷ്കാരങ്ങളും മുഗുള ഭരണകൂടങ്ങളിലൂടെ കടന്നുവന്നത് അറബ്-പേർഷ്യൻ സംസ്കാരങ്ങൾ വഴിയാണ്. കലയിലെ ഈ സ്വാധീനം ഇന്ത്യൻ മണ്ണിൽ ഇപ്പോഴും തലയുയർത്തി നിൽക്കുന്നു. ഇന്ത്യയുടെ ദക്ഷിണ ഭാഗങ്ങളിലേക്ക് അറബിക്കടൽ വഴി അറബികൾ കടന്നുവന്നപ്പോൾ വടക്ക് ഭാഗങ്ങളിലും അറബ്-ഇന്ത്യൻ സൗഹൃദത്തിന്റെ പ്രകാശം പരന്നു. അമവീ ഭരണകാലത്ത് ഹജ്ജാജുബ്നു യൂസുഫ്, ഇമാമുദ്ദീൻ മുഹമ്മദ്ബ്നു ഖാസിമിസ്സഖഫിയുടെ നേതൃത്വത്തിൽ സിന്ധ് ജയിച്ചടക്കാൻ സൈന്യത്തെ അയച്ചതോടെ വടക്കേ ഇന്ത്യൻ ഭാഗങ്ങളിൽ അറബ് സംസ്കാരത്തിന്റെയും സൗഹൃദത്തിന്റെയും പുതിയ നാമ്പുകൾ കണ്ടുതുടങ്ങി.

*-അവസാനിക്കുന്നില്ല*




**സയ്യിദ് കോയഞ്ഞിക്കോയ തങ്ങൾ**

**കോഡൂർ, ചൊല്ലൂർ**

**ഫോൺ: 2752711, മൊ: 9947585085**

സ്ത്രീപുരുഷ ലൈംഗിക രോഗങ്ങൾ, സീഗ്ര സ്കലനം, സന്താനമില്ലായ്മ, മെലിച്ചിൽ, മൂത്രാശയ രോഗങ്ങൾ, ശാരീരികവും മാനസികവുമായ മറ്റു രോഗങ്ങൾ വിരിപ്പിൽ മൂത്രമൊഴിക്കൽ, അപസ്മാര രോഗങ്ങൾ മുതലായവ മഹാന്മാരുടെ ഇജാസിയ്യത്ത് പ്രകാരം പാരമ്പര്യമായി ചികിത്സിക്കുന്നു.

കൂടാതെ കാലികളുടെ രോഗങ്ങൾക്കും ചികിത്സ നിർദ്ദേശിക്കുന്നു.

എല്ലാവിധ ആയുർവേദ യൂനാനി തറി മരുന്നകൾക്കും ബന്ധപ്പെടുക.

**തങ്ങൾസ് ഫാർമസി**

**ഫെയ്മസ് ബേക്കറിക്ക് സമീപം, കോട്ടപ്പടി, മലപ്പുറം**



**സുന്നി അഫ്കാർ**
വാരിക

**വരിസംഖ്യ**

| | |
|---|---|
| ഒരു വർഷം | 250/- |
| ആറു മാസം | 125/- |

# അസ്സാഞ്ചെ നേതൃത്വം നൽകുന്ന ഹാക്ടിവിസ്റ്റുകൾ

• ശാഹിദ് തിരുവള്ളൂർ

ഒസാമ ബിൻലാദൻ എന്ന പേരു കേട്ട് ഇനി ഞെട്ടേണ്ടതില്ല. ഇതാ അതിലും വലിയ ഒരൊസാമ രംഗത്തെത്തിയിരിക്കുന്നു. പേര് ജൂലിയൻ അസ്സാഞ്ച്. ബിൻലാദൻ ആക്രമണം നടത്തിയത് കൈകൾകൊണ്ടാണെങ്കിൽ ഇയാളുടെ ആക്രമണം തല കൊണ്ടാണ്. അയാൾ ടെററിസ്റ്റ്, ഇയാൾ ഹാക്ടിവിസ്റ്റ്. രണ്ടും ആന്റി അമേരിക്കക്കാരുടെ ഇഷ്ടന്മാർ തന്നെ.

(ഔട്ട് ലുക്ക് 12-2020.)

അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റന്റെ ഭാഷയിൽ ജൂലിയൻ അസ്സാഞ്ച് അങ്ങനെയൊരാളാണെങ്കിലും ആ തലതിരിഞ്ഞവൻ തന്നെ ലോക മാധ്യമസ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ  പുനർനിർവചിക്കുകയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പടിഞ്ഞാറൻ ഭാഷ്യങ്ങൾ തിരുത്തിക്കുറിക്കുകയും ചെയ്യുന്ന രസകരമായ കാഴ്ചയാണ് നാമിന്നു കണ്ടുകൊണ്ടിരിക്കുന്നത്. കാലം മാറുമ്പോൾ പോരാട്ടത്തിന്റെ രീതിയും മാറണം. ഗറില്ലാ പോരാളികളുടെ കാലം കഴിഞ്ഞു. ഇനി അനീതിക്കെതിരെ വിരൽചൂണ്ടുക വെബ്ഗറില്ലമാരായിരിക്കും, ഒറ്റവാക്കിൽ പറഞ്ഞാൽ ഹാക്ടിവിസ്റ്റുകൾ (അമേരിക്കൻ വിദേശകാര്യ സെക്രട്ടറിയുടെ ഭാഷയിൽ വെബ് ടെററിസ്റ്റുകൾ). ഇതാണ് അസ്സാഞ്ചിന്റെ രീതി. വിക്കിലീക്സ് വരച്ചതും വരച്ചുകൊണ്ടിരിക്കുന്നതും അതാണ്. എന്തൊക്കെ  പറഞ്ഞാലും പുതിയ ജേണലിസം സിലബസുകളിൽ എത്തിക്കൽ ഹാക്കിംഗ് എന്ന പുതിയൊരു സംഞ്ജ കൂടി പിറവിയെ






സഹായം സ്വീകരിച്ചിരുന്ന പേ പാൽ, വിസ, മാസ്റ്റർ കാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ കടുത്ത അമേരിക്കൻ സമ്മർദ്ധം കാരണം സേവനം നിർത്തി. ജൂലിയൻ അസ്സാഞ്ചിനു നേരെയുള്ള നിയമനടപടികൾക്ക് വേഗം കൂട്ടി. ഇന്റർപോൾ നോട്ടീസിറക്കി. ലണ്ടനിലെ സെൻട്രൽ കോർട്ടിൽ നടന്ന വിചാരണയിൽ പ്രമുഖരായ മനുഷ്യാവകാശ പ്രവർത്തകരും സിനിമാ സംവിധായകന്മാരും ജാമ്യമെടുക്കാൻ തയ്യാറാണെന്നറിയിച്ചിട്ടും ജഡ്ജി അസ്സാഞ്ചിനു ജാമ്യമനുവദിച്ചില്ല. രണ്ടു സ്ത്രീകളെ അപമാനിക്കാൻ ശ്രമിച്ചു എന്നതാണ് കേസ്.

ടുക്കുന്നതു വരെയെത്തിയിരിക്കുന്നു കാര്യങ്ങൾ.

അമേരിക്കയുടെ വിദേശകാര്യ ബന്ധങ്ങളെ സാരമായി ബാധിക്കുന്ന രണ്ടു ലക്ഷത്തി അമ്പതിനായിരം നയതന്ത്ര വിവരങ്ങളുമായാണ് ഇത്തവണ വിക്കിലീക്സ് മാധ്യമങ്ങളിൽ നിറഞ്ഞുനിന്നത്. തങ്ങൾ ആക്രമിക്കപ്പെടുകയും അതുവഴി വിവരലഭ്യത ശോഷിക്കുകയും ചെയ്യുമോ എന്നു ഭയന്നതുകാരണമാകാം അവർ വിവരങ്ങൾ അഞ്ചു പത്രങ്ങളുമായി പങ്കുവെച്ചു. ഗാർഡിയൻ, ന്യൂയോർക്ക് ടൈംസ്, ലെ മോൻഡേ, ഇ.ഐ.പാരീസ്, ഡെർ സ്പീഗൽ എന്നിവയാണവ. പക്ഷേ, വിക്കിലീക്സ് സ്ഥാപകരെ പോലും അമ്പരപ്പിക്കുന്നതായിരുന്നു പിന്നീട് അതേറ്റെടുത്ത ഹാക്കർമാരുടെ ഭീകരതകൾ. അനിതര സാധാരണമായ ആക്രമണ മികവുകൾ, ആസൂത്രിതമായ പടയോട്ടങ്ങൾ, ഒരേ ലക്ഷ്യത്തിലേക്ക് അനേകായിരം പേർ ലക്ഷ്യംവെക്കുന്നതിന്റെ മിഴിവാർന്ന ചിത്രങ്ങൾ എല്ലാംകൂടി ചേർന്നപ്പോൾ വിക്കിലീക്സിന് സമാനതകളില്ലാതായി. ഹാക്ടിവിസ്റ്റുകൾ ആക്രമണത്തിന്റെ രൗദ്രഭാവം പുറത്തെടുത്തതോടെ വിവരങ്ങൾ ഓരോന്നോരോന്നായി അമേരിക്കയുടെ മുഖത്തു നോക്കി പല്ലിളിച്ചു.

ചോർത്തിയെടുത്ത രേഖകൾ പുറത്തു വിടുമെന്നുറപ്പായതോടെ അമേരിക്കയുടെ സൈബർ ആക്രമണ കേന്ദ്രങ്ങൾ വിക്കിലീക്സിനു നേരെ ആക്രമണം തുടങ്ങി. നവംബർ 28-ന്

ഒന്നുറപ്പാണ്, വിക്കിലീക്സും അസ്സാഞ്ചും മൺമറഞ്ഞാൽ തന്നെയും ഓൺലൈൻ ഭീകരവാദത്തിനെതിരെയും വെബ് തീവ്രവാദത്തിനെതിരെയും പുതിയൊരു കുരിശുയുദ്ധം തുടങ്ങാതെ അമേരിക്കയ്ക്കിനി വിശ്രമമുണ്ടാവില്ല. കാരണം അത്രയധികം സൈബർ ഉസാമമാർ ഞങ്ങൾ വിക്കിലീക്കർമാരാണ് എന്ന നയവുമായി തങ്ങളുടെ കണ്ണും കാതും തുറന്ന് ഇന്റർനെറ്റിനു മുന്നിൽ കാത്തിരിക്കുകയാണ്, മറ്റൊരു വേൾഡ് ഡാറ്റാ സെന്റർ ആക്രമണം നടത്താൻ

നടന്ന സർവർ അറ്റാക്ക് കാരണം വിക്കിലീക്സിന് യഥാസമയം പ്രതികരണം നൽകാനായില്ല. ഉടനെ അവർ ആമസോൺ സർവറിലേക്ക് പ്രവർത്തനങ്ങൾ മാറ്റി സ്ഥാപിച്ചു. പക്ഷേ, ഡിസംബർ ഒന്നിന് ആമസോൺ സെർവർ നെറ്റ്വർക്ക് അമേരിക്കയുടെ സമ്മർദ്ധം കാരണം വിക്കിലീക്സിനെ പുറത്താക്കി. ഇതും പ്രവർത്തനത്തെ ബാധിച്ചു. ഇതു കാരണം പല വിധ സർവറുകളിലേക്കും വിക്കിലീക്സിനു മാറേണ്ടിവന്നു. വിക്കിലീക്സിന്റെ ഐപി നമ്പറുകൾ വ്യാജമായി നിർമിക്കാനും അതുവഴി തെറ്റിദ്ധാരണ പരത്താനും യു.എസ്. ശ്രമിച്ചു. വിക്കിലീക്സ് സാമ്പത്തിക

പക്ഷേ, അസ്സാഞ്ചിന്റെ പടയാളികൾക്ക് ഉണർന്നു പ്രവർത്തിക്കാൻ ഇതു തന്നെ ധാരാളമായിരുന്നു. ലോകമെങ്ങുമുള്ള ഹാക്ടിവിസ്റ്റുകൾ ജാഗരൂകരായി. വിക്കിലീക്സുമായി സാമ്പത്തിക സഹായം നിർത്തിവെച്ച പേപാൽ, വിസ, മാസ്റ്റർ കാർഡുകളുടെ സൈറ്റുകൾ കടുത്ത ആക്രമണത്തിനിരയായി. ഞങ്ങൾ മാപ്പുനൽകില്ല, ഞങ്ങൾ മറക്കില്ല, കാത്തിരുന്നു കാണുക ഇതായിരുന്നു ഹാക്കർമാരുടെ സന്ദേശം. പിന്നീട് വിക്കിലീക്സിനു നേരെ തുരങ്കംവെച്ച അമേരിക്കൻ സൈറ്റുകൾക്കു നേരെയായി ആക്രമണം. "ഇന്റർനെറ്റിൽ നിലനിൽക്കുന്ന ഉള്ളടക്കങ്ങൾ നീക്കൽ നിങ്ങളുടെ

അഭിപ്രായപ്രകാരം ശരിയായിരിക്കാം, പക്ഷേ, നടക്കില്ല. ഞങ്ങൾക്ക് നേരെ നിങ്ങളുയർത്തുന്ന അന്യായമായ നിയന്ത്രണങ്ങൾ ദുരന്തത്തിലേ കലാശിക്കൂ. അത് വീണ്ടും വീണ്ടും ഞങ്ങളെ ശക്തിപ്പെടുത്തുന്നു." ഇതായിരുന്നു ഹാക്ടിവിസ്റ്റുകൾ അവർക്ക് നൽകിയ സന്ദേശം. ഇതുമൂലം ബില്യണുകളുടെ നഷ്ടമാണ് അവർക്ക് സംഭവിച്ചത്.

പക്ഷേ, വിക്കിലീക്സിനു നേരെയുള്ള സൈബർ ആക്രമണം വീണ്ടും തുടർന്നു. അമേരിക്കയുടെ നേതൃത്വത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള കമ്പ്യൂട്ടറുകളിൽനിന്ന് വിക്കിലീക്സ് സൈറ്റിലേക്ക് ഒരേ സമയം പതിനായിരക്കണക്കിന് സന്ദേശങ്ങൾ അയച്ച് സർവർ നശിപ്പിക്കുകയായിരുന്നു പദ്ധതി. പക്ഷേ, വിക്കിലീക്സ് അതിനും മറുമരുന്ന് കണ്ടെത്തി. സർവറുകൾ അടിക്കടി മാറ്റുകയായിരുന്നു ഹാക്ടിവിസ്റ്റുകൾ സ്വീകരിച്ച രീതി. ഫലമോ, വിവിധ രാഷ്ട്രങ്ങളിൽ നിലനിൽക്കുന്ന സർവറുകൾ ഘട്ടംഘട്ടമായി അമേരിക്കയുടെ സമ്മർദ്ധംകാരണം വിക്കിലീക്സിനെ ഒഴിവാക്കിക്കൊണ്ടേയിരുന്നു. അതിനെയും വകഞ്ഞുമാറ്റുന്നതായിരുന്നു വിക്കിലീക്സിന്റെ പിന്നീടുള്ള പ്രവർത്തനം. യൂറോപ്പിലെ പലവിധ സർവറുകളിലേക്ക് മാറിമാറി വിവരങ്ങൾ നൽകി മുഴുവൻ സമയവും ഒരു സർവറിലെങ്കിലും വിവരങ്ങൾ ലഭ്യമാക്കാൻ ഹാക്ടിവിസ്റ്റുകൾക്ക് സാധിച്ചു. ഇടക്കിടെ സൈറ്റ് പേര് മാറ്റി രജിസ്റ്റർ ചെയ്തും ഐ.പി. നമ്പർ മാറ്റിയും അവർ അമേരിക്കയെ നന്നായി വെള്ളം കുടിപ്പിച്ചു.

വിക്കിലീക്സിന്റെ ഓൺലൈൻ ട്രാഫികുകളിൽ തടസ്സങ്ങൾ സൃഷ്ടിക്കാനായിരുന്നു അമേരിക്കയുടെ അടുത്ത ശ്രമം. പക്ഷേ, ഓൺലൈൻ ഗതാഗത കേന്ദ്രങ്ങളിൽ എവിടെ തൊട്ടാലും വിക്കിലീക്സിലെത്തിക്കുന്ന ലിങ്കുകൾ സൃഷ്ടിച്ച് അവർ അതിനും പ്രതിരോധം സൃഷ്ടിച്ചു. മാത്രവുമല്ല, വിക്കിലീക്സിനു സമാനമായ പതിനായിരക്കണക്കിന് മിറർ സൈറ്റുകൾ (രൂപത്തിലും ഭാവത്തിലും ഘടനയിലും ഒരേപോലെ, ഉടമസ്ഥതയിൽ മാത്രം വ്യത്യാസം) അവർ സൃഷ്ടിച്ചു. വിക്കിലീക്സിൽ വരുന്ന മാറ്റങ്ങൾ ഉടനടി മറ്റു മിററുകളിലേക്ക് പകർത്താനും അതുവഴി സന്ദർശകർക്ക് വിവരങ്ങൾ യഥാവിധി നൽകാനും ഹാക്ടിവിസ്റ്റുകൾ ജാഗ്രത കാണിച്ചു. അസ്സാഞ്ചിന്റെ സാമ്പത്തിക വരവുകൾ തടഞ്ഞ ഒരു സ്വിസ് ബാങ്കിനെ കൊള്ളയടിച്ച് അവിടെ നിന്ന് അസ്സാഞ്ചിന്റെ പേരിലുള്ള 31,000 യൂറോ തിരിച്ചുപിടിക്കാനും അവർക്ക് കഴിഞ്ഞു. വിക്കിലീക്സിനെ എതിർക്കാൻ ശ്രമിക്കുന്നവരുടെ അടിവേരറുക്കുമെന്ന നയവും അവർ പുറത്തെടുത്തു.

അതോടെ വിക്കിലീക്സ് എതിരാ




ളികളില്ലാത്തവിധം വിവരങ്ങളുടെ വിസ്ഫോടന പരമ്പരകളുമായി അതിവേഗം ബഹുദൂരം സഞ്ചരിച്ചു. ഇപ്പോഴും അതങ്ങനെ തുടരുകയും ചെയ്യുന്നു. പിന്നെ അമേരിക്കയ്ക്കു മുന്നിലുള്ള ഏക മാർഗം അസ്സാഞ്ചിനെ പിടികൂടുക എന്നതു മാത്രമായിരുന്നു. അതിനായി ഇന്റർപോളിൽ സമ്മർദ്ധം ചെലുത്തി അന്താരാഷ്ട്ര കുറ്റവാളിയാക്കി അസ്സാഞ്ചിനെ അവതരിപ്പിച്ചു. പക്ഷേ, കഷ്ടപ്പെട്ട് പ്രതിയെ കോടതിക്കു മുമ്പാകെ ഹാജറാക്കുമ്പോൾ ഇതൊക്കെ വലിയ കുറ്റമാണോ എന്നായിരിക്കും കോടതിയുടെ ചോദ്യം. അതിനും ഒബാമ വഴി കണ്ടെത്തി. പുതിയൊരു വിവര ചോരണ നിയമം സെനറ്റിൽ നിന്ന് പാസ്സാക്കിയെടുക്കുകയും ചെയ്തു.

പക്ഷേ, ഒന്നുറപ്പാണ്, വിക്കിലീക്സും അസ്സാഞ്ചും മൺമറഞ്ഞാൽ തന്നെയും ഓൺലൈൻ ഭീകരവാദത്തിനെതിരെയും വെബ് തീവ്രവാദത്തിനെതിരെയും പുതിയൊരു കുരിശുയുദ്ധം തുടങ്ങാതെ അമേരിക്കയ്ക്കിനി വിശ്രമമുണ്ടാവില്ല. കാരണം അത്രയധികം സൈബർ ഉസാമമാർ ഞങ്ങൾ വിക്കിലീക്കർമാരാണ് എന്ന നയവുമായി തങ്ങളുടെ കണ്ണും കാതും തുറന്ന് ഇന്റർനെറ്റിനു മുന്നിൽ കാത്തിരിക്കുകയാണ്, മറ്റൊരു വേൾഡ് ഡാറ്റാ സെന്റർ ആക്രമണം നടത്താൻ.

**വാൽകഷ്ണം:**

ചോദ്യം: അടുത്ത വർഷത്തെ സമാധാനത്തിനുവേണ്ടിയുള്ള നൊബേൽ പുരസ്കാരം ഹാക്ടിവിസ്റ്റുകളുടെ പിതാവ് ജൂലിയൻ അസ്സാഞ്ചിന് നൽകണമെന്നാവശ്യപ്പെട്ട് അനേകായിരം കത്തുകൾ നൊബേൽ കമ്മിറ്റിയുടെ മുമ്പാകെ എത്തിയിട്ടുണ്ടത്രെ. അങ്ങനെയെങ്കിൽ എന്തു കൊണ്ട് അസ്സാഞ്ചിന്റെ മുൻഗാമി ഉസാമ ബിൻലാദന് അത്തരമൊരു പുരസ്കാരം നൽകിക്കൂടാ?

ഉത്തരം: സമാധാനത്തിനു വേണ്ടിയുള്ള നൊബേൽ സമ്മാനം ഗാന്ധിജിക്കും ലഭിച്ചിട്ടില്ലല്ലോ!



## മാപ്പിളസ്വത്വം 1921-ന് മുമ്പും ശേഷവും

# രണോത്സുകതയിൽ നിന്ന് ഉൾവലിയലിലേക്ക്

മലപ്പുറം കത്തി

• മഹ്മൂദ് പനങ്ങാങ്ങര

**വ**ളരെ ചരിത്രപരമായ ചില വിലയിരുത്തലുകളാണ്  മലപ്പുറം കത്തി 1921-ന് മുമ്പും ശേഷവുമുള്ള മാപ്പിളമാരെക്കുറിച്ച് പറയാൻ പോകുന്നത്. ഒരു വർഷം മുമ്പ് ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി സെന്റർ ഫോർ ആഫ്രിക്കൻ ആന്റ് അറബിക് സ്റ്റഡീസിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ വളരെ ലളിതമായ ഒരു മലയാളീകരണം.   ചരിത്രത്തിൽ നമ്മുടെ മാപ്പിളമാരുടെ പ്രവർത്തനങ്ങളുടെ സ്വഭാവം എന്തായിരുന്നുവെന്നും 1921-ന് ശേഷം അതിന് വല്ല മാറ്റവും ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അത് എന്താണ് എന്നുമാണ് അന്വേഷണവിഷയം.

1792-ൽ ബ്രിട്ടീഷുകാർ മലബാറിന്റെ ഭരണം കൈയാളിയതുമുതലുള്ള കാലമാണ് നമ്മുടെ 'ചർച്ചാകാലം.' അതിനു മുമ്പുള്ള കുഞ്ഞാലി മരക്കാർമാരുടെയും മറ്റും ചരിത്രം തൽക്കാലം പേജുകളുടെ ദൈർഘ്യം ഭയന്ന് മാറ്റി വെക്കാം. ഇന്നത്തെ മലപ്പുറം ജില്ലയിലെ വള്ളുവനാട്, ഏറനാട്, പൊന്നാനി പ്രദേശങ്ങളും കണ്ണൂർ ജില്ലയിലെ മട്ടന്നൂർ പ്രദേശവുമാണ് നമ്മുടെ 'ചർച്ചാപരിധി.' മറ്റു പ്രദേശങ്ങളെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ ചരിത്രസ്രോതസ്സുകളിൽ വളരെ പരിമിതമാണ് എന്നതിനാൽ, അവ ചർച്ച ചെയ്യാതെ നമുക്ക് രക്ഷപ്പെടാം. ഈ 'കാല'ത്തിൽ നിന്നോ 'പരിധി'യിൽ നിന്നോ പ്രത്യേകിച്ച് ഏതെങ്കിലുമൊരു വർഷമോ പ്രദേശമോ എടുത്ത് നമ്മൾ ചർച്ച ചെയ്യുന്നില്ല. മറിച്ച് വളരെ പൊതുവായ വിശകലനങ്ങൾ. ഈ നാലു പ്രദേശങ്ങളെയും രണ്ടു പതിറ്റാണ്ടുകളിലധികം വരുന്ന

കാലവും മുൻനിർത്തി മാപ്പിളമാരുടെ സ്വഭാവത്തിന് (മറ്റൊരു വിധത്തിൽ പറഞ്ഞാൽ സ്വത്വത്തിന്) വന്ന മാറ്റങ്ങൾ എന്തൊക്കെയാണ്, എങ്ങനെയൊക്കെയാണ്. അതാണ് നമ്മൾ നോക്കുന്നത്.

മലബാറിൽ ബ്രിട്ടീഷുകാർ ഭരണം തുടങ്ങിയതു മുതൽ തദ്ദേശീയർക്കിടയിൽ വളരെ അസംതൃപ്തി നിലനിന്നിരുന്നു. ഉണ്ണിമൂസ മൂപ്പൻ, ചെമ്പൻ പോക്കർ, ഹൈദ്രോസ്, ഹസൻ ഗുരിക്കൾ തുടങ്ങിയവർ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലുമായി വെള്ളക്കാരോട് ധീരഘോരം പോരാടി. പഴശ്ശി രാജയൊക്കെ വാളെടുക്കാൻ തുടങ്ങുന്നതിനു എത്രയോ മുമ്പേ ഇവർ വള്ളുവനാട്ടിലും ഏറനാട്ടിലുമായി ബ്രിട്ടീഷുകാരോട് പൊരുതിക്കൊണ്ടിരിക്കുകയായിരുന്നു. 1805- 1806 വർഷങ്ങളിൽ, നീണ്ട പോരാട്ടങ്ങൾക്ക് ശേഷം ബ്രിട്ടീഷുകാർ എല്ലാവരെയും മൃഗീയമായി കൊന്നൊടുക്കി.

1817-ൽ ഹസൻ ഗുരിക്കളുടെ മകൻ മഞ്ചേരിയിൽ ചെറുതായൊരു കലാപം നടത്തിയെങ്കിലും ബ്രിട്ടീഷുകാർ പെട്ടെന്നുതന്നെ അടിച്ചമർത്തി. ഈയൊരു കലാപമൊഴിച്ചു നിർത്തിയാൽ, 1836 വരെയുള്ള കാലയളവിൽ, ഏറെക്കുറെ മൂന്നുപതിറ്റാണ്ടു കാലത്ത് കലാപങ്ങളൊന്നും നടന്നിട്ടില്ല. അതിനർഥം മലബാറിൽ ദുരിതങ്ങളുണ്ടായിരുന്നില്ലെന്നോ, മാപ്പിളമാർക്ക് അധിനിവേശത്തോട് കൂറ് തോന്നിയെന്നോ അല്ല. വളരെ ദുരിതപൂർണമായ ജീവിതമായിരുന്നു അവരുടേത്. അധിക നികുതികളും കുടിയൊഴിപ്പിക്കലുകളും ഗവൺമെന്റിന്റെയും ജന്മിമാരുടെയും പക്ഷപാതപരമായ നിലപാടുകളും മർദ്ദനങ്ങളുമെല്ലാം അവരുടെ നിത്യജീവിതം അതിദുരിതപൂർണമാക്കിക്കൊണ്ടിരിക്കുകയായിരുന്നു. എങ്ങനെ പ്രതികരിക്കുമെന്നറിയാതിരുന്ന അവർക്ക് നല്ലൊരു നേതൃത്വത്തിന്റെ അഭാവമുണ്ടായിരുന്നു.

ഇക്കാലത്ത്, ആത്മീയമായ നേതൃത്വത്തിലും മതകാര്യങ്ങളിലും നിസ്തുലനായി സാത്വിക ജീവിതം നയിച്ചിരുന്ന മഹാനായ മമ്പുറം സയ്യിദ് അലവി തങ്ങൾ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ബ്രിട്ടീഷുകാരുടെ ഭരണമാണ് ഇതിനെല്ലാം കാരണമെന്ന് തിരിച്ചറിയുകയും ചെയ്തു. ഗവൺമെന്റും പോലീസും ഉദ്യോഗസ്ഥരും ജന്മിമാരുമെല്ലാം സമൂഹത്തിന്റെ താഴേക്കിടയിലുള്ളവർക്കെതിരെ ഒറ്റക്കെട്ടായി നിൽക്കുന്നത് കണ്ടപ്പോൾ, അവർക്കെതിരെ പോരാടുകയല്ലാതെ മറ്റുവഴികളില്ലെന്ന് മഹാനവർകൾ മനസ്സിലാക്കി. അങ്ങനെ പോരാട്ടങ്ങൾക്കുള്ള ആഹ്വാനങ്ങൾ മമ്പുറത്തുനിന്നും മുഴങ്ങി.

1836-ലാണ് അങ്ങനെ ബ്രിട്ടീഷുകാർക്കെതിരെ മാപ്പിളമാർ പരസ്യമായി വീണ്ടും രംഗത്തെത്തുന്നത്. തിരൂരങ്ങാടിയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് തുടങ്ങിയ കലാപങ്ങൾ മറ്റുപ്രദേശങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരുന്നു. തന്നെ സന്ദർശിക്കാനെത്തുന്നവരോടും ആശീർവാദങ്ങൾ വാങ്ങാനെത്തുന്നവരോടും ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ നിൽക്കാൻ തങ്ങൾ ആഹ്വാനം ചെയ്തു.

1841-ൽ ബ്രിട്ടീഷുകാർക്കെതിരെ ശക്തമായ യുദ്ധാഹ്വാനവുമായി തങ്ങൾ 'സൈഫുൽ ബത്താർ അലാ മൻ യുവാലിൽ കുഫ്ഫാർ' എന്ന ഗ്രന്ഥവുമെഴുതി. ബ്രിട്ടീഷ് ഗവൺമെന്റിനെയും അവർക്ക് ഓശാനപാടുന്നവരെയുമെല്ലാം നിശിതമായി വിമർശിച്ച തങ്ങൾ, വിശുദ്ധ യുദ്ധത്തിന്റെ ആവശ്യകതയും ശ്രേഷ്ഠതകളും ഊന്നിപ്പറ

**1836-ലാണ് അങ്ങനെ ബ്രിട്ടീഷുകാർക്കെതിരെ മാപ്പിളമാർ പരസ്യമായി വീണ്ടും രംഗത്തെത്തുന്നത്. തിരൂരങ്ങാടിയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് തുടങ്ങിയ കലാപങ്ങൾ മറ്റുപ്രദേശങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരുന്നു. തന്നെ സന്ദർശിക്കാനെത്തുന്നവരോടും ആശീർവാദങ്ങൾ വാങ്ങാനെത്തുന്നവരോടും ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ നിൽക്കാൻ തങ്ങൾ ആഹ്വാനം ചെയ്തു. 1841-ൽ ബ്രിട്ടീഷുകാർക്കെതിരെ ശക്തമായ യുദ്ധാഹ്വാനവുമായി തങ്ങൾ 'സൈഫുൽ ബത്താർ അലാ മൻ യുവാലിൽ കുഫ്ഫാർ' എന്ന ഗ്രന്ഥവുമെഴുതി**



ഞ്ഞു.  തങ്ങളുടെ പ്രഖ്യാപനങ്ങൾ നെഞ്ചേറ്റിയ മാപ്പിള സമുദായം ഒറ്റക്കും കൂട്ടമായും ബ്രിട്ടീഷുകാർക്കെതിരെയും അവർക്ക് പിന്തുണ നൽകുന്നവർക്കെതിരെയും പോരാട്ടങ്ങൾ ശക്തമാക്കി.

1843-ൽ തങ്ങൾ വഫാത്താവുകയും പുത്രൻ സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങൾ അറേബ്യയിലേക്ക് പോകുകയും ചെയ്തു. ശരിക്കും നാഥനില്ലാതായ മാപ്പിളമാർ എന്തുചെയ്യണമെന്നറിയാതെ നിന്നു. ഒന്നുരണ്ടു കലാപങ്ങൾ പിന്നീട് നടന്നെങ്കിലും അധികം നീണ്ടുനിന്നില്ല. ആറു വർഷം കഴിഞ്ഞാണ് ഫദ്ൽ പൂക്കോയ തങ്ങൾ അറേബ്യയിൽ നിന്നും തിരിച്ചെത്തുന്നത്. പിതാവിന്റെ പാത പിന്തുടർന്ന്, ബ്രിട്ടീഷുകാർക്കെതിരെ അദ്ദേഹവും ശക്തമായി നിലകൊണ്ടു. 'സൈഫുൽ ബത്താർ' പോലെ, അദ്ദേഹവും വെള്ളക്കാർക്കെതിരെ കൂടുതൽ ശക്തമായ ഭാഷയിൽ ഒരു ഗ്രന്ഥമെഴുതി: 'ഉദ്ദത്തുൽ ഉമറാഅ് വൽ ഹുക്കാം ലി ഇഹാനത്തിൽ കഫറതി വൽ അസ്നാം'. പിതാവിനെക്കാളും കൂടുതൽ കർക്കശമായ നിലപാടുകളായിരുന്നു ഫദ്ൽ പൂക്കോയ തങ്ങളുടേത്. (രണ്ട് കൃതികളും ബ്രിട്ടീഷുകാർ നിരോധിക്കുകയും കണ്ടുകെട്ടുകയും ചെയ്തു.)




രണ്ടു മമ്പുറം തങ്ങന്മാരും അവരുടെ രണ്ടു കൃതികളും ശരിക്കും മാപ്പിളമാരുടെ സ്വത്വം നിർണയിച്ചു കൊണ്ടിരിക്കുകയായിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ രണാങ്കണങ്ങളിലിറങ്ങാനും, അവരോട് സന്ധിയില്ലാ സമരം ചെയ്യാനും മാപ്പിളമാർക്ക് മാർഗനിർദേശങ്ങൾ നൽകിയ മമ്പുറം തങ്ങന്മാർ അവരുടെ ജീവിതവ്യവസ്ഥകളെയും രീതികളെയും അപ്പാടെ സ്വാധീനിച്ചിരുന്നു. ആത്മീയവും പാവനവുമായ ഒരു ലക്ഷ്യത്തിനു വേണ്ടി ജീവൻ ബലി കൊടുത്ത് പോരാടുക എന്ന ജീവിതമുദ്ര മനസ്സിലുറപ്പിച്ച്, പോരാട്ടവീര്യവുമായി  അവർ ബ്രിട്ടീഷുകാർക്കെതിരെയും അവരുടെ പിണിയാളുകൾക്കെതിരെയും നിരന്തരം പോരാടി.

1852-ൽ സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങൾ അറേബ്യയിലേക്ക് നാടുകടത്തപ്പെട്ടെങ്കിലും അദ്ദേഹം ഉയർത്തിപ്പിടിച്ച ജീവിതസന്ദേശങ്ങൾ അപ്പാടെ ഏറ്റുപിടിച്ച വീണ്ടും രണോത്സുകരായി പടക്കളങ്ങളിൽ പൊരുതി. തുടരെത്തുടരെ മാപ്പിളമാർ പല സ്ഥലങ്ങളിലും വർഷങ്ങളിലുമായി ബ്രിട്ടീഷുകാർക്കെതിരെ മാപ്പിളമാർ കൊലവിളിച്ചു കൊണ്ടിരുന്നു. വിവിധ നിയമങ്ങളും നടപടികളും കൊണ്ടുവന്ന് കലാപങ്ങൾക്ക് തടയിടാൻ ബ്രിട്ടീഷ് ഗവൺമെന്റ് കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തിനോക്കി. എന്നാൽ, മമ്പുറം തങ്ങന്മാർ പകർന്നുതന്ന അധിനിവേശവിരോധവും ദൈനംദിന ജീവിതദുരിതങ്ങളും കൊണ്ട് രണോത്സുകതയിൽ അധിഷ്ഠിതരായിരുന്ന മാപ്പിളമാരുടെ പോരാട്ടവീര്യങ്ങൾക്ക് മുമ്പിൽ അവയൊന്നും വിലപ്പോയില്ല.

കിരാതമായ പട്ടാള നടപടികൾ കൊണ്ട് ഓരോ കലാപത്തെയും അടിച്ചൊതുക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് ശ്രമിച്ചുനോക്കി. അതും മാപ്പിളമാരുടെ 'ജീവൻഭയമില്ലായ്മ'യിൽ നിഷ്ഫലമായി. മമ്പുറം തങ്ങന്മാർ പകർന്നുതന്ന ജിഹാദിന്റെ വിശുദ്ധ പാഠങ്ങൾ നെഞ്ചേറ്റിയിരുന്ന, ആ മാപ്പിളയോദ്ധാക്കളെ സംബന്ധിച്ചിടത്തോളം ഐഹിക ജീവിതവും ജീവനും എത്രയോ നിസ്സാരമാണ്. പാവനവും അനശ്വരവുമായ പാരത്രിക ജീവിതത്തിന്റെ വിജയമായിരുന്നു ആത്മീയ ശ്രേണികളുടെ പടവുകൾ മുന്നിൽ കണ്ടിരുന്ന അവരുടെ ഒരേയൊരു ലക്ഷ്യം.

അങ്ങനെ, 1921-ലെ ഐതിഹാസിക പോരാട്ടം വരെ 1836 മുതൽ നൂറുക്കണക്കിന് കലാപങ്ങളാണ് മട്ടന്നൂർ,


ആസ്തമക്കും പാരമ്പര്യ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ

**ദേശീയ ആയുർവ്വേദ ഫാർമസി**

പ്ലാസ ബിൽഡിംഗ്, ഊട്ടി റോഡ്, **പെരിന്തൽമണ്ണ**

Ph: 228484 (Shop), 2233038 (Resi)



മമ്പുറം മഖാമിൽ കാൽ നൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച് ജനമനസ്സുകൾക്ക് ശാന്തിയും സ്നേഹവും ചൊരിഞ്ഞ് രോഗങ്ങൾക്കും സങ്കീർണ്ണ പ്രശ്നങ്ങൾക്കും പരിഹാര നിർദേശങ്ങൾ നൽകിയ ഹക്കീം ടി.ടി. എം. ഹാജി ഷറഫുദ്ദീൻ മൗലവി ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രോഗികളെ പരിശോധിക്കുന്നു. എല്ലാവിധ മാനസിക അസ്വസ്ഥത, അപസ്മാരം, സ്ത്രീ രോഗങ്ങൾ, ചർമരോഗങ്ങൾ, പൈശാചിക രോഗങ്ങൾ, വന്ധ്യത, ലൈംഗിക രോഗങ്ങൾ, പഴക്കം ചെന്ന വാത രോഗങ്ങൾ, അൾസർ, എല്ലാവിധ അലർജികളും സൈനസൈറ്റിസ് തുടങ്ങിയ എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

ഉറക്കിൽ മൂത്രം ഒഴിക്കൽ, വിട്ടുമാറാത്ത തുമ്മൽ, തലവേദന, ആസ്ത്മ, പ്രമേഹത്തിന് ഇൻസുലിൻ, ഇഞ്ചക്ഷനില്ലാതെ പ്രത്യേകചികിത്സയും ലഭ്യമാണ്.

കൂടാതെ വിദഗ്ധ ഡോക്ടർ

**കെ.സി. മുരളീധരൻ D.A.Mന്റെ സേവനവും ലഭ്യമാണ്.**

പരിശോധനാ സമയം:

10 മണി മുതൽ 12 മണി വരെ, 3 മണി മുതൽ 6 മണി വരെ

വള്ളുവനാട്, ഏറനാട്, പൊന്നാനി താലൂക്കുകളിലായി നടന്നത്. 1921-ലെ കലാപം അതുവരെ നടന്ന കലാപങ്ങളുടെയെല്ലാം മൂർത്തീകരണമായിരുന്നു. അത്രയും വിപുലവും വിശാലവും ജനകീയവുമായ ഒരു കലാപം അതിനു മുമ്പെങ്ങും നടന്നിരുന്നില്ല. വിവിധ പ്രദേശങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് മാപ്പിളമാർ ഒറ്റക്കെട്ടായി ബ്രിട്ടീഷുകാർക്കെതിരെ വീരപോരാട്ടവുമായി നെഞ്ചുവിരിച്ചു മുന്നിട്ടിറങ്ങി. ദിവസങ്ങളും ആഴ്ചകളും മാസങ്ങളും നീണ്ടുനിന്ന കലാപം ബ്രിട്ടീഷുകാരുടെ അത്യാധുനിക സൈനിക സൗകര്യങ്ങൾ കൊണ്ടൊന്നും പെട്ടെന്ന് അടിച്ചമർത്താൻ കഴിഞ്ഞില്ല.

ചരിത്രത്തിന്റെ വിശദീകരണങ്ങളിലേക്ക് കടക്കുന്നില്ല. മലബാർ കലാപവുമായി ബന്ധപ്പെട്ട് എഴുതപ്പെട്ട ഗ്രന്ഥങ്ങൾക്ക് കൈയും കണക്കുമില്ലല്ലോ. ഏതായാലും, വളരെ കിരാതമായി ബ്രിട്ടീഷുകാർ കലാപം അടിച്ചമർത്തുക തന്നെ ചെയ്തു. കലാപാനന്തരം മലബാറിന്റെ സ്ഥിതി അതിദയനീയമായിരുന്നു. 'കൊല്ലപ്പെട്ട മാപ്പിളമാർക്ക് കൈയും കണക്കുമില്ല. അമ്പതിനായിരത്തോളം മാപ്പിളമാർ അറസ്റ്റ് ചെയ്യപ്പെട്ടു. പതിനാലായിരത്തോളം പേർ ഒന്നുകിൽ കൊല്ലപ്പെടുകയോ അല്ലെങ്കിൽ നാടുകടത്തപ്പെടുകയോ ചെയ്തു. നിരവധി കുട്ടികളെയും സ്ത്രീകളെയും ബ്രിട്ടീഷ് പട്ടാളം കൊന്നൊടുക്കി.' എം.പി. നാരായണ മേനോന്റെ കലാപസ്മൃതികളിൽ തെളിയുന്നതാണീ വാക്കുകൾ.

കലാപം അടിച്ചമർത്തപ്പെട്ടതോടെ മലബാറിന്റെയും മാപ്പിളമാരുടെയും മുന്നോട്ടുള്ള പ്രയാണം അതീവ ദുർഘടമായിരുന്നു. പറയത്തക്കതായ നേതാക്കളാരും തന്നെയില്ല. എല്ലാവരും ഒന്നുകിൽ കൊല്ലപ്പെടുകയോ അല്ലെങ്കിൽ നാടുകടത്തപ്പെടുകയോ ചെയ്തിരിക്കുന്നു. മതപരമായും രാഷ്ട്രീയമായും സാമ്പത്തികമായും തികഞ്ഞ അരക്ഷിതാവസ്ഥ എങ്ങും കളിയാടി. ആ ദാരുണാവസ്ഥയിൽ നിന്നും സമുദായത്തെ കൈപ്പിടിച്ചുയർത്താൻ പെട്ടെന്നൊരു ഹസ്തവും ഉയർന്നുവന്നില്ല.

ഈ അരക്ഷിതാവസ്ഥ മുതലെടുത്താണ് ചില തൽപര കക്ഷികൾ മതപരിഷ്കരണത്തിന്റെയും മതനവീകരണത്തിന്റെയുമെല്ലാം ആശയങ്ങൾ ഉയർത്തിപ്പിടിച്ച് കൊടുങ്ങല്ലൂരിൽ തലയുയർത്തുന്നത്. പാരമ്പര്യനിഷേധവും മതപരിഷ്കരണവും മുഖമുദ്രയാക്കിയ അവർ പുത്തൻവാദങ്ങളുടെ വിഷവിത്തുക്കൾ സാധാരണക്കാർക്കിടയിൽ ഗൂഢമായി വിതക്കാൻ തുടങ്ങി. ഇതു തിരിച്ചറിഞ്ഞ മഹാന്മാരായ നേതാക്കൾ അവർക്കെതിരെ ഒറ്റക്കെട്ടായി നിൽക്കുകയും 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമ' എന്ന മഹത്പ്രസ്ഥാനത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഇരുകൂട്ടരും ദീർഘമായ വാദപ്രതിവാദങ്ങൾ നടത്തുകയും, പുത്തൻ വാദത്തിന്റെ മുനയൊടിക്കുന്നതിൽ മഹാനുഭാവരായ പാരമ്പര്യ പണ്ഡിതശ്രേഷ്ഠർ അതീവ ശ്രദ്ധാലുക്കളാവുകയും ചെയ്തു. അല്ലാഹു അവർക്ക് അർഹമായ പ്രതിഫലം നൽകുകയും അവരോടൊപ്പം നമ്മെ എല്ലാവരെയും നാളെ അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യുമാറാകട്ടെ.

മാപ്പിളസ്വത്വത്തിന്, മാപ്പിളസമുദായത്തിന്റെ പൊതുവായ സ്വഭാവത്തിന് വ്യക്തമായ മാറ്റം സംഭവിക്കുകയായിരുന്നു പുത്തൻ വാദികളുടെ ആഗമനവും തുടർന്നുണ്ടായ സംഭവവികാസങ്ങളും മുതൽ. 1836 മുതൽ 1921 വരെയുള്ള കാലയളവിൽ, മമ്പുറം സയ്യിദ് അലവി തങ്ങളും മമ്പുറം സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങളും ബ്രിട്ടീഷുകാർക്കെതിരെ സ്വീകരിച്ച നിലപാടുകളിലധിഷ്ഠിതമായി മാപ്പിള സമൂഹം ഇതര സമൂഹങ്ങൾക്കൊപ്പം നിന്ന് ഒറ്റക്കെട്ടായി ദേശത്തിനും രാഷ്ട്രത്തിനും വേണ്ടി പോരാടി. സാമുദായിക പരിധികൾക്കപ്പുറത്ത് ദേശത്തിന്റെയും പൊതുജന ജീവിതത്തിന്റെയും വിഷയങ്ങളിൽ അതീവ തൽപരരായിരുന്ന മാപ്പിളസമൂഹം പെട്ടെന്ന് അടങ്ങ ഒരു സമൂഹമായിത്തീർന്നു. അവാന്തര വിഷയങ്ങളിലുള്ള തർക്കങ്ങളിലും വാഗ്വാദങ്ങളിലും മാത്രമായി അവരുടെ ശ്രദ്ധ. ഉത്പതിഷ്ണുക്കൾ ഉയർത്തിയ പുത്തൻ വാദങ്ങളിൽ നിന്നും സമുദായത്തെ രക്ഷിക്കാൻ കഠിനപ്രയത്നം നടത്താൻ നിർബന്ധിതരായ മഹത്തുക്കളായ ഉലമാക്കൾക്ക്, അതുകൊണ്ടുതന്നെ മറ്റുവിഷയങ്ങൾ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. പയ്യെപ്പയ്യെ മാപ്പിളസമുദായം സ്വയം ഒതുങ്ങിക്കൂടുകയും സ്വന്തമായ സാമുദായിക പരിധികൾക്കപ്പുറം കടക്കാൻ മടി കാണിക്കുകയും ചെയ്തു. പിന്നീടുള്ള പതിറ്റാണ്ടുകൾ, വലിയൊരളവു വരെ ഈയടുത്ത കാലം വരെ അങ്ങനെത്തന്നെ തുടരുകയും ചെയ്തു. തികഞ്ഞ രണോത്സുകതയിൽ നിന്നും തികഞ്ഞ ചരിത്രപരമായ ഒരു ഉൾവലിയൽ.

സാമുദായിക പരിധികൾക്കപ്പുറത്ത് ദേശത്തിന്റെയും പൊതുജന ജീവിതത്തിന്റെയും വിഷയങ്ങളിൽ അതീവ തൽപരരായിരുന്ന മാപ്പിളസമൂഹം പെട്ടെന്ന് അടങ്ങ ഒരു സമൂഹമായിത്തീർന്നു. അവാന്തര വിഷയങ്ങളിലുള്ള തർക്കങ്ങളിലും വാഗ്വാദങ്ങളിലും മാത്രമായി അവരുടെ ശ്രദ്ധ. ഉത്പതിഷ്ണുക്കൾ ഉയർത്തിയ പുത്തൻ വാദങ്ങളിൽ നിന്നും സമുദായത്തെ രക്ഷിക്കാൻ കഠിനപ്രയത്നം നടത്താൻ നിർബന്ധിതരായ മഹത്തുക്കളായ ഉലമാക്കൾക്ക്, അതുകൊണ്ടുതന്നെ മറ്റുവിഷയങ്ങൾ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല

കെ.എം. മൗലവിയുടെയും എം.സി.സി. സഹോദരങ്ങൾ, പിന്നെ മൗദൂദി തുടങ്ങിയവരുടെയും അപദാനങ്ങൾ എഴുതിയ സുവനീർ (മലയാള മൗലിദ്) ഏത് ഗണത്തിൽ പെടും? അത് വായിക്കുന്നത് ഖുറാഫാത്താണോ,? ശിർക്കിൽ പെടുമോ? വായിക്കുന്നതാണോ രേഖപ്പെടുത്തുന്നതാണോ ശിർക്ക്? വായിക്കുമ്പോൾ കട്ടൻചായ കൊടുക്കുന്നതും കുടിക്കുന്നതും ശിർക്കിന്റെ പരിധിയിൽ വരുമോ, കശുവണ്ടിയും ബദാമും കൊറിച്ച് വായിച്ചാൽ ഏത് കാറ്റഗറിയിൽ ഉൾപ്പെടുത്തും

# വിനാശകാരികൾ വിഘടനവാദികൾ

● പിണങ്ങോട് അബൂബക്ർ

സകല നന്മകളും പരിഹസിക്കുക, എല്ലാ സൽക്കർമ്മങ്ങളും കൊച്ചാക്കുക, പരമാവധി വിശ്വാസവിടവുകൾ സൃഷ്ടിക്കുക, ഫിർഖത്തുകൾക്ക് ആക്കം കൂട്ടുക ഇതാണ് 'ബിദഈ' പ്രസ്ഥാനങ്ങളുടെ മുഖമുദ്ര.

റമളാൻ വന്നാൽ മനുഷ്യമനസ്സുകൾ കൂടുതൽ ലോലമായി അല്ലാഹുവിലേക്കടുക്കാൻ വെമ്പും. അപ്പോഴാണ് 'കട്ട്' പറഞ്ഞവരെത്തുക. തറാവീഹ് ഇല്ല ഉള്ളത് ഖിയാമുലൈൽ അതാണെങ്കിലോ എട്ട് റക്അത്തും. ബംഗാളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഇമാമിനെ വെച്ച് ഓതിയോതി മഅ്മൂമുകൾ ഉറങ്ങിയുറങ്ങി അങ്ങനെ ഒരു മാസമങ്ങ് കഴിച്ചുകൂട്ടും. പെരുന്നാൾ വന്നാലോ പള്ളി വിട്ട് മൈതാനത്തെത്തും. മാതൃഭൂമിക്കാർക്ക് ഫാഷൻ പരേഡിലെന്ന പോലെ പടമെടുക്കാൻ പാകത്തിൽ നാരികളെ നിരനിരയായി നിർത്തണം. കണ്ടില്ലേ സ്ത്രീപക്ഷ വായന. സ്ത്രീകളുടെ ആരാധനാസ്വാതന്ത്ര്യ പോരാട്ടം. ഇസ്ലാമിക വിരുദ്ധശക്തികൾക്ക് ശക്തിപകരാൻ ഒരവസരം സൃഷ്ടിച്ചുകൊടുത്ത ചാരിതാർത്ഥ്യത്തോടെ! സലഫികൾ മാളത്തിലേക്ക്. മാസമുറപ്പിക്കുന്നതും കണക്ക് വെച്ച് സൂര്യ-ചന്ദ്രന്റെ രാശി നോക്കി ഹരിച്ചു ഗുണിച്ചു കണക്കാക്കി മാസക്കമ്മിറ്റി (ഹിലാൽ കമ്മിറ്റി) പെരുന്നാളുറപ്പിക്കും. ഇങ്ങനെ ഒരു സമ്പ്രദായം മുസ്ലിം ലോകത്ത് ഏതെങ്കിലും ഘട്ടത്തിൽ ഉണ്ടായിരുന്നോ? കർമശാസ്ത്ര പണ്ഡിതർ അംഗീകരിക്കുമോ? ചോദ്യം സ്വീകരിക്കില്ല, ഫിത്ന മാത്രം സ്വീകരിക്കും.

പെരുന്നാൾ ദിനത്തിലെ ഫിത്വ്റ്

സക്കാത്തിനും ബലിപെരുന്നാൾ ദിനത്തിലെ ഉള്ഹിയത്ത് മാംസ വിതരണത്തിനും ഫുഖഹാക്കളുടെ തീരുമാനങ്ങൾക്ക് പുല്ലുവില. ബലി മൃഗത്തിന്റെ വയസ്, നിബന്ധന ഇതൊന്നും പ്രശ്നമല്ല. ബുഖാരിയും മുസ്‌ലിമും തുഹ്ഫയും നിഹായയും ആർക്കുവേണം?! എവിടെ നിന്നോ തപ്പിപിടിച്ചു കൊണ്ടുവന്ന ഹദീസും അതിന് സ്വയമൊരു വ്യാഖ്യാനവും പിന്നെ ഒരു ഗവേഷകന്റെ ഗർവ്വുമായാൽ വിശ്വപ്രസിദ്ധ സലഫി പണ്ഡിതനായി. അപ്പോഴേക്കും കുറച്ചാളുകൾ 'ഫസാദാ'യിട്ടുണ്ടാവും.

റബീഉൽ അവ്വൽ വന്നാൽ ബഹളമായി. തെരുവിൽ പ്രസംഗം, ലഘുലേഖകൾ, പരിഹാസങ്ങൾ, ആക്ഷേപങ്ങൾ, പിറന്നാൾ കഴിക്കാൻ പാടില്ല, കൊടിയ ശിർക്ക്. സ്വന്തം മകന്റെ പിറന്നാൾ കേക്ക് മുറിച്ച് നടത്തിയതോ? മൗലിദ് ഓതാൻ പോയിട്ട് തൊട്ടു നോക്കാൻ പോലും പാടില്ല. അപരിഷ്കൃതം, പ്രാകൃതം, യാഥാസ്ഥിതികം, ഖുറാഫാത്ത് അങ്ങനെ നൂറു കൂട്ടം പഴികൾ.

കെ.എം. മൗലവിയുടെയും എം.സി.സി. സഹോദരങ്ങൾ, പിന്നെ മൗദൂദി തുടങ്ങിയവരുടെയും അപദാനങ്ങൾ എഴുതിയ സുവനീർ (മലയാള മൗലിദ്) ഏത് ഗണത്തിൽ പെടും? അത് വായിക്കുന്നത് ഖുറാഫാത്താണോ,? ശിർക്കിൽ പെടുമോ? വായിക്കുന്നതാണോ രേഖപ്പെടുത്തുന്നതാണോ ശിർക്ക്? വായിക്കുമ്പോൾ കട്ടൻചായ കൊടുക്കുന്നതും കുടിക്കുന്നതും ശിർക്കിന്റെ പരിധിയിൽ വരുമോ, കശുവണ്ടിയും ബദാമും കൊറിച്ച് വായിച്ചാൽ ഏത് കാറ്റഗറിയിൽ ഉൾപ്പെടുത്തും.

നബി(സ)യുടെ അപദാനങ്ങൾ രേഖപ്പെടുത്തിയതാണ് മൗലിദ് കിതാബുകൾ (അറബി ലിപി). അത് തെറ്റാണോ, വായിക്കാൻ പാടുണ്ടോ, വായിക്കുമ്പോൾ ഭക്ഷണം കൊടുക്കാമോ? ഇതു പാടില്ലന്നാണെങ്കിൽ മലയാള മൗലിദിനും ഈ 'ഹുക്മ്' തന്നെയാവില്ലേ? നബി(സ)യുടെ മഹത്വം പറയുമ്പോൾ അതിരു വിടുന്നു എന്നാണ് ചിലരുടെ പരാതി. അതായത് 'അൻത ഉമ്മും അം അബു' എന്നൊക്കെ നബിതങ്ങളെ വർണിക്കുന്നു. നബി(സ) വാപ്പയാണോ, ഉമ്മയാണോ? ഒരു സാദാ മനുഷ്യനല്ലേ, ഖുർആൻ അങ്ങനെ പറഞ്ഞില്ലേ പിന്നെങ്ങനെ ഇത്തരം വർണനന സാധുവാകും?

യു.എ.ഇ പ്രസിഡന്റായിരുന്ന ശൈഖ് സായിദ് ബിൻ നഹ്‌യാനെ സംബന്ധിച്ച് യു.എ.ഇയിലുടനീളം വലിയ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. അത് ഇപ്രകാരം: "ഖാഇദ്, വാലിദ്, മുഅല്ലിം'(നേതാവ്, പിതാവ്, ഗുരു). നാടിനും നാട്ടുകാർക്കും എണ്ണമറ്റ ഗുണങ്ങൾ ചെയ്ത ആ നല്ല മനുഷ്യനെ ജനങ്ങൾ നേതാവായും പിതാവായും ഗുരുവായും കണക്കാക്കി ആദരിക്കുന്നു. അദ്ദേഹത്തിന്റെ ഖബറിടത്തിൽ മുടങ്ങാതെ ഖുർആൻ ഓതുന്നു. ഗൾഫിലെ ഒരു സലഫിയും ഒരക്ഷരം ഇതിനെതിരിൽ ഉരിയാടുന്നില്ല. കേരളം പച്ച പിടിക്കാനും കൊണ്ടുപോകുന്ന റസീപ്റ്റ് ചെലവാക്കാനും മാത്ര

യു.എ.ഇ പ്രസിഡന്റായിരുന്ന ശൈഖ് സായിദ് ബിൻ നഹ്‌യാനെ സംബന്ധിച്ച് യു.എ.ഇയിലുടനീളം വലിയ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. അത് ഇപ്രകാരം: "ഖാഇദ്, വാലിദ്, മുഅല്ലിം'(നേതാവ്, പിതാവ്, ഗുരു). നാടിനും നാട്ടുകാർക്കും എണ്ണമറ്റ ഗുണങ്ങൾ ചെയ്ത ആ നല്ല മനുഷ്യനെ ജനങ്ങൾ നേതാവായും പിതാവായും ഗുരുവായും കണക്കാക്കി ആദരിക്കുന്നു. അദ്ദേഹത്തിന്റെ ഖബറിടത്തിൽ മുടങ്ങാതെ ഖുർആൻ ഓതുന്നു. ഗൾഫിലെ ഒരു സലഫിയും ഒരക്ഷരം ഇതിനെതിരിൽ ഉരിയാടുന്നില്ല



മാണോ അവിടെ ഇതൊക്കെ ഇസ്‌ലാമായത്? അവിടെ സുന്നത്തായത് ഇവിടെ കുഫ്റാവുന്നത് എങ്ങനെയാണ്? മഹാത്മാഗാന്ധിജിയെ രാഷ്ട്ര പിതാവെന്നു വിളിക്കുന്നത് കുഫ്റാവുമോ? ബിദഈ നേതാക്കളുടെ അനുസ്മരണ സമ്മേളനം ശിർക്കിൽപെടുമോ? നബിദിനം മാത്രം ശിർക്കാവുന്നത് എങ്ങനെയാണ്? ദേശീയപതാക വന്ദിക്കുന്നത് കുഫ്റിൽ പെടുമോ? മന്ത്രിമാർ ഉൾപ്പെടെയുള്ളവരുടെ വലതു ഭാഗത്ത് മാത്രമേ പതാക വെക്കാവൂ. ഇടതു ഭാഗത്തായാൽ കുറ്റകരമാവും. കോടതിയെ ബഹുമാനിച്ചില്ലെങ്കിൽ വിവരമറിയും. അന്ധവിശ്വാസത്തിന്റെ പരിധി ഏതാണ്? ദുൻയവിയായ കാര്യങ്ങളിലാവാം, ഉഖ്റവിയായതിൽ പറ്റില്ലെന്നാണോ? കോടതിയെ ബഹുമാനിക്കണം (ദുൻയാവ്), പള്ളികളെ ബഹുമാനിക്കണ്ട(ആഖിറം), ജഡ്ജിയെ ആദരിക്കണം (ദുൻയാവ്), സ്വാലിഹീങ്ങളെ, ഔലിയാക്കളെ, സാദാത്തുക്കളെ, ആലിമീങ്ങളെ ആദരിക്കരുത്(ആഖിറം). ഇതൊക്കെ എത്രമാത്രം അപരിഷ്കൃത സമീപനങ്ങളാണ്. ആന്തമാൻ ദ്വീപിലെ കാട്ടുമനുഷ്യർ പോലും പൈതൃകമായി സ്വീകരിച്ചുവരുന്ന ചില പൊതുസമീപനങ്ങൾ പഠിച്ചു നോക്കണം.

ലോകാനുഗ്രഹിയായ നബി(സ)യെ പുകഴ്ത്തരുത്, യു.എ.ഇക്ക് ഇടക്കാലത്ത് അനുഗ്രഹിയായ ശൈഖിനെ പുകഴ്ത്താമെന്നാണോ? ഇവിടെ റിയാലിന്നാണോ അഖീദ ക്കാണോ സലഫീ പിന്തുണ?

റജബ് മാസം വന്നാൽ കോലാഹലമായി. നബി(സ)യുടെ ആത്മാവിന്റെ യാത്രയാണ് അല്ലാതെ ഒർജിനൽ യാത്രയല്ല. അപ്പോൾ 'അസ്റാ ബി അബ്ദിഹീ' എന്ന വാക്കാണല്ലോ ഖുർആൻ പറഞ്ഞത്. ഉടനെ മറുപടി: അത് പാതിയാത്ര, മക്ക മുതൽ ഖുദ്സ് വരെ. പിന്നെയുള്ളത് അംഗീകരിക്കില്ല, ഖുർആനിലില്ല. അപ്പോൾ ബുഖാരിയിലോ? ഞങ്ങൾ ഖുർആൻകാരാണ്. എന്നാൽ നേരത്തെ ചില വാദത്തിന് തപ്പിപിടിച്ചു കൊണ്ടുവന്ന ഹദീസോ? പ്രശ്നം അതല്ല. റജബും ഇവർ വിടില്ലെന്നുമാത്രം.

ബറാഅത്ത് വന്നാൽ ഉടനെ തെരുവിലിറങ്ങി. ബറാഅത്തില്ല. സുന്നത്ത് നോമ്പില്ല. അന്ധവിശ്വാസം, അബദ്ധം. അങ്ങനെ നൂറു കൂട്ടം ആക്ഷേപം. ഇമാം ഗസ്സാലി(റ)വിന്റെ അഭിപ്രായമോ? അതാർക്ക് വേണം. ആത്മീയതയല്ലല്ലോ ഇസ്‌ലാം അതൊരു മത-രാഷ്ട്രീയ പ്രത്യയശാസ്ത്രമല്ലേ. ഇലാഹ്, റുബൂബിയ്യത്ത്, തഹ്കീം'(ദൈവം, സംരക്ഷകൻ, ഭരണം). പിന്നെ എവിടെയാണ് ഗസ്സാലിയും അതു പോലുള്ള മഹത്തുക്കളും?!

വെള്ളിയാഴ്ച വന്നാലും പ്രശ്നം. പെണ്ണില്ലാതെ പള്ളിയിൽ പോകില്ല. സ്ത്രീകളുടെ ആരാധനാസ്വാതന്ത്ര്യം വകവെക്കാനാണത്രെ ഈ പോക്ക്! കേട്ടാൽതോന്നും സ്ത്രീകളുടെ ആരാധന ഇസ്‌ലാം വിലക്കിയിരിക്കുന്നു എന്ന്. എന്നാണ് സ്ത്രീകൾ പള്ളിയിൽ പോയിത്തുടങ്ങിയത്? ആരാണതിന് നേതൃത്വം നൽകിയത്? ലോകത്ത് പ്രഥമമായി ഈ കൃത്യം ചെയ്തയാൾ മുസ്തഫാ കമാൽപാഷ. അദ്ദേഹം മതവിശ്വാസിയായിരുന്നോ? യൂറോപ്പിന്റെ ഉപകരണം. അഥവാ 'മഴുത്തായി' ആയിരുന്നില്ലേ? കേരളത്തിൽ ഇസ്‌ലാമെത്തിയത് ഹിജ്റ 5-ൽ. അതായത് എ.ഡി 631-32ൽ. ഇത് ചരിത്രം. ഇവിടെ മലയാള ഖുതുബ പ്രഥമമായി തുടങ്ങിയതും സ്ത്രീകളെ പള്ളിയിലേക്ക് കൊണ്ടു പോയതും 1938-ൽ ഒതായിയിൽ. കേരളത്തിൽ സ്ഥാപിച്ച പ്രഥമപള്ളികളോ കൊടുങ്ങല്ലൂർ, ധർമ്മടം, ചാലിയം, പന്തലായിനി, കാസർകോട് മുതലായ സ്ഥലങ്ങളിൽ. അതായത് ഇസ്‌ലാമെത്തി 1307 വർഷത്തിനു ശേഷമാണ് ഹദീസ് ലഭിച്ചതെന്നാണോ? മാലിക്ബ്നു ദീനാർ(റ) വിന്റെ കൂടെയുണ്ടായിരുന്ന 'ഖുമരിയ്യ' ഉൾപ്പെടെയുള്ള ഏതെങ്കിലും ഒരു സ്ത്രീ പള്ളിയിൽ പോയിരുന്നോ? ഏതായാലും എല്ലാ നല്ല കാര്യങ്ങളെയും ചടങ്ങുകളെയും നടപടിക്രമങ്ങളെയും പരിഹസിക്കുന്നു; ഇല്ലാതാക്കുന്നു. വിശ്വാസികളെ അവിശ്വാസികളാക്കാൻ ശ്രമിക്കുന്നു. ഈ ഏർപ്പാടിനപ്പുറം (ശിർക്കാരോപണം) വല്ല പ്രൊജക്ടും ബിദഇകൾക്കുണ്ടോ? സത്യവിശ്വാസികൾ ജാഗ്രത പുലർത്തുക. മുസ്‌ലിംകൾക്കിടയിൽ 'ഫിർഖത്തു'ണ്ടാക്കി ശക്തിക്ഷയിപ്പിക്കാൻ യൂറോപ്പ് നിർമിച്ചതാണ് ബിദഈ പ്രസ്ഥാനങ്ങളെന്ന സൂക്ഷ്മശാലികളായ ഉലമാക്കളുടെ ദീർഘവീക്ഷണത്തിന് അടിവരയിടുക.


ഫലപ്രദമായ ചികിത്സ

സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ്, സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ മുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത്ത വർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബ വ്യാഴം, വെള്ളി മാത്രം.



**അൽ - അമീൻ** കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം, ഊട്ടി റോഡ്, പെരിന്തൽമണ്ണ. Ph: 04933 227984, 9847103

**ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.**
ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 239

# തെറ്റായ വാദങ്ങൾ

നമ്മുടെ പ്രമാണങ്ങൾ; വസ്തുതയും തെറ്റിദ്ധാരണയും/രണ്ട്

● പികെ മുഹമ്മദ് സലീം ദാരിമി ചെർള

ഹദീസ് നഷ്ടപ്പെട്ടു എന്നതിന് ചിലർ പറയുന്ന ഒരു തെളിവ് ഇതാണ്: "ഹദീസുകളിൽ കൂടുതലും ളഈഫു കളാണല്ലോ. മതവിധി സ്ഥാപിക്കാൻ ളഈഫ് പറ്റില്ലെന്നത് നമ്മുടെ സ്ഥിരീകൃത തത്വവുമല്ലേ? അപ്പോൾ ലഭ്യമായവയിൽ തന്നെ അധികവും ഫലശൂന്യമാണെന്നു വന്നല്ലോ. ഹദീസുകളെ സ്വഹീഹ്, ളഈഫ് എന്നിങ്ങനെ വകതിരിച്ചത് നബി(സ)യായിരുന്നുവെന്നാണോ ധാരണ? അപ്പോൾ നബി(സ) പറയുമ്പോൾ പ്രമാണമായ ഹദീസ് തന്നെ റിപ്പോർട്ടറുടെ ദൗർബല്യം കാരണം ളഈഫാകുമ്പോൾ ഫലത്തിൽ അത് നഷ്ടപ്പെടുന്നില്ലേ?

ഇതേ ആശയം മറ്റൊരാൾ എഴുതുന്നത് കാണുക. "ഇങ്ങനെ സ്വഹാബത്തിന്റെ കാലത്ത് സ്വീകാര്യമായിരുന്ന ഹദീസുകൾ തന്നെ അവരിൽ നിന്നും മറ്റൊരാൾ നിവേദനം ചെയ്യുമ്പോൾ അയാളുടെ ദൗർബല്യംമൂലം അസ്വീകാര്യമായേക്കാം. നിവേദക പരമ്പരയിൽ ഒരു കണ്ണി കൂടി കൂടുമ്പോൾ നിരൂപണത്തിൽ കുറേ ഹദീസുകൾ വീണ്ടും അസ്വീകാര്യമാകുന്നു. ഇങ്ങനെ കണ്ണികൾ നീണ്ടുപോകുംതോറും ലഭ്യമായ ഹദീസുകളിൽനിന്ന് കുറേയെണ്ണം വീണ്ടും വീണ്ടും അസ്വീകാര്യമായി മാറ്റി നിർത്തപ്പെടുന്നു. ഇതൊന്നും ഹദീസിന്റെ ന്യൂനതയല്ല, അതിന്റെ നിവേദക പരമ്പരയിലെ ആളുകളുടെ ന്യൂനത കൊണ്ട് അവരുടെ ഹദീസുകളെ മാറ്റിനിർത്തേണ്ടി വരുകയാണ്.

സാക്ഷാൽ ഇബ്നുതീമിയ്യയിൽ നിന്നു കോപ്പിയടിച്ച ആധുനിക ഇബ്നു തീമിയ്യമാരുടെ വാദമാണിത്.



ഇതിന്ന് മഹാനായ സഅ്ദുദ്ദീനിത്ത ഫ്താസാനിയുടെ മറുപടി താഴെ വരുന്നുണ്ട്. ഒരൊറ്റ മുഹദ്ദിസും ഇങ്ങനെ പറഞ്ഞിട്ടില്ല. നമ്മുടെ ഇമാമുമാർ മുഴുവനും പറഞ്ഞത്, ളഈഫായ ഹദീസിന് തന്നെയാണ് കുഴപ്പമെന്നാണ്.

നബിയെ തൊട്ട് ഉദ്ധരിക്കപ്പെടുന്ന വാക്കുകളും പ്രവൃത്തികളും അംഗീകൃത റാവികൾ പറയുമ്പോൾ അത് സ്വഹീഹാകുന്നു. അതായത് അത് നബിയുടെ വാക്കോ പ്രവൃത്തിയോ അംഗീകാരമോ ആണെന്ന് മനസ്സിലാക്കാം. വ്യാജൻ പറയുമ്പോൾ, അദ്ദേഹത്തിന്റെ ഉസ്താദുമാരുമായി മഹാൻമാരുടെ പേരുദ്ധരിച്ച് നബിയിലേക്കെത്തിച്ചു നബിയെ തൊട്ടു ഉദ്ധരിക്കുന്നതാണല്ലോ പ്രസ്തുത ളഈഫ്. ഈ ളഈഫ് ഒരു കാരണവശാലും നബിയുടെ ഹദീസാകുന്നില്ല, നബിയിലേക്ക് ചേർത്താനും പാടില്ല. വ്യാജന്റെ നിർമിതിയാണ് അയാൾ പറയുന്നതെല്ലാം.

ഇവിടെ ളഈഫ് എന്നാൽ അർത്ഥം വ്യാജമോ (മൗളൂഅ്) വ്യാജ സമാനമോ (ശിബ്ഹു മൗളൂഅ്) ആണ്. അതിനാൽ ളഈഫ് കൊണ്ട് തെളിവു പിടിക്കൽ സാധ്യമല്ല. ഇനി തെളിവിന് പറയുന്ന ചില ളഈഫുകളുണ്ട്. അതു മറ്റു രിവായത്തുകൾ വഴി സ്വഹീഹായി വന്നതാണ്. മറ്റൊരുവിധേന സ്വഹീഹായി വന്നതിനാൽ അതു തെളിവിന് യോഗ്യവുമാണ്. ഫളാഇലുൽ അഅ്മാലു പോലോത്ത വിഷയങ്ങളിൽ സാധാരണ തെളിവിന് പറയുന്ന ളഈഫായ ഹദീസുകൾ മൗളൂഅല്ലാത്ത ഹദീസുകളാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ഇമാം നവവി(റ) പറയുന്നു: ഹദീസ് പണ്ഡിതൻമാരിൽ നിന്നും മറ്റും യാഥാർത്ഥ്യം ഉൾകൊണ്ട് പണ്ഡിതൻമാർ പറഞ്ഞു: ളഈഫായ ഹദീസിനെ സംബന്ധിച്ച് റസൂലുല്ലാഹി(സ) പറഞ്ഞു: ചെയ്തു, കൽപ്പിച്ചു, വിരോധിച്ചു, വിധിച്ചു പോലുള്ള വാക്കുകൾ ഉപയോഗിക്കരുത്. ഇതേപോലെ ളഈഫായ ഹദീസിൽ, വ്യാജൻ സ്വഹാബിയായി ഉദ്ധരിച്ച ആ സ്വഹാബി പറഞ്ഞു, ഹദീസ് ഉദ്ധരിച്ചു, ഖബർ പറഞ്ഞു, ഫത്വ നൽകി മുതലായ പ്രയോഗങ്ങൾ പ്രയോഗിക്കരുത്. വ്യാജന്റെ ഗുരുക്കന്മാരുടെ കൂട്ടത്തിൽ വ്യാജൻ പറയുന്ന മഹത്തുക്കളായ താബിഉകളും ശേഷമുള്ളവരും ഇതുപോലെ പറയപ്പെടരുത്. വ്യാജൻ ഒപ്പിച്ചെടുക്കുന്ന മഹാന്മാരാണത്. വ്യാജനും അവരുമായി യാതൊരു ബന്ധവുമുണ്ടാകണമെന്നില്ല. വേണമെങ്കിൽ 'ഉറപ്പില്ല' എന്നു സൂചിപ്പിക്കുന്ന പറയപ്പെട്ടു, ഉദ്ധരിക്കപ്പെട്ടു മുതലായ വാക്കുകൾ ഉപയോഗിക്കാം. കർത്തരി പ്രയോഗങ്ങൾ ഉറപ്പുള്ളപ്പോൾ ഉപയോഗിക്കാനും കർമണി പ്രയോഗങ്ങൾ ഉറപ്പില്ലാത്തതിനും നിയോഗിക്കപ്പെട്ടതാണ്. കർത്തരി പ്രയോഗങ്ങൾ ഉപയോഗിച്ചാൽ കർത്താവിൽനിന്ന് സ്വഹീഹായി വന്നതാണെന്ന് ഗ്രഹിക്കും. അത് സ്വഹീഹിന് മാത്രമേ ഉപയോഗിക്കാവൂ. അല്ലാത്തപക്ഷം ഒരാൾ കള്ളം പറയുന്നതിന്റെ ഗണത്തിൽ അത് പെടും. (ഹദീസിൽ കള്ളം പറയൽ മറ്റു കളവുകളെക്കാളും ഗൗരവമുള്ള കാര്യവുമാണല്ലോ) (ശർഹുൽ മുഹദ്ദബ് 1-98)

"ഇതൊന്നും ഹദീസിന്റെ ന്യൂനതയല്ല." അല്ല, ഹദീസിന്റെ ന്യൂനത തന്നെയാണ്. "നബി പറയുമ്പോൾ പ്രമാണമായ ഹദീസ് തന്നെ റിപ്പോർട്ടരുടെ ദൗർബല്യം കാരണം ളഈഫാകുമ്പോൾ ഫലത്തിൽ അതു നഷ്ടപ്പെടുന്നില്ലേ? ഇങ്ങനെ ഒരു ഹദീസ് ലോകത്തുണ്ടോ? ഉണ്ടാകുമോ? ഒന്നെങ്കിലും ഉദ്ധരിക്കാമോ? നബി പറഞ്ഞ പ്രമാണമായ ഒരു ഹദീസ് ഏത് വ്യാജനും ഹർബിയ്യായ കാഫിർ പോലും പറഞ്ഞാലും അതു പ്രമാണം തന്നെയാണ്. നബിയുടെ മിഅ്റാജ് വാർത്ത നബി(സ) കാഫിറുകളോട് പറഞ്ഞു. കാഫിറുകൾ ആ വാർത്ത സിദ്ദീഖ്(റ)വിനോട് പറഞ്ഞപ്പോൾ, എന്റെ നേതാവ് അത് പറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞ സംഭവം പ്രസിദ്ധമാണല്ലോ?

**ഹദീസ് നഷ്ടപ്പെട്ടു എന്നതിന് ചിലർ പറയുന്ന ഒരു തെളിവ് ഇതാണ്: "ഹദീസുകളിൽ കൂടുതലും ളഈഫുകളാണല്ലോ. മതവിധി സ്ഥാപിക്കാൻ ളഈഫ് പറ്റില്ലെന്നത് നമ്മുടെ സ്ഥിരീകൃത തത്വവുമല്ലേ? അപ്പോൾ ലഭ്യമായവയിൽ തന്നെ അധികവും ഫലശൂന്യമാണെന്നു വന്നല്ലോ. ഹദീസുകളെ സ്വഹീഹ്, ളഈഫ് എന്നിങ്ങനെ വകതിരിച്ചത് നബി(സ)യായിരുന്നുവെന്നാണോ ധാരണ? അപ്പോൾ നബി(സ) പറയുമ്പോൾ പ്രമാണമായ ഹദീസ് തന്നെ റിപ്പോർട്ടറുടെ ദൗർബല്യം കാരണം ളഈഫാകുമ്പോൾ ഫലത്തിൽ അത് നഷ്ടപ്പെടുന്നില്ലേ?**

നബി പറഞ്ഞുവെന്ന് വന്നാൽ അത് ഉദ്ധരിക്കുന്നയാൾ ആരായാലും പ്രമാണമാണെന്നതിന് കൂടുതൽ തെളിവ് വേണോ?

നബി(സ) പറയുമ്പോൾ പ്രമാണമായത് റിപ്പോർട്ടർമാർ മോശമാകുമ്പോൾ അപ്രമാണമാകുകയുമാണെങ്കിൽ നബി(സ) സുന്നത്താക്കിയ കാര്യങ്ങൾ പലതും പിന്നീട് ബിദ്അത്താണെന്നു പറയേണ്ടിവരും. വല്ലാത്ത വാദം തന്നെ!

'റഗാഇബ് നിസ്കാര'മെന്ന പേരിൽ റജബ് മാസത്തിലെ ആദ്യ വെള്ളിയാഴ്ച ഇശാമഗ്‌രിബിന്റെയിടയിൽ 12 റക്അത്ത് നിസ്കാരവും ശഅ്ബാൻ 15-ന് 100 റക്അത്ത്

നിസ്കാരവും ളഈഫായ (മൗളൂഅ്) ഹദീസിൽ വന്നതാണ്. നമ്മുടെ ഇമാമുകൾ അവ വളരെ മോശമായ ബിദ്അത്താണെന്ന് പ്രഖ്യാപിക്കുന്നു. (ശർഹുൽമുഹദ്ദബ് 4-61, തുഹ്ഫ 2-239, ഫത്ഹുൽ മുഈൻ 113)

അപ്പോൾ നബി(സ) സുന്നത്താക്കിയ ഈ രണ്ടു നിസ്കാരങ്ങളും പിൽക്കാലത്ത് റാവികളുടെ മോശം കാരണം ഹദീസ് ളഈഫായപ്പോൾ മോശമായ, വെറുക്കപ്പെട്ട ബിദ്അത്തായി എന്നാണോ മനസ്സിലാക്കേണ്ടത്? ഒരിക്കലുമല്ല. ഇങ്ങനെയൊരു നിസ്കാരം നബി(സ) സുന്നത്താക്കിയിട്ടില്ലേ. ഏതോ വിവരദോഷികൾ ദീനിലില്ലാത്ത, റസൂൽ കാണിച്ചുതരാത്ത ഒരു കാര്യം റസൂലിന്റെ പേരിൽ കെട്ടിവെച്ചത് ഇമാമുകളുടെ ശ്രദ്ധയിൽപെട്ടപ്പോൾ അത് എതിർത്തു. ഈ സത്യം ജനങ്ങളെ അറിയിച്ചു.

നബി(സ)യുടെ പേരിൽ എന്തെങ്കിലും വെച്ചുകെട്ടിയാൽ അതിനു പ്രാമാണികത വരുമെന്നതിനാൽ നബിയുടെ പേരിൽ കള്ളം പറയാനും ദീനിലില്ലാത്തത് കടത്തിക്കൂട്ടാനും ശത്രുക്കൾ ശ്രമിക്കുമെന്നും മനസ്സിലാക്കിയതുകൊണ്ടാണ് തിരുനബി(സ) പറഞ്ഞത്: "എന്റെമേൽ കളവ് പറയുന്നത് മറ്റൊരാളുടെമേൽ കളവ് പറയുന്നത് പോലെയല്ല. എന്റെമേൽ കളവ് പറയുന്നവൻ നരകത്തിൽ ഇരിപ്പിടം ഉറപ്പിക്കട്ടെ."

ഹദീസുകളായി പറയപ്പെടുന്നത് മുഴുവൻ നബിയുടേതല്ല. നബിയുടേത് മാത്രം സ്വഹീഹിന്റെ ഗണത്തിൽ വരും. സ്വഹീഹ് എന്നാൽ തെളിവിന് യോഗ്യമായത് എന്നർത്ഥം. മറ്റുള്ളവ ളഈഫിൽപ്പെടുന്നു. അത് പലവിധമുണ്ട്. മുഖദ്ദിമകളിലും ഹദീസിന്റെ ഗ്രന്ഥങ്ങളിലും അത് തരം തിരിച്ചിട്ടുണ്ട്. അപ്പോൾ ഹദീസിൽ സ്വഹീഹും ളഈഫും വേർതിരിക്കാൻ നിർദേശം നൽകിയത് ദീർഘവീക്ഷണമുള്ള വരാനിരിക്കുന്ന കാര്യങ്ങൾ അറിയുന്ന പ്രവാചകൻ(സ) തന്നെയാണ്. ഇതൊന്നും അറിയാത്തവർ ഉണ്ടാകുകയില്ല എന്നായിരുന്നു മനസ്സിലാക്കപ്പെട്ടിരുന്നത്. ജഹാലത്തിന്റെ വ്യാപനമായി ഇന്ന് ഇതും ചോദ്യംചെയ്യപ്പെടുന്ന അവസ്ഥ സംജാതമായിരിക്കുന്നു!

ഹദീസ് നഷ്ടപ്പെട്ടുവെന്നതിന് പറയപ്പെടുന്ന മറ്റൊരു തെളിവ് ഇതാണ്: "ഇൽമ് ഉയർത്തപ്പെടുമെന്ന ഹദീസ് സ്വഹീഹാണ്. പണ്ഡിതൻമാരുടെ മരണത്തിലൂടെയാണ് ഇത് നടക്കുക എന്ന് നബി വിശദീകരിച്ചതുമാണ്. ഈ ഇൽമിൽ ഹദീസ് പെടുകയില്ലേ എന്നതിന് വല്ല തെളിവുമുണ്ടോ?"

ഇൽമും മഅ്ലൂമും എന്താണെന്നുപോലും അറിയാത്തവരാണ് പാവം ഈ വാദക്കാർ. ഒരു ലേഖകൻ പ്രത്യേകിച്ച് സുന്നി പണ്ഡിതനാണെന്ന് വാദിക്കുന്ന ഒരാൾ 'സുല്ലമുൽ ഉലൂമിന്റെ' ഏതെങ്കിലും ഒരു ശർഹ് ഒതി, ശക്കുൻ മശ്ഹുറുൻ' അതിന്റെ ഹല്ലും മനസ്സിലാക്കിയിരിക്കേണ്ടതായിരുന്നു. എന്തുചെയ്യും ഇവരിങ്ങനെ ഹദീസും ഖുർആനും നഷ്ടപ്പെട്ടുവെന്ന് വാദിക്കാൻ തുടങ്ങിയാൽ?!

മനസ്സിലുള്ളതാണ് ഇൽമ്. ആ ഇൽമ് ഉയർത്തപ്പെടുകയെന്നതിന് രണ്ട് സാധ്യതകളുണ്ട്. ഒന്ന്: അറിവുള്ള പണ്ഡിതർ ജീവിച്ചിരിക്കെ ഒരു സുപ്രഭാതത്തിൽ അദ്ദേഹത്തിന് വിജ്ഞാനം നഷ്ടപ്പെടുക, മനസ്സിൽ നിന്ന് നീക്കിക്കളയുക.
രണ്ട്: ഇൽമുള്ള പണ്ഡിതൻ മരണപ്പെടുക.

ഇതിൽ രണ്ടാമത്തേതാണ് സംഭവിക്കുകയെന്ന് ബുഖാരിയിൽ 100-ാമത് ഹദീസായി ഉദ്ധരിക്കുന്നു. മഹാന്മാരായ പണ്ഡിതൻമാർ മരിക്കുമ്പോൾ അവരുടെ ഹൃദയങ്ങളിലുള്ള ഇൽമ് അവരോടു കൂടെ ഉയർത്തപ്പെടുമെന്നതും അത്രയും ഇൽമുള്ള ആളുകൾ പിന്നീടുണ്ടാവാതിരിക്കുന്നതും നമ്മുടെ അനുഭവമാണ്. ഇന്ന് നാം നമ്മുടെ പണ്ഡിതരോട് എന്തെങ്കിലുമൊരു കാര്യം ചോദിച്ചാൽ നോക്കിയിട്ട് പറഞ്ഞുതരാം എന്നു പറയുന്നവരേ കാണുകയുള്ളൂ. അവരുടെ ഹൃദയത്തിൽ ഒന്നുമില്ല. മഅ്ലൂമുകളുള്ള കിതാബുകൾ നോക്കി ഇൽമ് കണ്ടുപിടിച്ച് പറയണം. ഫിഖ്ഹിലോ മറ്റോ ഏതെങ്കിലും ഒരു കിതാബ് ഫിഖ്ഹുള്ള ആരെങ്കിലും ഇന്നുണ്ടോ? ഉണ്ടെങ്കിൽ തന്നെ വളരെ വിരളം. അപ്പോൾ സമൂഹത്തിൽ ഇൽമ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് പറയാം. 25,000 കിതാബുകൾ ഉൾകൊള്ളുന്ന സി.ഡി ഇന്നുണ്ട്. കുതുബുഖാനകളിൽ ധാരാളം കിതാബുകളുമുണ്ട്. അതുകൊണ്ട് ഇൽമുണ്ട് എന്നോ അതെല്ലാം ഉള്ളവനെ ഇൽമുള്ളവനെന്നോ പറയാൻ പറ്റുമോ?

'തുഹ്ഫത്തുൽ അബ്റാർ ഫീ അസറാത്തിസ്സാഅ' എന്ന കിതാബിൽ



ഖിയാമത്തിന്റെ 39-ാമത്തെ അടയാളമായി പറയുന്നത്, കിതാബുകൾ അധികമായി പ്രത്യക്ഷപ്പെടുക എന്നതാണ്. അതിന് തെളിവായി ഉദ്ധരിക്കുന്നത്, "കച്ചവടം വ്യാപകമാകലും ഇൽമ് വ്യാപകമാകലും ഖിയാമത്തിന്റെ അടയാളങ്ങളിൽ പെട്ടതാകുന്നു" എന്ന ഹദീസാണ്. ഇൽമ് പ്രത്യക്ഷപ്പെടുക, വ്യാപിക്കുക എന്നതിന്റെ വിവക്ഷ അബൂദാവൂദത്ത്വയാലിസി രിവായത്ത് ചെയ്തതു പോലെ കിതാബ് ധാരാളമായി രംഗത്തു വരിക എന്നാണ്.

ഇൽമ് ഉയർത്തപ്പെടൽ ഖിയാമത്തിന്റെ അടയാളമായതുപോലെ ഇൽമിന്റെ വ്യാപനവും ഖിയാമത്തിന്റെ അടയാളമാണ്. ഉയർത്തപ്പെടുന്നത് യഥാർത്ഥ ഇൽമ് തന്നെയെന്നും വ്യാപിക്കുന്നത് അറിയപ്പെടുന്നതിന്റെ ദാല്ലായ കിതാബുകളാണെന്നും വിവക്ഷിക്കപ്പെടുമ്പോൾ കിതാബുകളിൽ ഇൽമ് എഴുതപ്പെടുമെന്നും അത് അറിയുന്ന പണ്ഡിതർ ഇല്ലാതായിപ്പോകുമെന്നും മനസ്സിലാക്കാൻ പ്രയാസമില്ല.

മുഹദ്ദിസുകൾ ഹദീസ് കൈകാര്യം ചെയ്യുമ്പോൾ അവരുടെ പ്രധാന ശ്രദ്ധ, ഹദീസുദ്ധരിക്കുന്ന റാവികളെ പഠിക്കലും റാവികൾ എങ്ങനെ പറഞ്ഞുകൊടുത്തുവോ അത് അങ്ങനെത്തന്നെ മനഃപാഠമാക്കലുമായിരുന്നു. ചിലപ്പോൾ അവർ പഠിച്ച ഹദീസിന്റെ ഉള്ളിലേക്കിറങ്ങിച്ചെന്ന് വിശകലനം ചെയ്ത് അതിലുള്ള പൊരുൾ ഗ്രഹിക്കണമെന്നില്ല. ഇന്ന് നമ്മുടെ വിദ്യാർത്ഥികൾ ഖുർആൻ ഹിഫ്ളാക്കുന്നതുപോലെ. ഈ യൊരവസ്ഥ ഇമാം മാലിക്(റ) തന്റെ സഹോദരീപുത്രന്മാരായ ബക്ർ, ഇസ്മാഈൽ എന്നിവരിൽ കണ്ടപ്പോൾ മാലിക് അവരോട് പറഞ്ഞു: "നിങ്ങൾ രണ്ടാളും ഹദീസിനെ സ്നേഹിക്കുന്നവരും അതന്വേഷിച്ച് കണ്ടുപിടിക്കുന്നവരുമാണെന്ന് എനിക്ക് തോന്നുന്നു." അവർ പറഞ്ഞു: "അതെ." അപ്പോൾ മാലിക് പറഞ്ഞു: "ഹദീസ് കൊണ്ട് നിങ്ങൾക്ക് ഉപകാരം ലഭിക്കാനും നിങ്ങൾ രണ്ടാളെ കൊണ്ടും അല്ലാഹു മറ്റുള്ളവർക്ക് ഉപകാരം ചെയ്യാനും നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഹദീസ് നിങ്ങൾ കുറക്കുക, പഠിക്കുന്ന ഹദീസിൽ നിങ്ങൾ ആഴത്തിൽ ഇറങ്ങിച്ചെന്ന് ഗഹനമായി പഠിക്കുക."

ഇത് വിശകലനം ചെയ്തു കൊണ്ട് ഇബ്നുഹജറിൽ ഹൈതമി ഫതാവൽ ഹദീസിയ്യയിൽ പറയുന്നു: "ഹദീസ് പഠനം ഒഴിച്ചുകൂടാൻ പറ്റാത്തതാണെന്നതിലേക്ക് ഇമാം മാലിക് സൂചിപ്പിച്ചു. പക്ഷേ, പ്രത്യേകം ഗൗനിക്കേണ്ടത് പഠിച്ച ഹദീസുകളിൽ ഗവേഷണം നടത്തി അതിന്റെ ആശയം ഉൾകൊള്ളലാണ്.( ഫതാവൽ ഹദീസിയ്യ 202)

ഇതിൽ, മാലിക് ഇമാം, ഹദീസ് പഠിക്കേണ്ട എന്നോ ഏതെങ്കിലും മുജ്തഹിദിന്റെ ഗവേഷണങ്ങൾ പഠിച്ചാൽ മതി എന്നോ ഒന്നും പറഞ്ഞില്ല. മാത്രവുമല്ല വെറും ഹദീസിന്റെ വാചകങ്ങൾ ഉരുവിടാൻ മാത്രം മുതിർന്നാൽ പോരാ, അത് ഗ്രഹിക്കുക കൂടി വേണമെന്ന് ഉപദേശിക്കുകയും അത് ഗ്രഹിക്കാൻ വേണ്ടുന്ന മറ്റു അറിവിന്റെ ശാഖകളിലേക്ക് കൂടി നിങ്ങൾ രണ്ടാളും പ്രവേശിക്കണമെന്ന് നിർദേശിക്കുകയും ചെയ്യുകയായിരുന്നു.

മഹാന്മാരുടെ വാക്കുകൾക്ക് പല അർത്ഥങ്ങളുമുണ്ടാകുമ്പോൾ അതിന്റെ ഉദ്ദേശിക്കാൻ പറ്റുന്ന എല്ലാ അർത്ഥങ്ങളും അതിന്റെ വ്യാഖ്യാനമായി എടുക്കാവുന്നതാണ്. അങ്ങനെയുള്ള ഒരു തത്വവാക്കിന് ഒരു ഇമാം നൽകിയ അർത്ഥം ഒരാൾ പറഞ്ഞതിനൊ, മറ്റൊരു ഇമാം നൽകിയതു കൊണ്ട് ഖണ്ഡിക്കുന്നത് ബന്ധനമല്ല; തോന്നിവാസമാണ്. 'ഹദീസ് സ്വഹീഹായാൽ അതാണ് എന്റെ മദ്ഹബ്' എന്ന് അധിക മുജ്തഹിദുകളും പറഞ്ഞതാണ്. അതു പല നിലയ്ക്കും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അതൊരു വെല്ലുവിളിയായി എണ്ണിയവരുണ്ട്. പ്രോത്സാഹനമായി എണ്ണിയവരുമുണ്ട്. ശർഹുൽ മുഹദ്ദബിൽ പറയുന്നു: "അങ്ങനെ ലഭിക്കുന്ന ഹദീസ്, ഇജ്തിഹാദിന് യോഗ്യതയുള്ളവനാണെങ്കിൽ അവന് അതുകൊണ്ട് അമൽ ചെയ്യാം. ഇനി ഇജ്തിഹാദിന്റെ യോഗ്യത ഇല്ലാത്തവനാകുകയും അവൻ ഗ്രഹിച്ച അർത്ഥപ്രകാരം ആ ഹദീസിന് വിപരീതമായി ജീവിക്കാൻ പ്രയാസമാകുകയും വ്യക്തമായ മറുപടി ഈ ഹദീസിന് ലഭിക്കാതിരിക്കുകയും ചെയ്താൽ ഈ ഹദീസ് കൊണ്ട് ശാഫിഈ ഇമാമല്ലാത്ത ഏതെങ്കിലും മുജ്തഹിദ് അമൽ ചെയ്തിട്ടുണ്ടെങ്കിൽ അവന് ഈ ഹദീസ് കൊണ്ട് അമൽ ചെയ്യാം. അത് ശാഫിഈ മദ്ഹബ് ഒഴിവാക്കാൻ അവന് കാരണമാകുകയും ചെയ്യും." ഇതാണ് ശർഹുൽ മുഹദ്ദബിലുള്ളത് (1-100)

ഇജ്തിഹാദിന്റെ യോഗ്യതയില്ലാത്തവർ ഹദീസ് പഠിക്കരുത് എന്ന് എവിടെയാണുള്ളത്?

ഇതു വരെ നാം എഴുതിയത്, ഹദീസ് നഷ്ടപ്പെട്ടു എന്ന ഇബ്നുതീമിയ്യയുടെയും അനുയായികളുടെയും വാദങ്ങൾക്കുള്ള മറുപടിയാണ്. നമ്മുടെ ഇമാമുകൾ ഹദീസുകളെ സംബന്ധിച്ച് എന്തു പറഞ്ഞുവെന്നതാണ് ഇനി നമുക്ക് ചർച്ച ചെയ്യാനുള്ളത്.

*-അവസാനിക്കുന്നില്ല*


**ഫലപ്രദമായ ചികിത്സ**

**ശക്തിക്കുറവ്, ശ്രീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, മറ്റു ലൈംഗിക രോഗങ്ങൾ, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ, മൂലക്കുരു എന്നിവക്ക് ഫലപ്രദമായ ചികിത്സ.**



ഫിസിഷ്യൻ: **എം. ആർ. കൃഷ്ണൻ**

**R.K. ക്ലിനിക്ക്**

**റൂം നമ്പർ -3, മനഴി ബസ്സ്റ്റന്റ്, ഹോസ്പിറ്റൽ റോഡ്,**
**പെരിന്തൽമണ്ണ. Mob: 9447769061**

(വൈദ്യരത്ന പ്രഭ ഏജൻസി) സമയം 9.30 മുതൽ 6.30 വരെ

# വേദിക്കു പിറകിലെ മത്സരക്കാഴ്ചകൾ

**ബഷീർ കാട്ടുമുണ്ട**

അകത്തെ വായനക്ക്

ഒരു കലോത്സവം കൂടി കെട്ടടങ്ങി. എന്തൊക്കെ പുകിലുകളാണ് പതിവു പോലെ ഈ കലോത്സവക്കാലത്തും നാം കേട്ടത്. ഭരതനാട്യം, നാടോടി നൃത്തം, ഒപ്പന, കഥകളി, സംഘ നൃത്തം തുടങ്ങിയ നൃത്ത പരിപാടി കൾക്കായി ഒരു കുട്ടി വേദിയിൽ കയ റുമ്പോഴേക്കും ഇന്നത്തെ മാർക്കറ്റ് പ്രകാരം ആറായിരം മുതൽ പതിന യ്യായിരം രൂപ വരെ ചെലവഴിക്കണം. ഡ്രസ്സിന്റെ വില, ഗുരുവിന് ദക്ഷിണ, മേയ്ക്കപ്പ്മാന്റെ കൂലി, പക്കമേളക്കാ രുടെ വാടക, കൂലി, മറ്റു ചെലവു കൾ... ഇങ്ങനെ ചെലവ് നോക്കി യാൽ അന്തം വിടും.

അതു കഴിഞ്ഞു വേദിയിലെത്തി യാലോ.. ഒന്നാമത്തെ ആളായി വേദി യിൽ കയറിയില്ല. അന്ധവിശ്വാസം... ഒന്നാം സമ്മാനം കിട്ടില്ലപോലും! ഇനി വേദിയിൽ കയറിയാലോ? ആരാണ് ഒന്നാമത്, ആർക്കൊക്കെ 'എ' ഗ്രേഡ് എന്നൊക്കെ ആദ്യമേ നിശ്ചയിച്ചിട്ടുണ്ടാവും. കാരണം, ഗുരു ക്കന്മാരും രക്ഷിതാക്കളും ജഡ്ജു മാരും പരസ്പരം വർഷങ്ങളായി ബന്ധമുള്ളവരാണ്. കുട്ടികളും ചിര പരിചിതർ! കാശ് കൂടുതൽ എറിഞ്ഞ യാൾക്ക് ഒന്നാം സമ്മാനം ഉറപ്പ്. ചിലപ്പോഴൊക്കെ അത് ലംഘിക്കപ്പെ ടുന്നുണ്ട്. അപ്പോഴാണ് വേദിക്കു പിന്നിൽ അടി നടക്കുന്നതും ജഡ്ജിന്റെ കഴുത്തിന് പിടിക്കുന്നതു മൊക്കെ!!

പ്രശസ്തി പണമെറിഞ്ഞു വാങ്ങുകയാണ് ഇവിടെ. ഈ കുട്ടിക ളുടെ ടാലന്റ് ചിലപ്പോൾ ഈ മേഖ ലയിലേ ആയിരിക്കില്ല. അതാണ് ഇവരെ പിന്നീട് കേൾക്കാത്തത്.

എന്നാൽ, ഇതിനപവാദമായി ചിലരുണ്ട്. യേശുദാസ്, ജയചന്ദ്രൻ തുടങ്ങിയ പരമോന്നത കലാകാ രൻമാർ സ്കൂൾതലം മുതൽ പേരെ ടുത്ത് വന്നവരാണ്.

പലർക്കും ഇത് സിനിമയി ലേക്കും സീരിയലിലേക്കും റിയാലി റ്റിഷോകളിലേക്കുമുള്ള 'എൻട്രി' മാത്രമാണ്. കലോത്സവങ്ങൾ വഴി സിനിമ-സീരിയലുകളിൽ എത്തിപ്പെ ടുന്നവർ. ഇവർ വിദ്യാഭ്യാസമോ ജീവിതമോ ഒന്നും പൂർത്തിയാ ക്കാതെ ഒടുങ്ങാറാണ് പതിവ്!

എന്തിനാണീ മത്സരങ്ങൾ? വേദി യിൽ കുട്ടികൾ കയറുമ്പോൾ വേദിക്കു പിന്നിൽ രക്ഷിതാക്കളും ഗുരുക്കന്മാരും മത്സരിക്കുന്നതെന്തി നാണ്?

വിജയത്തിനുള്ള അളവുകോൽ കഴിവ് തന്നെ-ആവേണ്ടേ? അതി നുള്ള വഴിയൊരുക്കേണ്ടത് ഈ രക്ഷിതാക്കളും ഗുരുക്കന്മാരും ജഡ്ജുമാരും തന്നെയല്ലേ?

തനത് മാപ്പിള കലകൾ ആകെ നിലനിന്നുപോകുന്നത് സ്കൂൾ കലോത്സവങ്ങളിലാണെന്ന കാര്യം വിസ്മരിക്കുന്നില്ല. മാപ്പിളകലകളായ ഒപ്പനയും ദഫ്മുട്ടും വട്ടപ്പാട്ടും അറ ബനമുട്ടുമൊക്കെ തനിമ കളയാതെ വേദിയിലെത്തുന്നത് മത്സരവേദിക ളിൽ മാത്രമാണ്. സ്കൗട്ട് ദഫും വനി താ-സിനിമാറ്റിക് ദഫും സിനിമാറ്റിക് ഒപ്പനയുമൊക്കെ മേമ്പൊടികൾ ചേർത്ത് അരങ്ങു തകർക്കുമ്പോൾ മാപ്പിളത്തനിമയുള്ള നല്ല ഒപ്പനയും ദഫ്മുട്ടും കലോത്സവ വേദിയിൽ കാണാം.

എന്നാൽ വിദ്യാർത്ഥി ജീവിത ത്തിനുശേഷം നമ്മുടെ തനതു കല കൾക്ക് ഒരു സാധ്യതയുമില്ല എന്ന താണ് വസ്തുത. അല്ലെങ്കിൽ മാപ്പിള കലകൾ നെഞ്ചേറ്റാനുള്ള താൽപര്യം പോലും നമ്മുടെ കുട്ടികൾക്ക് ഇല്ലാ താവുന്നു. എല്ലാവരും മെഡിസി നിനും എഞ്ചിനീയറിംഗിനും ചേർന്ന് ഡോക്ടറും എഞ്ചിനീയറുമാകും.

സർഗാത്മകത നിറഞ്ഞു നിൽക്കുന്ന ഇനങ്ങൾ ഈ കലോത്സ വത്തിൽ ഉള്ളതാണ് മറ്റൊരു നല്ല കാര്യം. ഇവിടെ ഒന്നാം സ്ഥാന ത്തിനും എ ഗ്രേഡിനുമൊന്നും അടിയും വഴക്കുമില്ല.

കഥ, കവിതാ രചനകൾ, ചിത്രര ചന, ഉപന്യാസം, സംഗീത ഇന ങ്ങൾ... ഇവയിൽ മാറ്റുരയ്ക്കുന്നതു പ്രതിഭകൾ തന്നെയായിരിക്കും. ഇവ രുടെ അഭിരുചിയും ഈ മേഖലയിൽ തന്നെയായിരിക്കും. ഇവർ ആ രംഗത്തു തന്നെ പിടിച്ചുനിൽക്കും. അവരെ പിന്നെയും വീണ്ടും ലോകമ റിയും.

ഏതായാലും മത്സരങ്ങൾ ക്രിയാ ത്മകവും ജനകീയവുമാക്കുന്നതോ ടൊപ്പം കഴിവിനുള്ള അംഗീകാരവും കൂടിയാക്കി മാറ്റേണ്ടതുണ്ട്. മൂല്യവ ത്തായ കലാമത്സരങ്ങൾ പ്രോത്സാ ഹിപ്പിക്കേണ്ട ചുമതല നമുക്കുണ്ട്. ഒരു പരിധിവരെ എസ്.കെ.എസ്.എ സ്.എഫ്. വിദ്യാർത്ഥി സംഘടനകൾ ഇതിന്നായി മുന്നോട്ടുവരുന്നുണ്ട്.

# മുഖസ്തുതി മുതുകൊടിക്കുന്നു



തിരുമൊഴി

● ജലീൽ ഫൈസി പുല്ലങ്കോട്

**ഒ**രാൾ ഉസ്മാൻ(റ)ന്റെ സന്നിധിയിൽ വന്ന് അദ്ദേഹത്തെ പുകഴ്ത്തിപ്പറയാൻ തുടങ്ങി. അതു കേട്ട മിഖ്ദാദുബ്നുൽ അസ്‌വദ്(റ)എന്ന സ്വഹാബി മണ്ണ് വാരി അയാളുടെ മുഖത്തേക്ക് എറിഞ്ഞു പറഞ്ഞു: "അല്ലാഹുവിന്റെ ദൂതർ(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. സ്തുതിപാഠകരെ കണ്ടാൽ അവരുടെ മുഖത്തേക്ക് നിങ്ങൾ മണ്ണ് വാരിയിടുക."(അബൂദാവൂദ്, മുസ്‌ലിം, തുർമുദി)

ഖലീഫ ഉസ്മാൻ(റ)നെ അമിത പ്രശംസ നടത്തിയതാണ് സംഭവം. ഭരണാധികാരികളെയും സംഘടനാ നേതാക്കളെയും അവരുടെ സന്നിധിയിൽ അമിതമായി പ്രശംസിച്ചും മഹത്വങ്ങൾ എടുത്ത് പറഞ്ഞും ഇല്ലാത്ത വിശേഷണങ്ങൾ വെച്ചുകെട്ടിയും സംസാരിക്കുന്ന ചിലയാളുകളുണ്ട്. ബന്ധപ്പെട്ടവരുടെ പ്രീതിസമ്പാദിക്കാനും സ്ഥാനമാനങ്ങൾ നേടിയെടുക്കാനും മറ്റു സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടിയുമാണ് അങ്ങനെ ചെയ്യുന്നത്. അത്തരം സ്തുതിപാഠകർ വളരെ തരംതാഴ്ന്ന ഏർപ്പാടാണ് ചെയ്യുന്നതെന്ന് തിരുവാക്യം സൂചിപ്പിക്കുന്നു. അവരുടെ മുഖത്തേക്ക് മണ്ണ് വാരിയിടാൻ നബി(സ) പറഞ്ഞതിന്റെ പൊരുളതാണ്.

അധികാരസ്ഥരായ ഭരണകർത്താക്കളെയും ഉന്നതപദവിയിലുള്ള രാഷ്ട്രീയ നേതാക്കളെയും സമ്പന്നന്മാരെയും വേദിയിലിരുത്തി മുഖസ്തുതി പാടി അവരെ 'മൂച്ചിന്മേൽ' കയറ്റുന്ന പ്രവണത സാർവത്രികമായി കണ്ടുവരുന്നു. അങ്ങനെ'യാക്കി'വെച്ചാൽ ഞാനി

പ്പോൾ ഉയരുന്നുണ്ട് എന്ന തോന്നൽ ‘തന്നെ പൊക്കി’കളായ പല ആളുകൾക്കുമുണ്ട്താനും. സ്വന്തത്തെ കുറിച്ചുള്ള ‘വലുതാക്കി പറയൽ’ പലർക്കും പാൽപായസമാണ്. അത് മറ്റൊരാളിൽനിന്നാകുമ്പോൾ പ്രത്യേകിച്ചും അത്തരക്കാർ സായൂജ്യമടയുകയും ചെയ്യും. അറിവും അന്തസ്സുമുണ്ടെന്ന് വിചാരിക്കപ്പെടുന്ന പല ഉന്നതന്മാരും ‘തൻപോരിമ’യിൽ ഊറ്റം കൊള്ളുന്നവരാണ്. തിരിച്ചറിവില്ലാത്ത അറിവ് പ്രയോജനപ്രദമല്ല എന്നതിന്റെ ഒരു തെളിവാണിത്. മുഖസ്തുതി പറയപ്പെടുന്ന വ്യക്തി അത്തരക്കാരനാകുമ്പോൾ അവന്ന് അകപ്പെരുമ അനുഭവപ്പെടുകയും അഹംഭാവിയായി മാറുകയും ചെയ്യുന്നു. ഞാൻ ‘വലിയവൻ’ തന്നെയാണ് എന്ന തോന്നൽ വ്യക്തിയെ ദുഷിപ്പിക്കുകയേ ചെയ്യൂ! വിനയവും എളിമയുമാണ് ജീവിതത്തിൽ മനുഷ്യൻ വെച്ചുപുലർത്തേണ്ടത്. അതിനു പകരം വ്യക്തിയെ അഹംഭാവിയും പൊങ്ങച്ചക്കാരനുമാക്കാൻ മുഖസ്തുതി കാരണമാകുന്നു. അതുകൊണ്ടാണ് ഒരാളുടെ മുഖത്ത് നോക്കി അയാളെ പ്രശംസിക്കുന്നതിനെ വിലക്കുന്നത്.

നമ്മുടെ സമ്മേളനങ്ങളിലെയും പൊതുപരിപാടികളിലെയും മുഖ്യ ഇനമായ സ്വാഗതപ്രസംഗം പലപ്പോഴും വ്യക്തികളെ സ്റ്റേജിലിരുത്തി മുഖസ്തുതി പറയുന്ന നിലയിൽ നിലവാരം കുറഞ്ഞുപോകാറുണ്ട്. അതിഥികളെ സദസ്യർക്ക് പരിചയപ്പെടുത്തുക, അവരെ യോഗത്തിലേക്ക് സ്വാഗതം ചെയ്യുക, സമ്മേളനോദ്ദേശ്യം വ്യക്തമാക്കുക-ഇതൊക്കെയാണ് സ്വാഗതപ്രസംഗത്തിന്റെ ആവശ്യകത. ഈ സീമകളെല്ലാം മറികടന്ന് ജനങ്ങൾക്ക് സുപരിചിതമായ വ്യക്തിത്വങ്ങളെ പോലും അമിതമായി പ്രകീർത്തിക്കാനും പ്രശംസിക്കാനും വിലപ്പെട്ട സമയം ഉപയോഗപ്പെടുത്തി ശ്രോതാക്കളെ കയറില്ലാതെ കെട്ടിയിടുന്ന സ്വാഗതപ്രസംഗകരുടെ മുഖത്തേക്ക് മണ്ണ് വാരിയിടുക തന്നെയാണ് വേണ്ടത്.

മുഖസ്തുതി പറയുന്നതിൽ അഹങ്കാരമോ ആത്മനിർവൃതിയോ തോന്നാത്ത ധാരാളം നേതാക്കളുണ്ട്. അത്തരക്കാരെക്കുറിച്ച് അമിതമല്ലാത്ത പ്രശംസ നടത്തുന്നത് കുറ്റകരമാകുന്നില്ല. മറ്റുള്ളവർക്ക് വ്യക്തിയെ മനസ്സിലാക്കാനും നന്മയിൽ അവരെ പിന്തുടരാനും അത് ഉപകരിക്കും. മാത്രമല്ല, അങ്ങനെയുള്ള വ്യക്തിത്വങ്ങൾക്ക് അവരെ കുറിച്ചുള്ള പ്രശംസകൾ വിനയം വർധിപ്പിക്കുകയേയുള്ളൂ. അതൊരിക്കലും അവരെ അഹംഭാവികളാക്കയില്ല. ബനൂആമിർ ഗോത്രക്കാരുടെ ഒരു നിവേദകസംഘം ഒരിക്കൽ നബി(സ)യുടെ അടുത്തു വന്നു. സംസാരത്തിനിടയിൽ നബി(സ)യോട് പറഞ്ഞു: “താങ്കൾ ഞങ്ങളുടെ സയ്യിദാണ്.” നബി(സ) പ്രതികരിച്ചു: “സയ്യിദ് അല്ലാഹുവാണ്.” വീണ്ടും അവർ പറഞ്ഞു: “താങ്കൾ ഞങ്ങളിലെ ശ്രേഷ്ഠനാണ്. ഞങ്ങളിലെ വലിയ ഉദാരനുമാണ്.” നബി(സ) പറഞ്ഞു: “നിങ്ങൾ എന്നെ കുറിച്ച് ഇതൊക്കെ പറഞ്ഞു കൊള്ളൂ. പക്ഷേ, പിശാച് നിങ്ങളെ നയിക്കാതിരിക്കട്ടെ.”(അബൂദാവൂദ്, അഹ്മദ്)

സയ്യിദ് അല്ലാഹുവാണ് എന്ന് നബിതിരുമേനി(സ) പറഞ്ഞതിന്റെ താൽപര്യം അല്ലാഹുവിന്റെയും മീതെ നിൽക്കുന്ന സയ്യിദായി എന്നെ നിങ്ങൾ കണക്കാക്കരുത് എന്നാണ്. കാരണം നബി(സ) തന്നെ സ്വന്തത്തെ കുറിച്ച് “ഞാൻ ആദം സന്തതികളുടെ സയ്യിദ് (നേതാവ്) ആകുന്നു” എന്ന് പറഞ്ഞ ഹദീസുകളുണ്ട്. നബി(സ) അങ്ങനെ പറഞ്ഞിരുന്നില്ലെങ്കിൽ നമുക്കത് അറിയാൻ മാർഗമില്ലായിരുന്നു. അത് പോലെ അറിയേണ്ട കാര്യങ്ങൾ പലതും തന്നെക്കുറിച്ച് നബി(സ) പറഞ്ഞുതന്നിട്ടുണ്ട്.

അധികാരസ്ഥാനങ്ങളിലും നേതൃതലങ്ങളിലും സ്തുതികീർത്തനങ്ങൾ മാത്രം ശ്രവിച്ച് മുന്നോട്ടുപോകുന്ന പലരും അവസാനം നാശഗർത്തത്തിൽ അകപ്പെട്ടുപോകാറുണ്ട്. സ്തുതിപാഠകർ പറയുന്നതു പോലെ തന്നെയാണ് കാര്യങ്ങൾ എന്ന് അവർ ധരിച്ചുവക്കുന്നു. എതിരഭിപ്രായങ്ങളോ പോരായ്മകളോ അത്തരക്കാർ കേൾക്കാറില്ല. കേട്ടാൽ തന്നെ അത് മുഖവിലക്കെടുക്കുകയുമില്ല. അവസാനം അവർ മുതുകൊടിഞ്ഞവരായി പിൻവലിയേണ്ടി വരുന്നു. ഒരാളെ കുറിച്ച് മറ്റൊരാൾ അമിതമായി പ്രശംസിക്കുന്നത് നബി(സ) കേട്ടു. നബി(സ) പറഞ്ഞു: “നിങ്ങൾ ആ മനുഷ്യന്റെ (പ്രശംസിക്കപ്പെട്ടവന്റെ) മുതുക് ഒടിച്ചുകളഞ്ഞിരിക്കുന്നു.” (ബുഖാരി-മുസ്ലിം)

സ്തുതിപാഠകർ പുകഴ്ത്തുന്ന വ്യക്തിയെ നശിപ്പിച്ചുകളയുകയാണ് ചെയ്യുന്നതെന്ന് ഈ തിരുവാക്യം വ്യക്തമാക്കുന്നു.

മുഖസ്തുതി പറയുന്നതിൽ അഹങ്കാരമോ ആത്മനിർവൃതിയോ തോന്നാത്ത ധാരാളം നേതാക്കളുണ്ട്. അത്തരക്കാരെക്കുറിച്ച് അമിതമല്ലാത്ത പ്രശംസ നടത്തുന്നത് കുറ്റകരമാകുന്നില്ല. മറ്റുള്ളവർക്ക് വ്യക്തിയെ മനസ്സിലാക്കാനും നന്മയിൽ അവരെ പിന്തുടരാനും അത് ഉപകരിക്കും. മാത്രമല്ല, അങ്ങനെയുള്ള വ്യക്തിത്വങ്ങൾക്ക് അവരെ കുറിച്ചുള്ള പ്രശംസകൾ വിനയം വർധിപ്പിക്കുകയേയുള്ളൂ. അതൊരിക്കലും അവരെ അഹംഭാവികളാക്കയില്ല.

# നിബന്ധനകൾ പാലിച്ചാൽ സുന്നി ഐക്യത്തിന് തയ്യാർ: ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ

**മലപ്പുറം:** നിബന്ധനകൾ പാലിച്ചാൽ സുന്നി ഐക്യത്തിന് തയ്യാറാണെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ ജനറൽ സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ പറഞ്ഞു. നാല് നിബന്ധനകളാണ് സമസ്ത മുന്നോട്ട് വെച്ചത്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പേര് ഉപയോഗിക്കാതെ മറുപക്ഷം അവർ രജിസ്റ്റർ ചെയ്ത സുന്നി ജംഇയ്യത്തുൽ ഉലമയുടെ പേര് ഉപയോഗിക്കുക. സമസ്തയുടെ സ്ഥാപനങ്ങൾ കയ്യേറാതിരിക്കുക, കയ്യേറിയവ തിരിച്ചു നൽകുക, സമസ്തക്കും സ്ഥാപനങ്ങൾക്കും എതിരായ മുഴുവൻ കേസുകളും പിൻവലിക്കുക എന്നിവയാണവ.

ഐക്യം യാഥാർത്ഥ്യമാക്കുന്നതിന് സമസ്ത അങ്ങേയറ്റം വിട്ടുവീഴ്ചകൾക്കു തയ്യാറായിട്ടുണ്ട്. മർകസ്, ജാമിഅ സമ്മേളനങ്ങൾ ഓരേ തിയ്യതി വന്നപ്പോൾ ജാമിഅ സമ്മേളനത്തിന്റെ തിയ്യതി മാറ്റാൻ തയ്യാറായതും ഇതിന്റെ ഭാഗമായിരുന്നു. മുസ്‌ലിംലീഗിന്റെ സമ്മർദ്ദങ്ങൾക്കും വിധേയമായിട്ടായിരുന്നില്ല ഈ വിട്ടുവീഴ്ചകൾ. എന്നാൽ ഈജിപ്തിലെ ഗ്രാന്റ് മുഫ്തിയുടെ ജാമിഅയിലെ പരിപാടി മുടക്കിയാണ് കാന്തപുരം ഇതിനോടു പ്രതികരിച്ചത്.

നിബന്ധനകൾക്കു വിധേയമായി ഐക്യത്തിന് ഇനിയും ഒരുക്കമാണ്. എന്നാൽ വഞ്ചനാപുരമായ നടപടിയിൽ വീഴാൻ ഇനി സമസ്തയെ കിട്ടില്ലെന്നും ചെറുശ്ശേരി പ്രസ്താവനയിൽ അറിയിച്ചു.

## 'മദ്റസകൾ സാമൂഹ്യ നന്മക്ക്'

**മുള്ളൂർക്കര:** വളർന്ന് വരുന്ന തലമുറക്ക് മതവിജ്ഞാനം പകർന്ന് നൽകുക വഴി സമൂഹത്തിനും രാജ്യത്തിനും അഖണ്ഡതക്കും വലിയ സംഭാവനയാണ് മദ്റസകൾ നൽകുന്നതെന്ന് സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ ജില്ലാ സെക്രട്ടറി ബശീർ ഫൈസി ദേശമംഗലം പറഞ്ഞു. സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'മുഅല്ലിം ഡേ'യുടെ ഭാഗമായി ആറ്റൂർ നൂറുൽ ഉലൂം മദ്റസയിൽ സംഘടിപ്പിച്ച കൺവൻഷനിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മഹല്ല് ഖതീബ് സി.എം.അബൂബക്കർ ദാരിമി കൺവൻഷൻ ഉദ്ഘാടനം ചെയ്തു. മഹല്ല് പ്രസിഡന്റ് കെ.എം.മുഹമ്മദ് ഹാജി അധ്യക്ഷത വഹിച്ചു. സദർ മുഅല്ലിം പി.മുഹമ്മദലി മുസ്‌ലിയാർ പ്രസംഗിച്ചു.

# മതവിദ്യാഭ്യാസം മനുഷ്യനെ ഉത്തമനാക്കുന്നു: കോഴിക്കോട് ഖാസി

**ചാലിയം:** മദ്റസ വിദ്യാഭ്യാസം കൊണ്ട് കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി മാറ്റാനും സ്വന്തത്തെ തിരിച്ചറിയാനുമുള്ള അറിവുമാണ് നേടിയെടുക്കുന്നതെന്ന് കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി അഭിപ്രായപ്പെട്ടു.

മുഅല്ലിം ഡെയുടെ ഭാഗമായി ചാലിയം മുനവ്വിറുൽ ഉസ്‌ലാം മദ്റസയിലെ പരിപാടികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു തങ്ങൾ.

തുടർന്ന് നടന്ന സിയാറത്തിന് ഇ. റഫീഖ് ഫൈസി നേതൃത്വം നൽകി. മഹല്ല് സംഗമം മഹല്ല് ട്രഷറർ വി.ഖാദറിന്റെ അധ്യക്ഷതയിൽ സയ്യിദ് നജ്മുദ്ദീൻ പൂക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്തു.

സി.എം. സ്വാബിർ ഖാസിമി കുന്നംകുളം മുഖ്യപ്രഭാഷണം നടത്തി. കെ. മജീദ്, വി.പി.കുഞ്ഞിമുഹമ്മദ്, ആർ.വി. അസീസ് ഫൈസി പ്രസംഗിച്ചു. വി.കെ.ശരീഫ് സ്വാഗതവും നവാസ് വഹബി നന്ദിയും പറഞ്ഞു.



*കാസർഗോഡ് ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ നിർമിച്ച് നൽകുന്ന വീടിന്റെ താക്കോൽദാന കർമ്മം അബ്ദുല്ല മാസ്റ്റർ കൊട്ടപ്പുറം നിർവഹിക്കുന്നു*

● മദ്റസാ അധ്യാപക ക്ഷേമനിധി

# തെറ്റ് തിരുത്തണം: കോട്ടുമല ബാപ്പു മുസ്‌ലിയാർ

**കോഴിക്കോട്:** മദ്റസാ അധ്യാപകർക്ക് വേണ്ടി സംസ്ഥാന സർക്കാർ രൂപകൽപന ചെയ്ത ക്ഷേമനിധി പദ്ധതി പലിശയിലധിഷ്ഠിതമായതിനാൽ അപേക്ഷകർ താൽപര്യം കാണിക്കുന്നില്ലെന്നും പലിശരഹിതമാക്കി പുനഃക്രമീകരിക്കാൻ ശ്രമിക്കുമെന്നും വകുപ്പ്മന്ത്രി പാലോളി മുഹമ്മദ് കുട്ടിയുടെ പൊന്നാനി പ്രസ്താവന നേരിന്റെ വിജമാണെന്ന് സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി കോട്ടുമല ടി.എം.ബാപ്പു മുസ്‌ലിയാർ പ്രസ്താവിച്ചു.

പലിശയുമായി ഒരുനിലക്കും സന്ധിയാവില്ലെന്ന മതപണ്ഡിതന്മാരുടെ കൂട്ടായ തീരുമാനം അഭിനന്ദനാർഹവും കേരളത്തിലെ ഇസ്‌ലാമിക ദഅ്‌വാ പ്രവർത്തനങ്ങൾ വിജയം വരിച്ചു എന്നതിന്റെ തെളിവാണെന്നും അദ്ദേഹം കൂട്ടിചേർത്തു.

സമസ്തയെ മാറ്റി നിർത്തി ഇടതുപക്ഷം കൊണ്ടുവരാൻ ശ്രമിച്ച പദ്ധതി മതവിരുദ്ധമായത് സ്വാഭാവികമാണെന്നും തറ്റ് തിരുത്താനുള്ള സന്നദ്ധത സന്തോഷകരമാണെന്നും അദ്ദേഹം പറഞ്ഞു.



എസ്.വൈ.എസ്. മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച ശിൽപശാല സംസ്ഥാന വൈസ് പ്രസിഡന്റ് പി.കെ.ഇമ്പിച്ചിക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

## റെയ്ഞ്ച് മാനേജ്മെന്റ് കൺവൻഷൻ

**മലപ്പുറം:** മലപ്പുറം റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ സംഘടിപ്പിച്ച മദ്റസാ മാനേജ്മെന്റ് കൺവൻഷൻ ഇരുമ്പുഴി ജലാലിയ്യ മദ്റസയിൽ നടത്തി. റെയ്ഞ്ചിലെ 23 മദ്റസകളിൽ നിന്നുള്ള മാനേജ്മെന്റ് പ്രതിനിധികൾ കൺവൻഷനിൽ സംബന്ധിച്ചു.

കൊട്ടപ്പുറം അബ്ദുല്ല മാസ്റ്അർ വിഷയമവതരിപ്പിച്ചു. റെയ്ഞ്ച് പ്രസിഡന്റ് എം.കെ.എ.ഖാദിർ ബാഖവി ഫള്ഫരി അധ്യക്ഷത വഹിച്ചു. റെയ്ഞ്ച് പ്രസിഡന്റ് മുഹമ്മദലി മുസ്‌ലിയാർ ആനക്കയം സ്വാഗതവും നന്ദിയും പറഞ്ഞു.

# യുവതലമുറയുടെ സംശുദ്ധ ജീവിതത്തിനു മതവിദ്യാ അനിവാര്യം: ഹമീദലി ശിഹാബ് തങ്ങൾ

**ഫറോക്ക്:** വളർന്നുവരുന്ന യുവതലമുറ എല്ലാ രംഗങ്ങളിലും അധാർമികമായി അധഃപതിക്കുന്നതിനും അനാശാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതിനും പ്രധാന കാരണം മതവിദ്യായുടെ അഭാവമാണെന്നും വിദ്യനൽകേണ്ട പ്രായത്തിൽ ആവശ്യമായ മതവിദ്യനൽകി ധാർമിക ബോധത്തോടെ വളർത്തികൊണ്ടു യുവാക്കളെ സമൂഹത്തിന് ഉപകരിക്കുന്നവരാക്കി മാറ്റുവാൻ രക്ഷിതാക്കൾ തയ്യാറാകണമെന്നും അതിന് എല്ലാ മദ്റസകളെയും പ്ലസ്ടുവരെ ഉയർത്തികൊണ്ടുവന്ന് അതിന് സാഹചര്യം ഒരുക്കുവാൻ മദ്റസാ ഭാരവാഹികൾ തയ്യാറാകണമെന്നും പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ പ്രസ്താവിച്ചു.

ഫറോക്ക് റെയ്ഞ്ച് സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീന്റെയും റെയ്ഞ്ച് മദ്റസാ മാനേജ്മെന്റ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാനേജ്മെന്റ്-മുഅല്ലിം ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാനേജ്മെന്റ് പ്രസിഡന്റ് കെ.മുഹമ്മദ് ബാവ അധ്യക്ഷതവഹിച്ചു. മഹല്ല് ഉപാധ്യക്ഷൻ കെ.കോയക്കുട്ടി ഹാജി പതാക ഉയർത്തി. പി.കെ. രായിൻ ലത്തീഫി പ്രാർത്ഥനയും ടി.പി.അബ്ദുൽ കരീം ശാഹ് നിസാമി ഖിറാഅത്തും നടത്തി. എസ്.വൈ.എസ്.സംസ്ഥാന സെക്രട്ടറി അബ്ദുസ്സമദ് പൂക്കോട്ടൂർ, റിയാദ് ഇസ്‌ലാമിക്സെന്റർ പ്രസിഡന്റ് കെ.എം. മുസ്തഫ ബാഖവി, മുഹത്തിശ് ഉസ്മാൻ ഫൈസി ക്ലാസെടുത്തു. ബി. സൈതലവി, വി.പി. അബ്ദുൽലത്തീഫ് ദാരിമി, കള്ളിയിൽ പരീക്കുട്ടി, പി.ടി. അശ്റഫ് ബാഖവി, കെ.കരീം മുസ്‌ലിയാർ, കെ.അഹമ്മദ്കുട്ടി ഹാജി പ്രസംഗിച്ചു. എം.ലത്തീഫ് ഹാജി സ്വാഗതവും പി. ഹസൈനാർ ഫൈസി നന്ദിയും പറഞ്ഞു.

## ഭാരവാഹികൾ

**നരിക്കുനി:** റെയ്ഞ്ച് ഭാരവാഹികളായി എം.എം. ശാഫി ഫൈസി(പ്രസിഡന്റ്), വി. അബ്ദുല്ല മുസ്‌ലിയാർ, കെ. വി. ഇബ്റാഹീം അൻവരി(വൈ.പ്രസിഡന്റ്), കെ.സാകിർ ഹുസൈൻ ദാരിമി(ജനറൽ സെക്രട്ടറി), ടി.കെ.സുലൈമാൻ മുസ്‌ലിയാർ, എ.മിഹ്ജഅ് മുഹ്സിൻ ഫൈസി(ജോ. സെക്രട്ടറി), പി.വി. അബൂബക്കർ മാസ്റ്റർ (ട്രഷറർ)

## മതപ്രഭാഷണവും ദുആ സമ്മേളനവും

**പൊന്നാട്:** യൂണിറ്റ് എസ്.കെ.എസ്.എസ്.എഫ്-എസ്.വൈ.എസ് കമ്മിറ്റികളുടെ സംയുക്ത ആഭിമുഖ്യത്തിൽ മത പ്രഭാഷണവും ദുആ സമ്മേളനവും നടത്തി.

റഹ്മത്തുല്ല ഖാസിമി മൂത്തേടം, അബ്ദുറസാഖ് ദാരിമി അറക്കൽ, അബ്ദുൽ ബാരി ഫൈസി കുമ്മിണിപറമ്പ് എന്നിവർ പ്രഭാഷണം നടത്തി.

ദുആ സമ്മേളനത്തിന് കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി നേതൃത്വം നൽകി.



മദ്റസകളിലെ സേവനവാരത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ പിണങ്ങോട് എം.എച്ച്. നഗർ സിറാജുൽ ഇസ്‌ലാം മദ്റസ വിദ്യാർത്ഥികൾ ശുചീകരണം നടത്തുന്നു

● പിണങ്ങോട്

# ഊർജ്ജപ്രതിസന്ധി

എല്ലാറ്റിനും കുറവനുഭവപ്പെടുന്നതാണ് പരിഷ്കൃത സമൂഹത്തിന്റെ മുഖമുദ്ര. ഒന്നും തികയുന്നില്ല. കറണ്ടില്ലാതെ വലഞ്ഞതാണ് പള്ളിവാസൽ മുതൽ ലാവ്‌ലിൻ വരെ എത്തിയ നൂലാമാലകൾ. യന്ത്രങ്ങൾ ചലിപ്പിക്കാനും വെട്ടം കാണാനും എന്തിന്, ചൂടൊന്നാറിക്കിട്ടാൻപോലും ഊർജ്ജം കൂടിയേ തീരൂ. ശീതീകരിച്ച സ്യൂട്ടുകളില്ലെങ്കിൽ ജനാധിപത്യംതന്നെ തകർന്നുപോകും!?

ഇയ്യിടെ ജർമ്മൻ ശാസ്ത്രജ്ഞന്മാരുടെ ഒരു കണ്ടുപിടുത്ത വാർത്ത പുറത്തുവന്നിരുന്നു. 'പോസിറ്റീവായ എനർജികൾ' നല്ല വാക്കുകൾ നിർമിക്കുന്നുണ്ടത്രെ! അപ്പോൾ വാങ്ക് വിളി, സലാം പറയൽ, ദിക്റ് സ്വലാത്തുകൾ തുടങ്ങിയവ പ്രകൃതിക്ക് പോലും നിലനിൽക്കാനാവശ്യമാണെന്നു വരുന്നു. പ്രാർത്ഥനാവിരോധികൾ പരിഷ്ക്കർത്താക്കളല്ല പക്കാ മണ്ടൻമാരാണെന്ന് പണ്ഡിതർ പറഞ്ഞതെത്ര ശരി!

രാഷ്ട്രീയപ്പാർട്ടികൾ ഊർജ്ജം സ്വീകരിക്കുന്നത് തെരഞ്ഞെടുപ്പുകളിലൂടെയാണ്. പഞ്ചായത്ത്, നിയമസഭ, പാർലിമെന്റ്, പിന്നെ വിവിധതരം പ്രാദേശിക തെരഞ്ഞെടുപ്പുകളും. ഇതിലൂടെ ഗ്രൂപ്പിസം മാത്രമല്ല ഊർജ്ജവും പാർട്ടികൾക്ക് ലഭിക്കും. തികയാതെവന്നാൽ ചെറുസംഘട്ടനങ്ങൾ, ജാഥകൾ, പ്രസ്താവനകൾ... ഇതിലൂടെയൊക്കെ നികത്തും. ആവശ്യത്തിന് ഊർജ്ജമായാൽപിന്നെ അനങ്ങില്ല. നിത്യോപയോഗ വസ്തുക്കളുടെ വില എത്ര ഉയർന്നാലും പാർട്ടികൾക്ക് ഉറങ്ങാനാവുന്നത് അത്യാവശ്യം ഊർജ്ജം സ്റ്റോക്കുള്ളതുകൊണ്ടാണ്.

സംഘടനകൾ സമ്മേളനങ്ങൾ നടത്തിയും ഊർജ്ജം ശേഖരിക്കും. ചെറുകിട നേതാക്കൾ മുതൽ തരികിട നേതാക്കൾ വരെ പ്രസംഗം പഠിക്കാനും സംഘടനാസ്പിരിറ്റ് (ഊർജ്ജം) നിലനിർത്താനും സമ്മേളനങ്ങൾ ഉപയോഗപ്പെടുത്തുന്നു.

ചിലരുടെ സമ്മേളനങ്ങൾ മാർജ്ജാരസംഗമം പോലെ കരഞ്ഞും കലമ്പിയും കലഹമുണ്ടാക്കിയും മാലോകരെ അറിയിക്കും. സ്വകാര്യമെന്തന്നറിയാത്ത പൂച്ചക്ക് നാണിക്കേണ്ട ആവശ്യമില്ല. എന്നാൽ ആഭ്യന്തരമായി നടക്കേണ്ട കാര്യങ്ങൾ മൂടിവെക്കാൻ പലർക്കുമറിയില്ല. 'കാടിക്കഞ്ഞി മൂടിക്കുടിക്കണ'മെന്നത് പഴയ തത്വശാസ്ത്രം.

ഓരോ മൂന്നു വർഷം കൂടുമ്പോഴാണത്രെ മർക്കസുകാർ ബിരുദം പരസ്യമായി കൊടുക്കുന്നത്. ആയിക്കോട്ടെ, അതവരുടെ അവകാശം. പക്ഷേ, അപ്പേരിൽ അക്കാലങ്ങളിൽ പരക്കെ കോലാഹലങ്ങൾ ഉണ്ടാക്കുന്നതെന്തിനാണെന്നാണ് മനസ്സിലാവാത്തത്.

കാരന്തൂരിൽ കാശ്മീരിൽനിന്ന് ഒരു മുടി കൊണ്ടുവന്നിട്ടുണ്ടെന്നും അത് വിശുദ്ധകേശമാണെന്നും അവർ പറയാറുണ്ട്. അവരിലൊരു വിഭാഗം അതു വിശ്വസിക്കാറുമുണ്ട്. കാശ്മീരിൽനിന്ന് ചിലർ വിവാഹം കഴിക്കലുണ്ടല്ലോ. അതൊക്കെ നാട്ടുനടപ്പ്. പിരിവിന് റസീപ്റ്റും പേനയും നാവും ചർമ്മസൗഭാഗ്യവും മതിയാതെവരുന്ന ഘട്ടത്തിൽ പലതുമാവാമെന്ന് മലയാളികൾ നന്നായി പഠിച്ചുവെച്ചിട്ടുണ്ട്.

എന്നാൽ, ഈ വർഷം മേപ്പടി മുടി മക്കയിൽനിന്നാണെത്തിയതെന്നും അത് ഒരു സ്വപ്നദർശനത്തിലൂടെയാണെന്നും ഒരു പരിഭാഷക പ്രസംഗകൻ പറഞ്ഞന്നാണ് പറയപ്പെടുന്നത്.

സമാനമല്ലെങ്കിലും ചില ഘട്ടങ്ങളിൽ വന്നുപെടുന്ന സംഗതികളുണ്ട്. 1980 ആദ്യം മർക്കസ് പ്രചരണാർത്ഥം എ.പി. അബൂബക്ർ മുസ്‌ലിയാരെ ബഹ്റൈനിലേക്ക് ഞങ്ങൾ ക്ഷണിച്ചിരുന്നു. ഗൾഫിൽ വ്യവസ്ഥാപിതമായി സുന്നി സംഘടനകൾ ഇല്ലാത്തകാലം. മലയാളികൾക്ക് അധികമൊന്നും സർക്കാർ തലങ്ങളിൽ പിടിപാടില്ലാത്ത അവസ്ഥ. ഞാനായിരുന്നു ബഹ്റൈൻ കേരള സുന്നി ജമാഅത്തിന്റെ ജനറൽ സെക്രട്ടറി.

മനാമ ടൗണിനടുത്ത 'അദ്‌ലിയ' പാക്കിസ്ഥാൻ ക്ലബ്ബിൽ ഒരു സമ്മേളനം 150 ദീനാർ വാടക നൽകി സംഘടിപ്പിച്ചു. ഒരു അറബി പ്രമുഖനെ പ്രസംഗിക്കാൻ തരപ്പെടുത്തണം. ഞാനും എ.പി. അബൂബക്കർ മുസ്‌ലിയാരും തദാവശ്യാർത്ഥം മുഹർഖ് ടൗണിലെ 'ജംഇയ്യത്തുൽ ഇസ്‌ലാഹ്' ഓഫീസിലെത്തി പേരു കൊണ്ട് മേൽസംഘടന ഒരു ബിദഈ വിഭാഗത്തിന് സ്വാധീനമുള്ളതാണെന്നറിയില്ലല്ലോ. ശൈഖ് അബ്ദുർറഹിമാൻ അൽജൂദർ എന്ന പണ്ഡിതനെ പ്രസംഗിക്കാൻ കിട്ടി. അദ്ദേഹം റാബിത്വത്തുൽ ആലമുൽ ഇസ്‌ലാമിയുടെ ബഹ്റൈനിയിൽനിന്നുള്ള പ്രതിനിധികൂടിയാണെന്നറിഞ്ഞപ്പോൾ സന്തോഷം ഇരട്ടിയായി. അഭിമാനം പല ഇരട്ടിയായി. നോട്ടീസിറക്കി. നല്ല പരസ്യവും നൽകി. മലയാളികൾ അന്തംവിട്ടു. ജനം ക്ലബ്ബിലേക്ക് ഒഴുകി.

ശൈഖ് അബ്ദുറഹിമാൻ അൽജൂദറുടെ അറബി പ്രസംഗം പരിഭാഷപ്പെടുത്താൻ എന്നെയാണ് ചുമതലപ്പെടുത്തിയത്. നല്ല പ്രഭാഷകനായിരുന്നു ശൈഖ്. റബീഉൽ അവ്വൽ മാസമാണ്. സ്വാഗതത്തിലും തുടർപ്രസംഗങ്ങളിലും നബി(സ)യുടെ മദ്ഹാണ് എല്ലാവരും പറഞ്ഞത്.

ശൈഖ് പ്രസംഗത്തിന്റെ തുടക്കത്തിൽ മദീനയിലുണ്ടായിരുന്നു. പിന്നെ വഴിമാറി ഫലസ്തീനിലെത്തി. കാശ്മീരിലൂടെ അമേരിക്ക വഴി ഈജിപ്തിലെ ഇഖ്‌വാനീങ്ങളുമായി ബന്ധപ്പെട്ടു പിന്നീട് എത്തിയത് ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ മൗദൂദിയിലാണ്. ഏതായാലും ശൈഖിന്റെ പ്രസംഗത്തിലുള്ള പറയാൻ പറ്റുന്ന ഭാഗം ഞാൻ പരിഭാഷപ്പെടുത്തി. അല്ലാത്തവ 'കട്ട്' ചെയ്തു. ഈ ദുരനുഭവം ഞാനോർത്തത് അന്ന് ആദർശത്തെ മാനിക്കുന്നതു കൊണ്ടാണ് അങ്ങനെ ചെയ്തത്. എന്നാലും ശൈഖ് പറയാത്തതൊന്നും ഞാൻ പറഞ്ഞിട്ടില്ല. പറഞ്ഞത് ചിലത് പറഞ്ഞിട്ടില്ലെന്നേ ഉള്ളൂ. അതായത് നുണ പറഞ്ഞിട്ടില്ലെന്ന് സാരം. എ.പി.അബൂബക്ർ മുസ്‌ലിയാരും സംഘടനയുടെ അറബിഭാഷ അറിയുന്ന നിരവധി നേതാക്കളും സാക്ഷി. ഇക്കൊല്ലം പറയാത്തത് മർക്കസിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടെങ്കിൽ വലിയ അളവിൽ കടുത്ത ഊർജ്ജപ്രതിസന്ധി അവർ നേരിടുന്നുണ്ടെന്നാണ് കരുതേണ്ടത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉഖ്റവിയായ ഉലമാക്കളാൽ നയിക്കപ്പെടുന്ന സമസ്തയിൽ ഊർജ്ജപ്രതിസന്ധി ഇല്ലെന്നു മാത്രമല്ല, മിച്ചവും ഉണ്ട്. അതാണ് സമസ്തയിൽ ഒരു ഘട്ടത്തിലും പവർകട്ടില്ലാത്തത്. അല്ലാഹുവിന് ശുക്റ്.